**പന്ത്രണ്ടാം കേരള നിയമസഭ**

ഒന്നാം സമ്മേളനം

**നിയമസഭാ നടപടികൾ സംഗ്രഹം**

2006 ജൂൺ 26, തിങ്കൾ

(ചോദ്യോത്തരങ്ങൾ ഒഴികെ)

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തരസമയം)

**ശ്രദ്ധ ക്ഷണിക്കൽ**

<u>മാവേലിക്കര താലൂക്കിലെ പാലമേൽ വില്ലേജിൽ കാലവർഷത്തിൽ ഒരു വ്യക്തിക്ക് ജീവഹാനി സംഭവിച്ചതടക്കം ഉണ്ടായ നാശനഷ്ടം</u>

<u>ശ്രീ. കെ.കെ. ഷാജു</u>: കനത്തകാലവർഷംമൂലം ആലപ്പുഴ ജില്ലയിൽ ജീവഹാനിയും വസ്തുവകകൾക്ക് നാശനഷ്ടങ്ങളും സംഭവിച്ചിരിക്കുകയാണ്. പാടശേഖരങ്ങളും കൃഷിനിലങ്ങളും നികത്തുന്നതും മറ്റ് ജലസംഭരണികൾ നിർബാധം മൂടുന്നതുംമൂലം വെള്ളം ഒഴുകിപ്പോകുന്നതിന് തടസ്സം നേരിടുന്നു. കടൽക്ഷോഭം രൂക്ഷമായിരിക്കുന്നു. ദീർഘവീക്ഷണത്തോടെയുള്ള സമീപനം ഇക്കാര്യത്തിൽ ഉണ്ടാകണം. ഭൂമി നികത്തലിനെതിരെ ആവശ്യമായ നടപടികൾ സ്വീകരിക്കണം. ആലപ്പുഴ ജില്ലയിൽ 166 വീടുകൾ പൂർണ്ണമായും 9624 വീടുകൾ ഭാഗികമായും നശിച്ചു. ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി അനുവദിച്ച ഒരു കോടി രൂപ തീരെ അപര്യാപ്തമാണ്. വീടുകൾക്കുമാത്രം 1,55,69,000 രൂപയുടെ നഷ്ട

പരിഹാരം കൊടുക്കേണ്ടിവരും. കൃഷിവിളകൾക്കുണ്ടായ നഷ്ടം തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. 1994-ൽ പ്രഖ്യാപിച്ചിട്ടുള്ള നാശനഷ്ട തോതാണ് ഇപ്പോഴും നിലവിലുള്ളത്. കൃഷിക്കാർക്കുണ്ടാകുന്ന നാശനഷ്ടവുമായി താരതമ്യം ചെയ്താൽ ഇത് അങ്ങേയറ്റം പരിഹാസ്യമായ തോതാണ്. കേന്ദ്രത്തിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തി ഈ തോത് വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. മരണപ്പെട്ടവരുടെ ആശ്രിതർക്ക് കൊടുക്കുന്ന തുക ഒരു ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. കാലവർഷക്കെടുതിയിൽ ദുരിതമനുഭവിക്കുന്ന പ്രളയബാധിത പ്രദേശങ്ങളിലുള്ള മുഴുവൻ ആളുകൾക്കും സൗജന്യ റേഷൻ നൽകണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): കാലവർഷം വീണ്ടും ശക്തിപ്രാപിച്ചതോടെ ഇതുസംബന്ധിച്ചുള്ള ധാരാളം നിവേദനങ്ങളും ലഭിക്കുന്നുണ്ട്. ആലപ്പുഴ ജില്ലയിൽ 31-5-2006-ന് വ്യാപകമായ തോതിൽ കടലാക്രമണവും കൃഷിനാശവും സംഭവിച്ചിരുന്നു. 31-5-2006-ന് വെള്ളത്തിൽപ്പെട്ട് മരണപ്പെട്ട മാവേലിക്കര താലൂക്കിലെ പാലമേൽ വില്ലേജിൽ ശശിയുടെ ആശ്രിതർക്ക് 50,000 രൂപയും ശ്രീ. പ്രസാദിന്റെ മകൻ ശരത് മരണപ്പെട്ടതിന് 15,000 രൂപയും ധനസഹായം നൽകിയിട്ടുണ്ട്. കൃഷിനാശം തിട്ടപ്പെടുത്തി കിട്ടുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം കൊടുക്കുന്നതാണ്. വീട് പൂർണ്ണമായി തകർന്നവർക്ക് 15,000 രൂപയും ഭാഗികമായി തകർന്നവർക്ക് 5,000 രൂപവരെയും എന്നത് വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം വീണ്ടും ഇക്കാര്യം ചർച്ച നടത്തുന്നതാണ്. ഇതുസംബന്ധിച്ച് സംസ്ഥാന ഗവൺമെന്റ് ആവശ്യമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ രണ്ടു വർഷംമുമ്പ്

കേന്ദ്രത്തിൽനിന്നും പല തവണ ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി അയച്ചിരുന്നില്ല. ഇപ്പോൾ വിശദമായ റിപ്പോർട്ട് അയച്ചിട്ടുണ്ട്. റവന്യൂവകുപ്പ് കമ്മീഷണർ കേന്ദ്രത്തിൽ കാര്യങ്ങൾ ധരിപ്പിക്കുന്നുണ്ട്. മണലൂറ്റുന്നത് തടഞ്ഞില്ലെങ്കിൽ കേരളത്തിൽ വ്യാപകമായ ദുരന്തങ്ങൾ ആവർത്തിക്കും. വെള്ളം ഒഴുകി പോകാത്തത് സംബന്ധിച്ച് നടപടി സ്വീകരിച്ചിട്ടുണ്ട്. ആഭ്യന്തരം, തദ്ദേശ സ്വയംഭരണം, റവന്യൂ എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും ഡി.ജി.പി. ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥരേയും ഉൾപ്പെടുത്തി ചർച്ച ചെയ്ത് തീരുമാനമെടുത്ത് അതാത് കളക്ടർമാരെ അറിയിച്ച് നടപടികൾ സ്വീകരിക്കുകയാണ്. തഹസിൽദാരുടെ നേതൃത്വത്തിൽ പോലീസ് ഉദ്യോഗസ്ഥരുടെ സ്ക്വാഡ് രൂപീകരിച്ച് മിന്നൽ പരിശോധന നടത്തുന്നതിനും മൊബൈൽ ഫോൺ നമ്പർ പത്രങ്ങളിൽ പ്രസിദ്ധീകരി ക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്. ഇതിന് ജില്ലാകളക്ടറും എസ്.പി.യും മേൽനോട്ടം വഹിക്കണം. നിയമാനുസൃതമായി അനുവദിക്കപ്പെട്ട കടവുകളിൽനിന്ന് മണലെടുക്കുന്ന തൊഴിലാളികളുടെ കാര്യം വിവേചന ത്തോടെ കൈകാര്യം ചെയ്യാൻ പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. അനധികൃതമായി വെള്ളക്കെട്ടുണ്ടാക്കുന്നതിനും പ്രകൃതിക്ഷോഭം ഉണ്ടാ കുന്ന വിധത്തിൽ മണലെടുക്കുന്നതിനുമെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതിന് ഏവരുടേയും സഹായ സഹകരണങ്ങൾ ആവശ്യമാണ്. പ്രളയബാധിത പ്രദേശങ്ങളിൽ ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ കൊടുക്കുന്നതു സംബന്ധിച്ച ഉത്തരവിൽ മോഡിഫിക്കേഷൻ വരുത്തി നടപടി സ്വീകരിച്ചിട്ടുണ്ട്.

(2) കശുവണ്ടി മേഖലയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ

ശ്രീ. എ. എ. അസീസ്: അര ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന, സംഘടിത വ്യവസായമായ കശുവണ്ടി മേഖലയിൽ ഗുരുതരമായ പ്രശ്നങ്ങൾ സംജാതമായിരിക്കുകയാണ്. പൊതുമേഖല, സഹകരണ മേഖല, സ്വകാര്യ മേഖല എന്നീ പല തട്ടുകളിലായി നടക്കുന്ന കശുവണ്ടി വ്യവസായ മേഖലയിൽ സഹകരണ-പൊതുമേഖലാ സ്ഥാപനങ്ങൾ ചട്ടങ്ങളും നിയമങ്ങളും അനുസരിച്ച് പ്രവർത്തിക്കുമ്പോൾ ഭൂരിഭാഗം സ്വകാര്യ സ്ഥാപനങ്ങളിലും ചട്ടങ്ങളും നിയമങ്ങളും പാലിക്കപ്പെടുന്നില്ല. അവിടെ തൊഴിലാളികൾക്ക് പൂർണ്ണമായും അവകാശങ്ങൾ നിഷേധിക്കുന്നു. ഒരു വിഭാഗം ആളുകൾ നിശ്ചിത തുകയ്ക്ക് തോട്ടണ്ടി വാങ്ങി കമ്മിഷൻ അടിസ്ഥാനത്തിൽ വറുപ്പ് നടത്തുന്നു. ഇതുമൂലം ശരിയായ തൊഴിലാളികൾക്ക് തൊഴിൽ നിഷേധിക്കപ്പെടുന്നു. 1967-ലെ നിയമം മൂലം സർക്കാർ കുടിൽ വ്യവസായം പാടേ നിരോധിച്ചിരുന്നു. എങ്കിലും പല വീടുകളിലും കുടിൽ വ്യവസായമെന്ന നിലയ്ക്ക് കശുവണ്ടി പ്രോസസ്സ്ചെയ്ത് കൊടുക്കുന്നുണ്ട്. പതിനൊന്നാം കേരള നിയമസഭയിൽ ബന്ധപ്പെട്ട വകുപ്പുമന്ത്രി രേഖാമൂലം നൽകിയ ഉത്തരത്തിൽ 553 പ്രോസസ്സിംഗ് യൂണിറ്റുകളും 172 ഫില്ലിംഗ് ആന്റ് പാക്കിംഗ് സെന്ററുകളുമുൾപ്പെടെ സംസ്ഥാനത്ത് 725 രജിസ്റ്റേർഡ് കശുവണ്ടി ഫാക്ടറികളുള്ളതായി പറഞ്ഞിട്ടുണ്ട്. ആകെയുള്ള 2,39,032 തൊഴിലാളികളിൽ ഇ.എസ്.ഐ.പരിധിയിൽ വരുന്നവർ 1,17,697 പേരും പി.എഫ്.ന്റെ പരിധിയിൽ വരുന്നവർ 1,30,344 പേരും ക്ഷേമനിധിയിൽ അംഗങ്ങളായുള്ളവർ 1,42,330 പേരുമാണ്. ബാക്കിയുള്ള തൊഴിലാളികൾക്ക് യാതൊരു പരിരക്ഷയുമില്ല. ആ തൊഴിലാളികളെ ഉടമകൾ ചൂഷണം ചെയ്യുകയും നിയമം നിഷേധിക്കുകയുമാണ് ചെയ്യുന്നത്. പഴയ പല പ്രമുഖ വ്യവസായ

സ്ഥാപനങ്ങളും അടച്ചുപൂട്ടിയതുമൂലം തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഇല്ലാതായി. അടച്ചുപൂട്ടിയ 56 സ്ഥാപനങ്ങളും തുറക്കുന്നതിനുവേണ്ടി സി.ഐ.ടി.യു., എ.ഐ.ടി.യു.സി., യു.ടി.യു.സി. പോലുള്ള യൂണിയനുകൾ സംയുക്ത ആക്ഷൻ കൗൺസിൽ രൂപീകരിച്ച് സമരം നടത്തുന്നുണ്ട്. അടിസ്ഥാന-ഭൗതിക സൗകര്യങ്ങൾ പരിശോധിച്ചതിനുശേഷം വേണം പുതിയ ഫാക്ടറികൾക്ക് ലൈസൻസ് കൊടുക്കേണ്ടത്. ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സിൽനിന്നും ശരിയായ രീതിയിൽ ഇൻസ്പെക്ഷൻ നടത്താതെ ലൈസൻസ് കൊടുക്കുന്ന ഇപ്പോഴത്തെ സമ്പ്രദായം ശരിയല്ല. പഴയ പല ഫാക്ടറികളും റിയൽ എസ്റ്റേറ്റുകാർ വിലയ്ക്കുവാങ്ങി പൊളിച്ചുവിൽക്കുകയുംമറ്റും ചെയ്യുന്നതുമൂലം അവിടത്തെ തൊഴിലാളികളുടെ സുരക്ഷ ഇല്ലാതാവുകയാണ്. ഫാക്ടറി ഉടമകൾക്ക് തങ്ങളുടെ സ്ഥലം വാടകയ്ക്ക് കൊടുക്കാനോ വിൽക്കാനോ അവകാശമുണ്ടെങ്കിലും തൊഴിലാളികളുടെ സുരക്ഷ ഉറപ്പാക്കേണ്ടതുണ്ട്. എല്ലാ തൊഴിലാളികളെയും ഇ.എസ്.ഐ.,. പി.എഫ്. മറ്റ് ആശ്വാസ ക്ഷേമ പദ്ധതികൾ എന്നിവയ്ക്ക് കീഴിൽ കൊണ്ടുവരണം. അവരിൽനിന്നും ഈടാക്കുന്ന വിഹിതം പ്രസ്തുത സ്കീമുകളിൽ അടയ്ക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി <u>(ശ്രീ. പി. കെ. ഗുരുദാസൻ)</u> : ബഹമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യങ്ങൾ ഗവൺമെന്റ് പരിശോധിച്ച് നട പടിക്ക് വിധേയമാക്കിക്കൊണ്ടിരിക്കുകയാണ്. കാഷ്യൂ വ്യവസായത്തിൽ രജി സ്റ്റർ ചെയ്ത 725 ഫാക്ടറികളിൽ 553 എണ്ണം പ്രോസസ്സിംഗ് യൂണിറ്റുകളാണ്. അതിൽ പ്രമുഖ വ്യവസായികളുടെ 56 ഫാക്ടറികൾ അടച്ചുപൂട്ടിയിരിക്കുക യാണ്. അനാരോഗ്യകരമായ കിടമത്സരം ഈ വ്യവസായത്തെ തകർക്കുന്ന തിനാൽ ചില വ്യവസായികൾ ജോലി നിർത്തിവച്ച് സ്ഥാപനങ്ങൾ അടച്ചു

പൂട്ടാൻ ഇടയായിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 2003 ആഗസ്റ്റ് 25–നാണ് കാഷ്യൂ കോർപ്പറേഷന്റെ ഫാക്ടറികൾ തുറന്നുപ്രവർത്തിച്ചത്. അതിനുശേഷം 2003–ൽ 18 ദിവസവും 2004–ൽ 18 ദിവസവും മാത്രം പ്രവർത്തിച്ചു. 2005–ലാണ് കെ.എസ്.സി.ഡി.സി. ഫാക്ടറികൾ പ്രവർത്തിച്ച് റെഗുലർ ജോലി നടന്നത്. വർക്കേഴ്സിന്റെ അവകാശങ്ങൾ നൽകി മാതൃകാപരമായി വ്യവസായം നടത്തുന്ന കെ.എസ്.സി.ഡി.സി. ഫാക്ടറികൾ ദീർഘകാലം പ്രവർത്തനരഹിതമായത് വ്യവസായ രംഗത്തെ അവകാശനിഷേധം വർദ്ധിക്കുന്നതിന് ഇടയാക്കി. തൊഴിലാളികൾ നിരന്തരം സമരം സംഘടിപ്പിച്ചതിന്റെ ഫലമായി നേടിയെടുക്കുന്ന അവകാശങ്ങൾതന്നെ നഷ്ടപ്പെടുന്ന സ്ഥിതിയിൽ ഈ രംഗം കുത്തഴിഞ്ഞു. പൊതുമേഖലാ സ്ഥാപനമായ കെ.എസ്.സി.ഡി.സി. യെയും കാപ്പെക്സിനെയും മാതൃകാ സ്ഥാപനങ്ങളായി പ്രവർത്തിപ്പിക്കുന്നതിനുള്ള പദ്ധതികൾക്ക് ഈ ഗവൺമെന്റ് വ്യക്തമായ രൂപം നൽകി വരികയാണ്. ബഡ്ജറ്റുവഴി ലഭിക്കുന്ന 15 കോടി രൂപ ഇതിനുവേണ്ടി ഉപയോഗപ്പെടുത്തുന്നതാണ്. കെ.എസ്.സി.ഡി.സി. ക്കുള്ള ഭീമമായ കടബാദ്ധ്യത തീർക്കുന്നതിനുവേണ്ടി അനുവദിച്ച 20 കോടി രൂപ അപര്യാപ്തമാണെങ്കിലും ഈ തുകയും ബാങ്കുകൾവഴി ലഭിക്കുന്ന തുകയും ഉപയോഗപ്പെടുത്തി പൊതുമേഖലാ സ്ഥാപനങ്ങളെ പ്രവർത്തനക്ഷമമാക്കും. കശുവണ്ടി വ്യവസായത്തിൽ ശക്തിയായി ഇടപെടാനും പൊതുമേഖലയെ കരുത്തുറ്റതാക്കിക്കൊണ്ട് സ്വകാര്യ മേഖലയിലെ നിയമന നിഷേധവും അനാരോഗ്യകരമായ മത്സരവും അവസാനിപ്പിക്കുന്നതോടൊപ്പം അടച്ചിട്ട സ്വകാര്യ ഫാക്ടറികൾ അടിയന്തിരമായി തുറപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കാനും ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. പെൻഷൻ കുടിശ്ശിക ഇനത്തിൽ 10.75 കോടി രൂപ നൽകാനുണ്ട്. ക്ഷേമനിധിയിലേയ്ക്ക്

ഗവൺമെന്റ് നൽകേണ്ട 5.34 കോടി രൂപ ഇപ്പോൾ അനുവദിച്ചിട്ടുണ്ട്. ഈ തുക അടക്കം 6.86 കോടി രൂപ 12 മാസത്തെ പെൻഷൻ കുടിശ്ശിക ഇനത്തിൽ 43,764 തൊഴിലാളികൾക്ക് ഉടനെ നൽകുന്നതാണ്. ഇ.എസ്.ഐ., പി.എഫ്., ക്ഷേമനിധി വിഹിതങ്ങൾ തുടങ്ങിയവ പിരിച്ചെടുക്കുന്നതിൽ ബന്ധപ്പെട്ട വകുപ്പുകൾ കാണിക്കുന്ന കൃത്യവിലോപംമൂലം തൊഴിലാളികളുടെ ക്ഷേമ പദ്ധതികൾ ലഭ്യമാകാത്ത സ്ഥിതിയുണ്ട്. ഇതിന് പരിഹാരമുണ്ടാക്കാൻ ഗവൺമെന്റ് കർശന നടപടികൾ സ്വീകരിക്കുന്നതാണ്. ഓരോ വർഷവും കോടിക്കണക്കിന് രൂപയുടെ വിദേശ നാണ്യം നേടിത്തരുന്ന വ്യവസായമാണ് കശുവണ്ടി. അതിൽ 75 ശതമാനവും കേരളമാണ് സംഭാവന ചെയ്യുന്നത്. ആ വ്യവസായം വളർത്തിയെടുക്കാനും നവീകരിക്കാനും തോട്ടണ്ടി ഉൽപ്പാദനം കേരളത്തിൽ വർദ്ധിപ്പിക്കാനും ലക്ഷ്യമാക്കിയാണ് ഈ ഗവൺമെന്റ് പ്രവർത്തിക്കുന്നത്. കൊല്ലം ആസ്ഥാനമായി പ്രവർത്തിച്ചിരുന്ന കാഷ്യൂ സ്പെഷ്യൽ ഓഫീസ് പുന:സ്ഥാപിക്കാനും ഒരു സീനിയർ ഐ.എ.എസ്. ഉദ്യോഗസ്ഥനെ കാഷ്യൂ സ്പെഷ്യൽ ഓഫീസറായി നിയമിക്കാനുമുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. നിലവിലുള്ള എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തും. ഫാക്ടറി നിയമങ്ങൾ ലംഘിക്കുന്ന ഫാക്ടറി ഉടമകൾക്കെതിരെ കർശന നടപടി സ്വീകരിക്കാൻ മുൻകൈയെടുക്കുന്നതാണ്. കുടിലുകളിൽ തോട്ടണ്ടി പ്രോസസ്സ് ചെയ്യുന്ന സമ്പ്രദായം ജനകീയ പങ്കാളിത്തത്തോടെയും ജനപ്രതിനിധികളുടെ സഹായത്തോടെയും അവസാനിപ്പിക്കാനുള്ള കർശന നടപടി സ്വീകരിക്കും. ഇ.എസ്.ഐ., പി.എഫ്., ക്ഷേമ പദ്ധതികൾ എന്നിവ ഫലപ്രദമായി പുന:സ്ഥാപിക്കാനുള്ള നടപടി സ്വീകരിക്കും.

**സബ്മിഷൻ**

(1) <u>കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പുതുക്കുറിച്ചിയിലുണ്ടായ ആക്രമണം</u>

<u>ശ്രീ. എം. എ. വാഹീദ്</u>: കഴക്കൂട്ടം നിയോജകമണ്ഡലത്തിലെ പുതുക്കുറിച്ചിയിൽ 25-6-06-ന് ഉണ്ടായ ആക്രമണത്തിൽ 18 പേർ മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിലാണ്. 3 മാസം മുമ്പുണ്ടായ ചെറിയ തർക്കത്തിന് ഞാനും അവിടത്തെ പാരിഷ് കമ്മിറ്റിയും ഇടപെട്ട് ഒത്തുതീർപ്പാക്കിയെങ്കിലും ഒരു മാസത്തിനുമുമ്പ് വീണ്ടും പ്രശ്നമുണ്ടായി. അത് സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുകയാണ്. വളരെ പെട്ടെന്നാണ് ഇന്നലെ ഉച്ചയ്ക്കുശേഷം രാഷ്ട്രീയപ്രേരിതമായ ആക്രമണം ഉണ്ടായത്. അവിടത്തെ കോൺഗ്രസ്സുകാരെ തെരഞ്ഞുപിടിച്ച് ഉപദ്രവിക്കുകയും അവരുടെ മത്സ്യബന്ധനോപകരണങ്ങൾ നശിപ്പിക്കുകയും ചെയ്തു. വിഴിഞ്ഞത്തുനിന്നും കൊണ്ടുവന്ന, ബോംബ് ആക്രമണത്തിന് പരിശീലനം കിട്ടിയവരുടെ ആക്രമണത്തിൽ സ്ത്രീകളുൾപ്പെടെ 18 പേർ മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. നിരന്തരമായി തീരപ്രദേശത്ത് ചെറുതും വലുതുമായ പ്രശ്നങ്ങൾ നടക്കുകയാണ്. ജനപ്രതിനിധികളും പഞ്ചായത്ത് പ്രസിഡന്റും ഇടപെട്ട് പ്രശ്നങ്ങൾ തീർത്തുകൊണ്ടുവരുമ്പോൾ പഞ്ചായത്ത് പ്രസിഡന്റ് കോൺഗ്രസ്സുകാരനായതുകൊണ്ടുമാത്രം അവിടത്തെ സി.പി.ഐ.(എം.) നേതൃത്വത്തിലുള്ള ഗുണ്ടാസംഘം പല സ്ഥലങ്ങളിലായി ആക്രമണം നടത്തുകയാണ്. ഒരു ഭാഗത്ത് ബോംബാക്രമണവും മറുഭാഗത്ത് രൂക്ഷമായ കടലാക്രമണവുമാണ്. വിഴിഞ്ഞത്തുനിന്ന് മാർക്സിസ്റ്റ് പാർട്ടി ലോക്കൽ കമ്മിറ്റി കൊണ്ടുവന്ന അക്രമികൾ പോലീസിനു നേരെയാണ് ബോംബെറിഞ്ഞത്. മൂന്നര മണിക്കൂറിനുശേഷമാണ് പോലീസിന് അവിടെ വരാൻ കഴിഞ്ഞത്.

പോലീസുകാരെ ആക്രമിക്കാൻ നേതൃത്വം കൊടുക്കുന്ന അക്രമിസംഘം തീര പ്രദേശത്ത് രൂപംകൊണ്ടിരിക്കുകയാണ്. വലയും വള്ളവും നഷ്ടപ്പെട്ട മത്സ്യ ത്തൊഴിലാളികൾക്കും ആക്രമണത്തിന് വിധേയരായവർക്കും നഷ്ടപരി ഹാരവും സാമ്പത്തിക സഹായവും നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : തിരുവനന്തപുരം ജില്ലയിൽ കഠിനംകുളം പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട പുതുക്കുറിച്ചിയിൽ ഏപ്രിൽ മാസം മുതൽ അയൽപക്കക്കാർ തമ്മിലുള്ള വഴക്കുകളെത്തുടർന്ന് അഭിപ്രായവ്യത്യാസ മുണ്ടാകുകയും കഴക്കൂട്ടം പോലീസ് സ്റ്റേഷനിൽ മൂന്ന് കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്. കഴക്കൂട്ടം സർക്കിൾ ഇൻസ്പെക്ടർ. ഇരുവിഭാഗക്കാരെയും വിളിച്ച് പ്രശ്നപരിഹാരത്തിന് ശ്രമം നടത്തിയെങ്കിലും 24-06-2006-ന് ഇരുവിഭാഗക്കാരും തമ്മിൽ സംസാരിച്ച് വാക്കുതർക്ക മുണ്ടാവുകയും 25-06-2006-ന് ഉച്ചയ്ക്കുശേഷം പരസ്പരം ഏറ്റുമുട്ടുകയും സംഘർഷാവസ്ഥ സൃഷ്ടിക്കുകയും 18 പേർക്ക് പരിക്കുപറ്റുകയും ചെയ്തു. ഇത് സംബന്ധിച്ച് കഠിനംകുളം പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരികയാണ്. ഉയർന്ന പോലീസ് ഉദ്യോഗസ്ഥർ സ്ഥലത്ത് എത്തുകയും പിക്കറ്റിംഗ് ഏർപ്പെടുത്തുയും പട്രോളിംഗ് ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണ്. ആ പ്രദേശത്ത് സമാധാനം പുനഃസ്ഥാപിക്കാ നാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്.

(2) <u>കാലവർഷക്കെടുതിമൂലം തീരപ്രദേശത്തെ ജനങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ</u>

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള:</u> കാലവർഷക്കെടുതിമൂലം കഴിഞ്ഞ രണ്ട് ദിവസമായി തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളടക്കമുള്ള ആളുകൾ പട്ടിണിയിലാണ്. ഭവനം നഷ്ടപ്പെട്ട ആയിരക്കണക്കിന് ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിലാണ്. ഇതുവരെ 5 പേർ മരിച്ചു. സൗജന്യ റേഷൻ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ഉത്തരവ് സമയത്ത് ഇറങ്ങാത്തതുകൊണ്ടും എ.പി.എൽ/ബി.പി.എൽ. ലിസ്റ്റിലെ അപാകതകൊണ്ടും സൗജന്യ റേഷൻ കിട്ടുന്നില്ല. ഫ്ളഡ് അഫക്ടഡ് ഏരിയയിലുള്ള എല്ലാ എ.പി.എൽ./ ബി.പി.എൽ.കാർക്കും സൗജന്യ റേഷൻ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ഭവനരഹിതരായവർക്ക് ഭവനം നിർമ്മിച്ചുകൊടുക്കണം. ദുരിതാശ്വാസ ക്യാമ്പുകളിൽ താമസിക്കുന്നവർക്ക് പകർച്ചവ്യാധി ഉണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ.പി. രാജേന്ദ്രൻ</u>): ദുരിതാശ്വാസ ക്യാമ്പുകൾ എല്ലായിടത്തും ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. കടലിനോട് ചേർന്ന് താമസിക്കുന്നവർക്ക് പ്രത്യേകം സ്ഥലം വാങ്ങി വീട് വച്ച് കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. എ.പി.എൽ./ ബി.പി.എൽ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനായി ഉത്തരവ് മോഡിഫൈ ചെയ്യാൻ നിർദ്ദേശം കൊടുത്തിട്ടുണ്ട്. എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ പ്രളയബാധിതപ്രദേശങ്ങളിലെ എല്ലാവർക്കും സൗജന്യ റേഷൻ നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ ശുപാർശയനുസരിച്ച് കിട്ടിയപണം ഉപയോഗിച്ച് കടൽഭിത്തി കെട്ടുക, പുലിമുട്ടിടുക എന്നിവയ്ക്കാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

തീരദേശമേഖലയുമായി ബന്ധപ്പെട്ടുകൊണ്ട് സുനാമി ബാധിത പ്രദേശം എന്നുള്ള നിലയ്ക്ക് കടലോര മേഖലയിലെ ജില്ലകൾക്ക് ഇപ്പോൾ അനുവദിച്ചുകിട്ടിയ സംഖ്യ ഉപയോഗിച്ചുകൊണ്ട് ഏറ്റവും ഫലപ്രദമായ വിധത്തിൽ അവിടത്തെ ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നവിധത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. തീരദേശ എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടേയും മന്ത്രിമാരുടെയും യോഗത്തിൽ ഉണ്ടായ നിർദ്ദേശങ്ങൾ അംഗീകരിച്ച് നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. വീണ്ടും യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ നിർദ്ദേശങ്ങൾകൂടി അംഗീകരിച്ചുകൊണ്ട് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്.

### (3) <u>ദിനേശ് ബീഡി സഹകരണ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധി</u>

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി</u>: 1969–ൽ കണ്ണൂരിലാരംഭിച്ച ദിനേശ് ബീഡി വർക്കേഴ്സ് ഇൻഡസ്ട്രിയൽ കോ–ഓപ്പറേറ്റീവ് സൊസൈറ്റി ബീഡി വ്യവസായ മേഖലയിലെ സ്വകാര്യ സ്ഥാപനങ്ങളുടെ കടന്നുകയറ്റം കാരണം ഗുരുതരമായ പ്രതിസന്ധിയിലാണ്. ആഴ്ചയിൽ 3 ദിവസം മാത്രം ജോലി കിട്ടുന്നതുകൊണ്ട് തൊഴിലാളികൾ പട്ടിണിയിലാണ്. വ്യാജ ബീഡി സ്ഥാപനങ്ങളുടെ സ്വാധീനം നിരോധിക്കാൻ സാധിച്ചാൽ സംസ്ഥാനത്തിന് വരുമാനവും ലഭിക്കും; ബീഡി വ്യവസായത്തെ രക്ഷിക്കാനും സാധിക്കും. ബീഡിത്തൊഴിലാളികളുടെ ജീവിത പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് നിയുക്തമായ സൂരജ് കമ്മീഷൻ റിപ്പോർട്ട് പ്രാവർത്തികമാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): നാൽപ്പതിനായിരം തൊഴിലാളികൾ പണിയെടുക്കുന്ന ദിനേശ് ബീഡി സഹകരണ സംഘം മാറുന്ന ജീവിത ശൈലിയും പ്രതികൂല കമ്പോള സാഹചര്യവും കാരണം സാമ്പത്തിക അസ്ഥിരതയിലാണ്. അതിനെ സംരക്ഷിക്കാൻ വൈവിദ്ധ്യ വൽക്കരണം നടപ്പിലാക്കുകയുണ്ടായെങ്കിലും വിജയിച്ചില്ല. ദിനേശ് ബീഡി സഹകരണസംഘത്തെ പുനരുദ്ധരിക്കുന്നതിന് ഒരു പാക്കേജിന് രൂപം നൽകുന്നതാണെന്ന് നയപ്രഖ്യാപനപ്രസംഗത്തിലും വൈവിദ്ധ്യവൽക്കരണ ത്തിനുവേണ്ടി 4 കോടി രൂപ നൽകുന്നതാണെന്ന് ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിട്ടുണ്ട്. അതനുസരിച്ച് വൈവിദ്ധ്യവൽക്കരണ പരിപാടി നടപ്പിലാക്കുന്നതിന് വിശദവും സമഗ്രവുമായ പദ്ധതി തയ്യാറാക്കി വരികയാണ്.

### (4) ട്രോളിംഗ് നിരോധനത്തെത്തുടർന്ന് മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: ട്രോളിംഗ് നിരോധനവും കാലവർഷ ക്കെടുതിയുംമൂലം ദുരിതം അനുഭവിക്കുന്നവർക്ക് സൗജന്യ റേഷൻ അനുവദിക്കണം. അഞ്ചുതെങ്ങ് പഞ്ചായത്തിലെ താഴംപള്ളി, പൂന്തുറ പ്രദേശങ്ങളിൽ കടലാക്രമണം രൂക്ഷമായതുകൊണ്ട് അടിയന്തിരമായി മണൽ ചാക്ക് അടുക്കുകയോ കല്ല് അടുക്കുകയോ കടൽഭിത്തി കെട്ടുകയോ ചെയ്യേണ്ടതാണ്. വീടുകൾ സംരക്ഷിക്കാനും ട്രോളിംഗ് നിരോധനംമൂലം സംജാതമായിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കാനും നടപടികൾ സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ) ബാലകൃഷ്ണൻ നായർ കമ്മീഷൻ റിപ്പോർട്ടനുസരിച്ച് മത്സ്യ സമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായാണ് ജൂൺ 15 മുതൽ ജൂലായ് 29 വരെ 45 ദിവസത്തേയ്ക്ക് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തിയത്. ഈ കാലയളവിൽ ട്രോളിംഗ് നിരോധനം കാരണം തൊഴിൽ നഷ്ടപ്പെടുന്ന 40,000-ത്തോളം വരുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ പോലുള്ള ആശ്വാസ നടപടികൾ സ്വീകരിക്കാൻ കഴിയുമോയെന്ന കാര്യം ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചുവരുന്നു. അടുത്ത ക്യാബിനറ്റിൽ ഇക്കാര്യം ചർച്ച ചെയ്യുന്നതാണ്. കടൽഭിത്തിയുടെ കാര്യത്തിൽ ഇറിഗേഷൻ വകുപ്പുമന്ത്രി യുമായി ചർച്ച നടത്തിയിട്ടുണ്ട്.

(5) അടൂർ ഗവൺമെന്റ് സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം പണി പൂർത്തിയാക്കാത്തതിനാൽ രോഗികൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: അടൂർ ഗവൺമെന്റ് സ്പെഷ്യാലിറ്റി ആശുപത്രി കെട്ടിടം പണി എത്രയും വേഗം പൂർത്തിയാക്കി രോഗികൾക്ക് മെച്ചപ്പെട്ട ചികിത്സാ സൗകര്യം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): അടൂർ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന്റെ ബഹുനില കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഒരു കോടി തൊണ്ണൂറ്റി ഒൻപത് ലക്ഷം രൂപയുടെ ഭരണാനുമതിയുണ്ട്. അതിൽ 39.950 ലക്ഷം രൂപ എം.ജി.പി. ഫണ്ടിൽ ഉൾപ്പെടുത്തി നൽകിയിട്ടുണ്ട്. കെട്ടിടം പണി നടന്നുവരുന്നു. പൈലിംഗ് പണി തീർത്ത് പില്ലറിന്റെ കോൺക്രീറ്റ് പണി പുരോഗമിച്ചു

കൊണ്ടിരിക്കുകയാണ്. ബാക്കി പണി പണം ലഭ്യമാകുന്ന മുറയ്ക്ക് പൂർത്തിയാക്കുന്നതാണ്.

(6) കെ.എസ്.ടി.പി.-യെക്കൊണ്ട് അടിയന്തിരമായി റോഡ് പണി ആരംഭിപ്പിക്കുന്നതു സംബന്ധിച്ച്.

ശ്രീ.കെ.വി.കുഞ്ഞിരാമൻ: കാസർഗോഡ്-കാഞ്ഞങ്ങാട് കെ.എസ്.ടി.പി. റോഡ് രണ്ടാംഘട്ട അപ്ഗ്രഡേഷനിൽ ഉൾപ്പെടുത്തി ടെണ്ടർ നടപടികൾ പൂർത്തിയാക്കി 2005 മേയ് മാസത്തിന് മുമ്പ് പണി ആരംഭിക്കാൻ സാധിക്കുമെന്ന് പറഞ്ഞിരുന്നുവെങ്കിലും റോഡിന്റെ നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല. ഈ റോഡിന്റെ പണി പൂർത്തിയാക്കാൻ അടിയന്തിര നടപടി സ്വീകരിക്കണം. 6 വർഷമായി അറ്റകുറ്റപ്പണികൾ നടക്കുന്നില്ല. രാത്രി മഴയത്ത് ചടയങ്കോട് ഭാഗത്ത് മണ്ണിടിഞ്ഞ് വീണ് ഗതാഗതം പൂർണ്ണമായി തടസ്സപ്പെട്ടിരിക്കുകയാണ്.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്) കെ.എസ്.ടി.പി. കാസർഗോഡ്.-കാഞ്ഞങ്ങാട് റോഡ് പണി ഇതുവരെ ഏറ്റെടുത്തിട്ടില്ല. ഒരിക്കൽ ടെണ്ടർ ചെയ്തുവെങ്കിലും സ്ഥലം ലഭ്യമല്ലാത്തതു കാരണം പണി തുടങ്ങാനായില്ല. 2001-ൽ ലാന്റ് അക്വിസിഷനു പണം ലഭ്യമാക്കിയിട്ടും അത് നടക്കാതിരുന്നതിനാൽ ഇപ്പോൾ 532 കോടി രൂപ അധികം വേണ്ടി വന്നിരിക്കുകയാണ്. രണ്ടാമത് ടെണ്ടർ ചെയ്തപ്പോൾ നിരക്ക് കൂടുതലായതു കാരണം പണം നൽകിയിട്ടില്ല. ഈ റോഡിന്റെ മണ്ണിടിഞ്ഞ ഭാഗത്തെ മണ്ണ് നീക്കം ചെയ്താൽ അടുത്തുള്ള വീട് നിലംപതിക്കും. ഈ റോഡിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി നടത്താൻ റോഡ്സ് ആന്റ് ബ്രിഡ്ജസ് വിഭാഗത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. മണ്ണിടിച്ചിൽമൂലമുണ്ടായ ഗതാഗത തടസ്സം

മാറ്റി ഗതാഗതം പുന:സ്ഥാപിക്കാൻ പൊതുമരാമത്തു വകുപ്പ് അടിയന്തിര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(7) കൊച്ചി നഗരത്തിലെ കുടിവെള്ളക്ഷാമം

ശ്രീ.കെ.ബാബു. കൊച്ചിയിലേയും സമീപ പഞ്ചായത്തുകളിലേയും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിയിലേയും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് ആരംഭിച്ച ഹഡ്കോ കുടിവെള്ള പദ്ധതിയുടെ അവശേഷിക്കുന്ന പണികൾ പൂർത്തിയാക്കിയാൽ ആ പ്രദേശത്ത് കൂടുതൽ വെള്ളം വിതരണം ചെയ്യാൻ സാധിക്കും. ഹഡ്കോ പദ്ധതിയുടെ എച്ച്.എം.ടി. ജംഗ്ഷനിലെ ഇന്റർ ലിങ്കിംഗ് അടിയന്തിരമായി നടത്തിയാൽ വെള്ളത്തിന്റെ അളവ് 30 ശതമാനം വർദ്ധിക്കും. ഹഡ്കോ പദ്ധതിയുടെ നാലാമത് ടെണ്ടറിന് അംഗീകാരം കൊടുത്താൽ ഈ പദ്ധതിയുടെ വലിയൊരു ഭാഗം പൂർത്തിയാക്കാൻ സാധിക്കും. പശ്ചിമകൊച്ചി പ്രദേശത്ത് കുടിവെള്ളം വിതരണം ചെയ്യാൻ 6 കി.മി. പൈപ്പ് ലൈനിന്റെ ടെണ്ടർ അടിയന്തിരമായി നടത്തണം. കൊച്ചി ബൈപ്പാസിൽ 20 മീറ്റർ റോഡിനടിയിലൂടെ പൈപ്പിടുന്ന ജോലി പൂർത്തിയാക്കിയാൽ കുറെ പ്രദേശത്തെ കുടിവെള്ള പ്രശ്നം പരിഹരിക്കാൻ സാധിക്കും. ഹഡ്കോ പദ്ധതിക്കു പുറമേ ജവഹർലാൽ നെഹ്റു നാഷണൽ അർബൻ റിന്യൂവൽ സ്കീമിൽ ഉൾപ്പെടുത്തി കൂടുതൽ വെള്ളം ഉൽപ്പാദിപ്പിക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകണം. ചൂണ്ടി കുടിവെള്ള പദ്ധതിയുടെ പൈപ്പിടൽ നടപടി പൂർത്തിയാക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ) ഹഡ്കോ കുടിവെള്ള പദ്ധതി പൂർത്തിയാക്കുന്നതിനുവേണ്ടി ജൂലായ് 1–ാം തീയതി കൊച്ചിയിൽ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും ഒരു യോഗം

വിളിക്കാൻ തീരുമാനിച്ചിട്ടുണ്ട്. 1995-ൽ തുടങ്ങിയ ഈ പദ്ധതി പ്രവർത്തനം പല കാരണങ്ങളാൽ തടസ്സപ്പെട്ടു. ഇത് യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്. വൈപ്പിൻ പദ്ധതി 2005-ൽ കമ്മീഷൻ ചെയ്തു. എറണാകുളം പശ്ചിമകൊച്ചി പ്രദേശങ്ങളിലെ പ്രവർത്തനവും ചൂണ്ടി പദ്ധതിയുടെ പൈപ്പ് ലൈൻ, പമ്പിംഗ് മെയിൻ സംഭരണി തുടങ്ങിയവയുടെ നിർമ്മാണ പ്രവർത്തനങ്ങളും ധൃതഗതിയിൽ നടന്നുവരുന്നു. നാലാം ഘട്ട വർക്ക് അവാർഡ് ചെയ്യുന്ന കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. നാഷണൽ ഹൈവേയിൽ 40 മീറ്റർ പൈപ്പിടാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇന്റർ ലിങ്കിംഗ് പ്രോജക്ടിന്റെ വർക്ക് യുദ്ധകാലാടിസ്ഥാനത്തിൽ നടക്കുന്നു. ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷൻ അനുസരിച്ചുള്ള പദ്ധതിയുടെ തടസ്സം മാറ്റും.

(8) മരം കടപുഴകി വീണ് വിദ്യാർത്ഥിനി മരിച്ചതു സംബന്ധിച്ച്

ശ്രീ.വി.ശിവൻകുട്ടി: 22-6-06-ന് വൈകുന്നേരം കിഴക്കേകോട്ടയിൽ മരം വീണ് നദീറ എന്ന പെൺകുട്ടി മരണപ്പെട്ടു. വൈദ്യുതി പോസ്റ്റ് മറിഞ്ഞതുകാരണം രക്ഷാപ്രവർത്തനം തടസ്സപ്പെട്ടു. തലസ്ഥാന നഗരിയിലെ റോഡ് വക്കിലുള്ള മരങ്ങളെല്ലാം നിലംപൊത്താറായ അവസ്ഥയിലാണ്. മരാമത്ത് പണികളുടെ ഭാഗമായി തണൽ മരങ്ങളുടെ ചുവട്ടിലെ മണ്ണ് മാറ്റുമ്പോൾ വേര് മുറിയുന്നതുമൂലം അപകട ഭീഷണി ഉണ്ടായിരിക്കുകയും ഗതാഗതം നിയന്ത്രിക്കേണ്ട സ്ഥിതിവിശേഷം സംജാതമാകുകയും ചെയ്തിരിക്കുന്നു. ഈ തണൽ മരങ്ങൾ സംരക്ഷിക്കാനും ജനങ്ങൾക്കുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കാനും മരണപ്പെട്ട വിദ്യാർത്ഥിനിയുടെ കുടുംബത്തിന് നഷ്ടപരിഹാരം നൽകാനും സർക്കാർ നടപടി

സ്വീകരിക്കണം. ഇതുസംബന്ധിച്ച് ചർച്ച ചെയ്യാൻ ഉദ്യോഗസ്ഥരുടേയും എം.എൽ.എ–മാരുടേയും യോഗം വിളിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.പി.ജെ.ജോസഫ്): റോഡിൽ മരം വീണ് വിദ്യാർത്ഥിനി മരിച്ചത് ദൗർഭാഗ്യകരമാണ്. വഴിയരികിൽ വച്ച് പിടിപ്പിച്ചിരിക്കുന്ന മരങ്ങൾ സോഫ്റ്റ് വുഡ്ഡാണ്. റോഡ് പണിക്കാർ മരത്തിന്റെ ചുവട്ടിലെ മണ്ണ് മാറ്റുമ്പോൾ വേര് മുറിയുന്നതുമൂലം അപകടം ഉണ്ടാകുകയാണ്. ഈ മരങ്ങൾക്കുപകരം ആഞ്ഞിലിയോ പ്ലാവോ വച്ചുപിടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിന് പരിസ്ഥിതിക്കാരേയും കൂടി ഉൾപ്പെടുത്തി ഒരു യോഗം വിളിച്ചുചേർക്കുകയും കേരളത്തിൽ അപകടകരമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്യുന്നതാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി.രാജേന്ദ്രൻ) : ഈ സംഭവവുമായി ബന്ധപ്പെട്ട് ജില്ലാ കളക്ടർ പ്രസ്തുത സ്ഥലം സന്ദർശിക്കുകയും ആവശ്യമായ ആശ്വാസ നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഭക്ഷ്യ വകുപ്പുമന്ത്രിയും സ്ഥലം സന്ദർശിച്ചിരുന്നു. മരണപ്പെട്ട കുട്ടിയുടെ രക്ഷിതാക്കൾക്ക് 50000 രൂപ കൊടുക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(9) പത്തനാപുരത്തെ വിളക്കുടി പഞ്ചായത്തിൽപ്പെട്ട പുതിയതോപ്പ് ജാസ്മിൻ മൻസിലിൽ ബിസ്മിയുടെ തിരോധാനം

ശ്രീ.കെ.ബി. ഗണേഷ്കുമാർ : പത്തനാപുരത്തെ വിളക്കുടി വില്ലേജിൽ പേപ്പർ മിൽ വാർഡിൽ ജാസ്മിൻ മൻസിലിൽ ആമിനാ ബീവിയുടെ മകളായ 15 വയസ്സുള്ള ബിസ്മിയെ 17–ാംതീയതി രാവിലെ മുതൽ കാണാതായതിനെത്തുടർന്ന് ആ കുട്ടിയുടെ മാതാവ് പുനലൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകി.. ഇന്നലെ മദ്രാസ്സിലുള്ള ഒരു അജ്ഞാതമായ

സ്ഥലത്ത് കുട്ടിയുണ്ടെന്ന് വിവരം ലഭിച്ചതിനെത്തുടർന്ന് പോലീസ് അവിടെ പോയി കുട്ടിയേയും കൂടെയുണ്ടായിരുന്നവരെയും കസ്റ്റഡിയിലെടുത്തു.. എന്നാൽ കുട്ടിയുടെ അച്ഛനായി അഭിനയിച്ച് പല ഹോട്ടലുകളിൽ താമസിച്ച 50 വയസ്സുകാരനായ ചാക്കോയെ ഇതുവരെ പിടി കിട്ടിയിട്ടില്ല. പുനലൂരിലുള്ള സെൻറ് ഗൊരേറ്റീസ് സ്ക്കൂളിൽ നിന്ന് 18 വയസ്സിന് താഴെയുള്ള മൂന്നു കുട്ടികളെ കാണാതാവുകയും കുറച്ചു ദിവസം കഴിഞ്ഞപ്പോൾ തിരിച്ചുകൊണ്ടുവിടുകയും ചെയ്ത ഒരു സംഘം ആ സ്ക്കൂളിനെ ചുറ്റിപ്പറ്റി പ്രവർത്തിക്കുന്നുണ്ട്. അതിനെക്കുറിച്ചും അന്വേഷണം നടത്തണം. മകളെ കാണാതാവുകയും വേദന അനുഭവിക്കുകയും ചെയ്യുന്ന ഈ കുട്ടിയുടെ അമ്മയുടെ കയ്യിൽ നിന്ന് പല ആവശ്യങ്ങൾ നിറവേറ്റാനാണെന്ന പേരിൽ 24000 രൂപ വരെ പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥർ ചൂഷണം ചെയ്തുവാങ്ങിക്കുകയുണ്ടായി. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ വളരെ ശക്തവും മാതൃകാപരവുമായ നടപടി സ്വീകരിക്കണം..

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ( <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u> : കൊല്ലം ജില്ലയിലെ പത്തനാപുരം വിളക്കുടി ജാസ്മിൻ മൻസിലിൽ ആമിനാ ബീവിയുടെ മകൾ 15 വയസ്സുള്ള ബിസ്മി എന്ന കുട്ടിയെ 17-6-06 മുതൽ കാണാതായതിനെത്തുടർന്ന് 19-6-06-ൽ ആമിനാ ബീവി പുനലൂർ പോലീസ് സ്റ്റേഷനിൽ പരാതി നൽകിയതിന്റെ അടിസ്ഥാനത്തിൽ പുനലൂർ പോലീസ് ഒരു കേസ് രജിസ്റ്റർ ചെയ്ത് നടത്തിയ അന്വേഷണത്തിൽ വിളക്കുടി സ്വദേശി 22 വയസ്സുള്ള അനീഷുമൊത്ത് പെൺകുട്ടി പോയതായി കണ്ടെത്തി. അതിനെത്തുടർന്ന് തിരച്ചിൽ നടത്തുകയും തമിഴ്നാട്ടിൽനിന്ന് അവരെ അറസ്റ്റ്ചെയ്ത്

നാട്ടിൽക്കൊണ്ടുവരികയും ചെയ്തു. അനീഷിന് സഹായിയായി പ്രവർത്തിച്ച സന്തോഷിനേയും അറസ്റ്റ് ചെയ്തു. പെൺകുട്ടിയെ ഇന്ന് കോടതിയിൽ ഹാജരാക്കും. വിശദമായ അന്വേഷണത്തിനും തുടർ നടപടികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പുനലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന പെൺവാണിഭ റാക്കറ്റിനെപ്പറ്റി അന്വേഷണം നടത്തും. പോലീസ് സ്റ്റേഷനിൽ പരാതി നൽകാൻ പോയ അമ്മയ്ക്കുണ്ടായ ദുരവസ്ഥ കേരളത്തിൽ ആവർത്തിക്കാൻ പാടില്ല. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായി ഗവൺമെന്റ് കണക്കിലെടുത്ത് കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

(10) <u>കാഞ്ഞിരപ്പള്ളി താലൂക്കിലെ ആർ. കെ. റബ്ബേഴ്സ് ഫാക്ടറിയിൽ നിന്നും അമോണിയ ചോർച്ച ഉണ്ടാകുന്നത് സംബന്ധിച്ച്</u>

<u>ശ്രീ.അൽഫോൺസ് കണ്ണന്താനം</u>: കാഞ്ഞിരപ്പള്ളിയിൽ പ്രവർത്തിക്കുന്ന ആർ. കെ. റബ്ബേഴ്സ് ഫാക്ടറിയിൽ കഴിഞ്ഞ മൂന്ന് മാസത്തിനിടയിൽ രണ്ട് പ്രാവശ്യം അമോണിയ വാതകം ലീക്കാവുകയും പത്തിരുപത്തഞ്ച് പേർ ആശുപത്രിയിലാവുകയും ചെയ്തു. ഇതിനെത്തുടർന്ന് ജനങ്ങൾ സമരം സംഘടിപ്പിച്ചു. പൊല്യൂഷ്യൻ കൺട്രോൾ ബോർഡ് പറയുന്നത് ഇത് റെക്ടിഫൈ ചെയ്താൽ മതിയെന്നാണ്. മനുഷ്യ ജീവന് ഹാനികരമല്ലാത്ത വ്യവസായങ്ങൾ ഉണ്ടാകണം. അമോണിയ വാതകം ചോരാതിരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ</u> ) : ഈ പ്രശ്നത്തെ സംബന്ധിച്ച് രണ്ട് പ്രാവശ്യം പി. സി. ബി. ചെയർമാനുമായി ബന്ധപ്പെട്ട് അടിയന്തിരമായി റിപ്പോർട്ട് ആവശ്യപ്പെട്ടു. അമോണിയ അവിടെ സംഭരിച്ചു വയ്ക്കാൻ പാടില്ലെന്ന് ബോർഡ് കംപനിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അമോണിയ സംഭരണം അവിടെ നിന്ന് മാറ്റാമെന്ന്

കമ്പനി അധികൃതർ സമ്മതിച്ചിട്ടുണ്ട്. ഇതിനുപുറമേ ഇതുമായി ബന്ധപ്പെട്ട് അവിടത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വിശദമായി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(11) കോഴിക്കോട് മെഡിക്കൽ കോളേജ് എയിംസ്(AIIMS) നിലവാരത്തിലുള്ള ആശുപത്രിയായി ഉയർത്തേണ്ടത് സംബന്ധിച്ച്

ശ്രീ.യു.സി. രാമൻ : കാസർഗോഡ്, കണ്ണൂർ, കോഴിക്കോട്. വയനാട്. മലപ്പുറം ജില്ലകളിലെ സാധാരണ ജനങ്ങളുടെ ഏക ആശ്രയമായ കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയിൽ ഫണ്ടിന്റെ അപര്യാപ്തത മൂലം ഡോക്ടർമാരുടേയും നഴ്സുമാരുടേയും മറ്റു പാരാമെഡിക്കൽ സ്റ്റാഫിന്റേയും അപര്യാപ്തതയുണ്ട്. ഇതെല്ലാം കണക്കിലെടുത്ത് കേന്ദ്രഗവൺമെന്റിന്റെ ഭാഗത്തു നിന്ന് 'എയിംസ്' പദവിയുടെ വാഗ്ദാനം വന്നപ്പോൾ അത് കോഴിക്കോട് മെഡിക്കൽ കോളേജിന് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മലബാറിലെ മുഴുവൻ എം.എൽ.എ.മാരും ചേർന്ന് ഒരു നിവേദനം തയ്യാറാക്കി അന്നത്തെ മുഖ്യമന്ത്രിക്ക് നൽകുകയുണ്ടായി. എന്നാൽ ആ 'എയിംസ്' (എ.ഐ.ഐ.എം.എസ്) പദവി തിരുവനന്തപുരം മെഡിക്കൽ കോളേജിനാണ് ലഭിച്ചത്. കോഴിക്കോട് മെഡിക്കൽ കോളേജാശുപത്രിയോട് കടുത്ത അവഗണനയാണ് കാണിച്ചിട്ടുള്ളത്. .ഈ ആശുപത്രിക്കായി ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്ന തുക വർദ്ധിപ്പിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കോഴിക്കോട്

മെഡിക്കൽകോളേജിന് ‘എയിംസ്’ പദവി നൽകി വികസിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു നിവേദനം അന്നത്തെ മുഖ്യമന്ത്രിക്ക് നൽകിയിരുന്നു. പക്ഷേ രണ്ട് വർഷത്തിലധികമായി തിരുവനന്തപുരം മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള ഒട്ടേറെ പ്രശ്നങ്ങളുണ്ട്.. കോർപ്പറേഷൻ മേയറും മറ്റ് സന്നദ്ധ പ്രവർത്തകരും ഇന്നത്തെ നിയമവകുപ്പ് മന്ത്രിയും ഉൾപ്പെടെയുള്ളവർ ഈ സ്ഥാപനം സെന്റർ ഫോർ എക്സലൻസ് എന്ന നിലയിൽ ഉയർത്തിക്കൊണ്ട് വരണമെന്നാവശ്യപ്പെടുകയും അതിനുവേണ്ടി 400 കോടി രൂപയുടെ പ്രോജക്ട് ഗവൺമെന്റ് ഓഫ് ഇൻഡ്യക്ക് സമർപ്പിക്കുകയും ചെയ്തിരുന്നു. അത് അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി അന്നത്തെ മുഖ്യമന്ത്രി വളരെയധികം പരിശ്രമിച്ചിരുന്നു. ഇൻഡ്യയിലെ ആറ് മെഡിക്കൽ കോളേജുകളെ ‘എയിംസിന്റെ’ നിലവാരത്തിലേയ്ക്ക് ഉയർത്താൻ പോകുന്നു എന്ന് മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ വീണ്ടും ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി അയച്ചുകൊടുക്കുകയുണ്ടായി. അന്നത്തെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള എല്ലാ ജനപ്രതിനിധികളും കൂട്ടായ്മയോടുകൂടി നടത്തിയിട്ടുള്ള നീക്കത്തിന്റെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിനെ ‘എയിംസി’ന്റെ നിലവാരത്തിലേയ്ക്ക് ഉയർത്തണമെന്ന അഭിപ്രായം നിലനിൽക്കുന്ന ഘട്ടത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വന്നത്. അത്തരമൊരു സാഹചര്യത്തിൽ ഒരാഴ്ചകൊണ്ട് തീരുമാനമെടുത്ത് കേന്ദ്ര ഹെൽത്ത് ഡിപ്പാർട്ടുമെന്റിലേയ്ക്ക് അയയ്ക്കണമെന്ന് വന്നപ്പോൾ ഗവൺമെന്റിനെ സംബന്ധിച്ച് മറ്റൊന്നും ആലോചിക്കാൻ ഉണ്ടായിരുന്നില്ല. ഇത് നഷ്ടപ്പെടണമോ വേണ്ടയോ എന്നതായിരുന്നു ഏറ്റവും പ്രധാനപ്പെട്ട ചോദ്യം.

അതുകൊണ്ടുതന്നെ കഴിഞ്ഞ രണ്ട് വർഷമായി നടത്തിക്കൊണ്ടിരുന്ന നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി നമുക്ക് കിട്ടാൻ പോകുന്ന ഒരു ആനുകൂല്യം നഷ്ടപ്പെടരുതെന്ന് കരുതി തിരുവനന്തപുരം മെഡിക്കൽ കോളേജ് അതിന് അർഹതപ്പെട്ട ഒരു സ്ഥാപനമാണെന്ന നിലയിൽ കണ്ടുകൊണ്ട് ഈ പ്രൊപ്പോസൽ അയയ്ക്കുകയാണ് ചെയ്തത്. അതിനുശേഷം, പത്ത് ദിവസം മുമ്പ് കേന്ദ്ര ആരോഗ്യ വകുപ്പ് സെക്രട്ടറി ഈ ക്യാബിനറ്റിൽ അത് വരാൻ പോകുന്നില്ലെന്നും എത്രയും പെട്ടെന്ന് ഇടപെട്ടില്ലെങ്കിൽ തിരുവനന്തപുരം മെഡിക്കൽ കോളേജിന് 120 കോടി രൂപയുടെ ഈ പദ്ധതി നഷ്ടപ്പെടും എന്നുമാണ് അറിയിച്ചത്. തുടർന്ന് ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ആഫീസുമായി ബന്ധപ്പെടുകയും അദ്ദേഹം തന്നെ പ്രധാനമന്ത്രിയേയും അദ്ദേഹത്തിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയേയും ആരോഗ്യ വകുപ്പ് മന്ത്രിയേയും നേരിട്ട് വിളിച്ച് ഈ ആവശ്യം ഉന്നയിക്കുകയും ആരോഗ്യവകുപ്പുമന്ത്രി എന്ന നിലയിൽ പ്രധാനമന്ത്രി ഉൾപ്പെടെയുള്ള എല്ലാ ആളുകൾക്കും ഞാൻ കത്ത് അയയ്ക്കുകയും ചെയ്തു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ടതിനെ തുടർന്നാണ് തിരുവനന്തപുരം മെഡിക്കൽ കോളേജിന് 120 കോടി രൂപയുടെ 'എയിംസ്' നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള പദ്ധതി ലഭിച്ചിട്ടുള്ളത്. കോഴിക്കോട് മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ യാതൊരു അവഗണനയുമില്ല. വടക്കൻ മലബാറിൽ പ്രത്യേകിച്ചും ആ ഭാഗത്തുള്ള ജനങ്ങളെല്ലാം ആശ്രയിക്കുന്ന മെഡിക്കൽ കോളേജിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന്റെ അതീവ താല്പര്യത്തോടുകൂടിയുള്ള ശ്രദ്ധയുണ്ടാകും. അതിനുവേണ്ടിയുള്ള നടപടിയും സ്വീകരിക്കും.

## (12) അനങ്ങനടി, തൃക്കടിരി , മണ്ണൂർ പഞ്ചായത്തുകളിൽ കുടിവെള്ള പദ്ധതികൾ

ശ്രീ.എം.ഹംസ: ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ പ്രകൃതിദത്തമായ ജല സ്രോതസ്സ് ലഭിക്കുന്നില്ല. അത്തരം പ്രദേശങ്ങളിൽ കുടിവെള്ള പദ്ധതി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഈ പഞ്ചായത്തുകളിൽ താമസിക്കുന്നവർ കുടിവെള്ളത്തിനു വേണ്ടി വളരെയധികം ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. തൃക്കടിരി, അനങ്ങനടി, മണ്ണൂർ പഞ്ചായത്തുകളിൽ കുടിവെള്ളം എത്തിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. എൽ.ഐ.സി. മുഖേന 10 കോടി രൂപ ചെലവഴിച്ചതും 1992-ൽ തുടങ്ങുകയും ചെയ്ത ഒറ്റപ്പാലത്തുള്ള യു. ഡബ്ള്യു. എസ്.എസ്. നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അണിയംകുളം, ലക്കിടി, അമ്പലപ്പാറ പദ്ധതികളും പൂർത്തിയാക്കണം. 1961-ൽ ആരംഭിച്ച കാഞ്ഞിരപ്പുഴ പദ്ധതിയും പൂർത്തിയാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ. പ്രേമചന്ദ്രൻ): അനങ്ങനടി, തൃക്കടിരി, ചെർപ്ലശ്ശേരി പഞ്ചായത്തുകൾക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള ശുദ്ധജല വിതരണ പദ്ധതിയുടെ പ്രാഥമിക എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി ഈ വർഷത്തെ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ളതും 2002-ൽ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുള്ള മണ്ണൂർ പഞ്ചായത്തിലെ കുടിവെള്ള പദ്ധതിക്ക് 140 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി സ്റ്റേറ്റ് ലെവൽ സാംഗ്ഷനിംഗ് കമ്മിറ്റിയുടെ അനുമതിയും ധനലഭ്യതയും ലഭ്യമാകുന്ന മുറയ്ക്ക് നടപ്പാക്കുന്നതുമാണ്. ഒറ്റപ്പാലം

പദ്ധതിക്ക് 1996-ൽതന്നെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകി മിക്കവാറും പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. അവശേഷിക്കുന്ന പണികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. ലക്കിടി പദ്ധതിക്ക് 2002 ഒക്ടോബർ മാസത്തിൽ 70 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും കിണർ, പമ്പ് ഹൗസ് എന്നിവ പൂർത്തിയാക്കി ഉന്നതതല സംഭരണിയുടെ പണി പുരോഗമിച്ചുവരികയുമാണ്. 2007 മാർച്ചിൽ ഈ പദ്ധതി കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. വാണിയംകുളം ശുദ്ധജല വിതരണ പദ്ധതിക്ക് 2003-ൽ 400 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും റോ വാട്ടർ പമ്പിംഗ് മെയിൻ, ക്ലിയർ വാട്ടർ പമ്പ് സെറ്റ്, സമ്പ് തുടങ്ങിയവ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. 2006 സെപ്റ്റംബർ മാസത്തിൽ ഈ പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയും. 1961-ൽ ആരംഭിച്ച കാഞ്ഞിരപ്പുഴ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. 118 കോടി രൂപ ചെലവഴിച്ച ഈ പദ്ധതി പൂർത്തിയാക്കാൻ 4.49 കോടി രൂപ കൂടി വേണ്ടിവരും. ശേഷിക്കുന്ന പണി പൂർത്തിയാക്കി എത്രയുംപെട്ടെന്ന് പദ്ധതി കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. കാഞ്ഞിരപ്പുഴ പദ്ധതിയുടെ ഇടതുകര കനാലിൽ വെള്ളം എത്തിക്കാൻ രണ്ടാംഘട്ടം എന്ന നിലയിൽ വിഭാവനം ചെയ്തിട്ടുള്ള തുപ്പനാട് പദ്ധതിക്ക് ഇതുവരെ അംഗീകാരം ലഭിച്ചിട്ടില്ല.

(13) ഹരിപ്പാട് താലൂക്ക് ആശുപത്രിയുടെ ശോച്യാവസ്ഥ

ശ്രീ. സി. ബാബു പ്രസാദ്: ആലപ്പുഴ ജില്ലയിൽ ദേശീയപാതയുടെ സമീപത്ത് സ്ഥിതിചെയ്യുന്ന ഹരിപ്പാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിലെ അടിസ്ഥാനസൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഈ ആശുപത്രിയിലെ രോഗികൾക്ക് ഫലപ്രദമായ ചികിത്സ നൽകാൻ

കഴിയുന്നില്ല. ഇവിടെ 4 ഡോക്ടർമാരുടേയും 8 അറ്റൻഡർമാരുടേയും ഒഴിവുകൾ നികത്താനുണ്ട്. പുതിയ 4 കെട്ടിടങ്ങൾ പണി പൂർത്തിയാക്കി ഉത്ഘാടനം കഴിഞ്ഞുവെങ്കിലും ഇലക്ട്രിഫിക്കേഷനും പ്ലമ്പിംഗ് ജോലികളും നടക്കാത്തതിനാൽ പ്രവർത്തനരഹിതമാണ്. 10 കിടക്കകളുള്ള ഓപ്പറേഷൻ തീയേറ്റർ കോംപ്ലക്സ്, നീതി മെഡിക്കൽ സ്റ്റോർ എന്നിവയ്ക്ക് കെട്ടിടം പൂർത്തിയായെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഫ്രീസർ, ഇലക്ട്രിഫി ക്കേഷൻ എന്നിവയുടെ അപര്യാപ്തതമൂലം മോർച്ചറി പ്രവർത്തിപ്പിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ പീഡിയാട്രിക് വാർഡ് ചോർന്നൊലിക്കുന്ന നിലയിലാണ്. നിലവിലുള്ള ട്രോമാ കെയർ യൂണിറ്റ് പ്രവർത്തനക്ഷമമല്ല. പബ്ലിക് കംഫർട്ട് സ്റ്റേഷൻ, പോലീസ് എയ്ഡ് പോസ്റ്റ്, മാലിന്യ സംസ്ക്കരണ യൂണിറ്റ് എന്നിവ സ്ഥാപിക്കണം. ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിന് അടിയന്തിര നടപടിയുണ്ടാകണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): 64 വർഷം പഴക്കമുള്ളതും 150 കിടക്കകളുള്ളതുമായ ഹരിപ്പാട് താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ 8 അസിസ്റ്റന്റ് സർജൻമാരും 3 സിവിൽ സർജൻമാരും ഉള്ളതിൽ 2 സിവിൽ സർജന്മാരെ വർക്കിംഗ് അറേഞ്ചുമെന്റിൽ കായംകുളം, മാവേലിക്കര എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളിലേയ്ക്ക് മാറ്റിയിട്ടുണ്ട്. നഴ്സ് തസ്തികകളൊന്നും ഇപ്പോൾ ഒഴിഞ്ഞുകിടക്കുന്നില്ല. ഇവിടെ ഓപ്പറേഷൻ തീയേറ്റർ, ഇ.സി.ജി., ലബോറട്ടറി, ആംബുലൻസ്, മോർച്ചറി എന്നീ സൗകര്യങ്ങളും കാഷ്വാലിറ്റി വിഭാഗവും പ്രവർത്തിക്കുന്നുണ്ട്. കെട്ടിടങ്ങളുടെ പഴക്കംമൂലമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എം.പി. ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം

നിർമ്മിച്ചിട്ടുണ്ടെങ്കിലും ഇലക്ട്രിഫിക്കേഷൻ, പ്ലമ്പിംഗ് ജോലികൾ ബാക്കിയുണ്ട്. കേന്ദ്ര ഗവൺമെന്റിൽനിന്ന് ലഭിച്ച 34 ലക്ഷം രൂപയിൽ 33 ലക്ഷം രൂപ ചെലവഴിച്ചിട്ടുള്ളതും ബാക്കി തുക വൈദ്യുതി, പ്ലമ്പിംഗ് ജോലികൾക്കായി നീക്കിവച്ചിട്ടുള്ളതുമാണ്. ഈ ആശുപത്രിയുടെ ഇന്നത്തെ ശോച്യാവസ്ഥ മാറി കൂടുതൽ മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് ലഭ്യമാക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

## (14) കൊടകര മണ്ഡലത്തിൽ കളിമൺ വ്യവസായം നിലനിർത്തേണ്ടതിന്റെ ആവശ്യകത

പ്രൊഫ..സി. രവീന്ദ്രനാഥ്: കേരളത്തിൽ ഏറ്റവും കൂടുതൽ കളിമൺ വ്യവസായശാലകളുള്ള കൊടകര മണ്ഡലത്തിൽ ഇരുന്നൂറിലധികം ഓട്ടുകമ്പനികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പരമ്പരാഗത കളിമൺ പാത്ര നിർമ്മാണവുമായി ബന്ധപ്പെട്ട് പതിനായിരത്തോളം തൊഴിലാളികൾ ഈ മേഖലയിൽ പണിയെടുക്കുന്നുണ്ട്. കളിമണ്ണിന്റെ ലഭ്യതക്കുറവും വൈവിദ്ധ്യവൽക്കരണവും ആധുനികവൽക്കരണവും ഇല്ലാത്തതും മിനിമം കൂലി പുതുക്കാത്തതും ഈ വ്യവസായത്തോടുള്ള അവഗണനയുംമൂലം ഈ സ്ഥാപനങ്ങളെല്ലാം അടച്ചുപൂട്ടാനിടയായിരിക്കുകയാണ്. ഈ വ്യവസായം നിലനിർത്തുന്നതിന് സമഗ്രമായ ഒരു നയവും ശാസ്ത്രീയമായ രീതിയിൽ ഗവേഷണ സാദ്ധ്യതകളും ഉണ്ടാകണം.

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): കളിമണ്ണ്, വിറക് തുടങ്ങിയ അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത, വില, ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള വിപണി എന്നീ കാര്യങ്ങളിൽ അനുഭവപ്പെടുന്ന പ്രതികൂലാവസ്ഥയാണ് കളിമൺ വ്യവസായത്തെ പ്രതിസന്ധിയിലെത്തിച്ചത്. തൃശൂർ ജില്ലയിലെ പുഴയോരത്തുള്ള നെൽവയലുകളിൽ നിന്നാണ് കളിമണ്ണ്

ലഭിക്കുന്നത്. പരിസ്ഥിതി പ്രശ്നങ്ങൾമൂലം കളിമണ്ണ് ശേഖരണത്തിന് വലിയ എതിർപ്പുണ്ടാകുന്നുണ്ട്. കളിമൺ പാടങ്ങൾ വേർതിരിച്ച് നിലനിർത്തുന്നതിനും അനുയോജ്യമല്ലാത്ത പാടങ്ങളിൽനിന്ന് മണ്ണെടുക്കുന്നത് നിരോധിക്കുന്നതിനും കർശനമായ നടപടികൾ ആവശ്യമാണ്. ഓട് വ്യവസായത്തിലെ അസംസ്കൃത വസ്തുവായ കളിമണ്ണ് നെൽപ്പാടങ്ങളിൽ നിന്നെടുക്കുന്നതിന് സഹായകമായ വിധത്തിൽ ഭൂവിനിയോഗ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ട്. ഓട് വ്യവസായ രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിന് 2-9-2005-ൽ മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിന്റെ നിർദ്ദേശപ്രകാരം വ്യവസായ വകുപ്പ് ഡയറക്ടർ, മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് ഡയറക്ടർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ അന്നുതന്നെ ഈ രംഗത്തെ പ്രതിനിധികളുടെ പ്രത്യേക യോഗം ചേരുകയും തൃശൂർ ജില്ലയിലെ കളിമൺ ശേഖരങ്ങൾ അതിന്റെ കിടപ്പനുസരിച്ച് തരംതിരിക്കാനും വില്ലേജ് ആഫീസിൽനിന്ന് സർവ്വേ നമ്പർ ശേഖരിച്ച് കളിമൺ നിക്ഷേപ സ്ഥലങ്ങളായി വിജ്ഞാപനം ചെയ്യാനും പ്രസ്തുത സ്ഥലങ്ങളിൽ ലഭ്യമായ കളിമണ്ണ്, ഓട് എന്നിവ കളിമൺ പാത്ര നിർമ്മാണ വ്യവസായങ്ങൾക്കായി വികസിപ്പിക്കാൻ നടപടിയെടുക്കാനും തീരുമാനിച്ചു. അതനുസരിച്ച് മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് സർവ്വേ നടത്തി വിജ്ഞാപനം ചെയ്യാനുള്ള നടപടികൾ സർക്കാരിലേയ്ക്ക് അയയ്ക്കുകയുണ്ടായി. പൊതുജനങ്ങളുടെ താല്പര്യപ്രകാരം ഖനനം ചെയ്യുന്ന കുഴി സ്ഥലം ഉടമയോ ഖനി ഉടമയോ മൂടുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൈവിദ്ധ്യവൽക്കരണം ഉൾപ്പെടെയുള്ള മറ്റ് കാര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം സർക്കാർ ആലോചിച്ചുവരുന്നു.

(15) കാലവർഷക്കെടുതിമൂലം കല്ലുമ്മക്കായ കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ

ശ്രീ.കെ.കുഞ്ഞിരാമൻ :തൃക്കരിപ്പൂർ മണ്ഡലത്തിലെ തീരദേശമേഖല കളിലാണ് വ്യാപകമായി കല്ലുമ്മക്കായ കൃഷി നടത്തുന്നത്. 3500-ൽപരം ആളുകൾ ഇതുമൂലം ഉപജീവനം നടത്തിവരുന്നുണ്ട്. ബാങ്കുകളിൽ നിന്നും കടമെടുത്താണ് ഇവർ ഈ കൃഷി നടത്തുന്നത്. ഉപ്പുവെള്ളത്തിൽ മാത്രം നടത്താൻ സാധിക്കുന്ന ഒരു കൃഷിയാണിത്. ഇക്കഴിഞ്ഞ ശക്തമായ കാലവർഷത്തിൽ പുഴകളിൽ ശുദ്ധജലം നിറഞ്ഞതിനാൽ വിളവെടുപ്പിനു പാകമായ 200 ടൺ കല്ലുമ്മക്കായ നശിച്ചുപോയതുമൂലം 15 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിരിക്കുകയാണ്. ഒരു ഗതിയുമില്ലാത്ത പാവപ്പെട്ടവരായ ഈ ജനവിഭാഗങ്ങൾക്ക് നഷ്ടപരിഹാരം നൽകാൻ നടപടിയുണ്ടാകണം. കല്ലുമ്മക്കായയുടെ തോട് സംസ്ക്കരിച്ച് ഔഷധങ്ങൾക്ക് ഉപയോഗ പ്പെടുത്താൻ കഴിയും. അതിനാവശ്യമായ മാർക്കറ്റിംഗ് സൗകര്യം ഏർപ്പെടുത്തണം. ഈ കൃഷി കാണുന്നതിനായി നിരവധി ടൂറിസ്റ്റുകൾ കെ.ടി.ഡി.സി.യുടെ കെട്ടുവള്ളങ്ങളിൽ ഇവിടെ വരാറുണ്ട്. ടൂറിസത്തിന് വലിയ സാദ്ധ്യതയും വിദേശനാണ്യം നേടിത്തരാൻ പര്യാപ്തവുമായ ഈ മേഖലയുടെ പ്രശ്നങ്ങൾ ഗൗരവമായെടുത്ത് പരിഹാരം കാണണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ.എസ്.ശർമ്മ): കേരളത്തിന്റെ വടക്കൻ ജില്ലകളിൽ, പ്രത്യേകിച്ച് കാസർഗോഡ് ജില്ലയിൽ വ്യാപകമായി കല്ലുമ്മക്കായ കൃഷി നടത്തിവരുന്നുണ്ട്. നല്ല ഉപ്പുരസമുള്ള കായൽപ്രദേശങ്ങളിൽ സ്ത്രീകളുടെ സ്വയം സഹായ സംഘങ്ങൾ വഴിയാണ് ഇത് നടത്തുന്നത്. മൺസൂൺ ആരംഭിക്കുന്നതോടെ കായൽ പ്രദേശങ്ങളിൽ ശുദ്ധജലം കയറി ലവണരസം കുറയുന്നതോടെ ഈ കൃഷി

നശിച്ചുപോകുന്നു. തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ചില പ്രദേശങ്ങളിൽ ഇക്കഴിഞ്ഞ കാലവർഷക്കെടുതിയിൽ 150 ടൺ കല്ലുമ്മക്കായ നശിക്കുകവഴി 11.5 ലക്ഷം രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. നാശനഷ്ടങ്ങളുടെ തോത് കണക്കാക്കി ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകുകയും നടപടി സ്വീകരിക്കാനുള്ള നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. കാലവർഷക്കെടുതിമൂലം നഷ്ടപരിഹാരം അനുവദിക്കാവുന്ന വിളകളുടെ പട്ടികയിൽ കല്ലുമ്മക്കായ ഉൾപ്പെടുത്തിയിട്ടി ല്ലാത്തതിനാൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന് സഹായിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് ഇതിനെ കാർഷിക വിളകളുടെ പട്ടികയിൽ ഉൾപ്പെടുത്താൻ കേന്ദ്രഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നതാണ്. .കൂടാതെ ഏതെങ്കിലും വിധത്തിലുള്ള ഇൻഷ്വറൻസ് സ്കീമിന്റെ പരിധിയിൽ ഈ കൃഷി ഉൾപ്പെടുത്തി നഷ്ടം വരുന്ന സന്ദർഭത്തിൽ ഇൻഷ്വറൻസ് ആനുകൂല്യം കൂടി ലഭിക്കാൻ കഴിയുമോ എന്ന കാര്യം ഗവൺമെന്റ് ആലോചിക്കുന്നതാണ്.

**ക്രമപ്രശ്നം**

<u>സ്വാശ്രയ നിയമവുമായി ബന്ധപ്പെട്ട ദുരൂഹത സംബന്ധിച്ച്</u>

<u>ശ്രീ. കെ.സി. വേണുഗോപാൽ:</u> സ്വാശ്രയ നിയമവുമായി ബന്ധപ്പെട്ട ചർച്ചയിൽ ന്യൂനപക്ഷ പദവി നൽകുന്നത് സംബന്ധിച്ച് ദേശീയ വിദ്യാഭ്യാസ ന്യൂനപക്ഷ കമ്മീഷൻ സെക്രട്ടറിയും വിദ്യാഭ്യാസ സെക്രട്ടറിയും നടത്തിയ പ്രസ്താവനകൾ കൺഫ്യൂഷനുണ്ടാക്കുന്നതാണ്. ന്യൂനപക്ഷ കമ്മീഷൻ സെക്രട്ടറി പറയുന്നത് കേസിന്റെ വിചാരണ മാറ്റിവയ്ക്കാൻ സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടില്ലെന്നും അങ്ങനെയൊരു ഫാക്സ് സന്ദേശം കിട്ടിയിട്ടില്ലെന്നുമാണ്. മന്ത്രി പറയുന്നത്, കേസിന്റെ വിചാരണ

മാറ്റിവയ്ക്കാൻ ഫാക്സ് മൂലം ആവശ്യപ്പെട്ടിരുന്നത് പരിഗണിക്കാതെയാണ് തീരുമാനമെടുത്തിരിക്കുന്നതെന്നാണ്. ഒരു ഫാക്സ് സന്ദേശം അയച്ചു കഴിഞ്ഞാൽ അതിനു ഫോളോ അപ് ആയിട്ട് കത്തയക്കുന്ന രീതിയും ഇവിടെ പാലിച്ചിട്ടില്ല. 12-ാം തീയതി ഉത്തരവാദപ്പെട്ടവരുമായി ചർച്ച നടത്തിയിട്ടുണ്ടെന്ന് വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നുണ്ടെങ്കിലും സർക്കാരിനോട് ആലോചിക്കാതെയാണ് ഈ കേസ് വിചാരണ മാറ്റിവച്ചിരിക്കുന്നതെന്നു പറയുന്നത് എന്തടിസ്ഥാനത്തിലാണെന്ന് മനസ്സി ലാകുന്നില്ല. പുതിയ ഗവൺമെന്റ് ചാർജ്ജ് എടുക്കുന്നതുകൊണ്ട് ന്യൂനപക്ഷ മാനേജ്മെന്റുകളുടെ അപേക്ഷകളുടെ വിചാരണ ജൂൺ 1-ാം തീയതിക്ക് മാറ്റിവച്ചു. അന്ന് കോഴിക്കോടുള്ള ഒരു കോളേജിന് ന്യൂനപക്ഷ പദവി കൊടുത്തു. വീണ്ടും 20-ാം തീയതി കേസ് വച്ചപ്പോൾ ബന്ധപ്പെട്ട അഭിഭാഷകനോ സ്റ്റാന്റിംഗ് കൗൺസലോ ഹാജരാകാത്തത് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. ഇതിന് ഒരു ക്ലാരിഫിക്കേഷൻ വേണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ.എം.എ. ബേബി): ഇത് സംബന്ധിച്ച് ചില ആശയക്കുഴപ്പങ്ങൾ ഉണ്ടാകുന്ന തരത്തിൽ റിപ്പോർട്ടുകൾ വന്നുകൊണ്ടിരിക്കുകയാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്താണ് ന്യൂനപക്ഷപദവി സംബന്ധിച്ച കാര്യങ്ങളുമായി ബന്ധപ്പെട്ട് ഗവണ്മെന്റിന്റെ അഭിപ്രായം അറിയിക്കണമെന്ന സന്ദേശം ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ യു.ഡി.എഫ്. ഗവണ്മെന്റിന് നൽകിയതെന്നും ഇത് സംബന്ധിച്ച് മന്ത്രിസഭയുടെ ഒരു ഉപസ മിതിയെ മുൻ ഗവണ്മെന്റ് ഫെബ്രുവരി മാസത്തിൽ നിയോഗിച്ചു എന്നുമാണ് മനസ്സിലാക്കുന്നത്. ആ ഉപസമിതി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തിയോ എന്തെങ്കിലും അഭിപ്രായങ്ങൾ രൂപീകരിച്ചോ എന്ന വിവരം ലഭിച്ചിട്ടില്ല.

പുതിയ ഗവണ്മെന്റ് അധികാരം ഏറ്റെടുത്തതിനുശേഷം മേയ് 29–ാം തീയതി ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഇതു സംബന്ധിച്ച് സമയം ആവശ്യപ്പെട്ടുകൊണ്ട് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷനോട് അഭ്യർത്ഥിക്കുകയുണ്ടായി. തുടർന്ന് ജൂൺ മാസം 12–ാം തീയതി ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ സെക്രട്ടറി സംസ്ഥാന ഗവണ്മെന്റിന്റെ ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയുമായി ചർച്ച നടത്തിയ സന്ദർഭത്തിൽ ഗവണ്മെന്റിന് ഈ വിഷയത്തെക്കുറിച്ച് അഭിപ്രായം രൂപീകരിക്കാൻ സാവകാശം ആവശ്യമാണെന്ന് അഭ്യർത്ഥിക്കുകയും അത് അനുവദിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ജൂൺ 14–ാം തീയതി ഇവിടെ നിന്നും ഫാക്സ് അയച്ചത്. ദേശീയ ന്യൂനപക്ഷ കമ്മിഷൻ സെക്രട്ടറി ഫാക്സ് കിട്ടിയിട്ടില്ലായെന്ന് പറഞ്ഞത് പത്രംവഴിയാണ് അറിയുന്നത്. അയയ്ക്കാത്ത ഫാക്സ് അയച്ചുവെന്ന് സംസ്ഥാന ഗവണ്മെന്റ് പറയുമോയെന്നുള്ളത് പരിശോധിക്കപ്പെടേണ്ടതും ഫാക്സ് അയച്ചാൽ അതിന്റെ രേഖയുണ്ടാകണമെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ പറയുന്നത് വസ്തുതയുമാണ്. പുതിയ ഗവണ്മെന്റ് ചുമതലയേറ്റിട്ട് ഇതുപോലൊരു സുപ്രധാനമായ വിഷയത്തിൽ അഭിപ്രായം രൂപവൽക്കരിച്ച് അറിയിക്കാൻ സമയം വേണമെന്നുള്ളത് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയും ന്യൂനപക്ഷ കമ്മിഷൻ സെക്രട്ടറിയും തമ്മിൽ ചർച്ച ചെയ്ത് ധാരണയുണ്ടാക്കിയത് സംബന്ധിച്ചുള്ള കമ്മ്യൂണിക്കേഷൻ ഫാക്സ്മൂലം അയച്ചാൽ സ്റ്റാറ്റ്യൂട്ടറി ബോഡിയും പാർലമെന്റ് ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപവൽക്കരിക്കപ്പെട്ടതുമായ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിഷനെപ്പോലുള്ള ഒരു സമിതി സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായം ആദരിക്കുകയാണ് ചെയ്യേണ്ടത്. രണ്ടുമാസത്തെ കാലാവധി എന്നുള്ളത് ദീർഘമായ സമയമാണെന്ന് തോന്നിയാൽ ഇത്രയും

സമയം തരാൻ ബുദ്ധിമുട്ടാണെന്നും കുറേക്കൂടി ത്വരിതപ്പെടുത്തണമെന്നും സംസ്ഥാന ഗവണ്മെന്റിനെ അറിയിച്ചിരുന്നുവെങ്കിൽ അതു സംബന്ധിച്ച് എന്തുചെയ്യണമെന്ന് സംസ്ഥാന ഗവണ്മെന്റിന് ആലോചിക്കാൻ കഴിയുമായിരുന്നു. ഗവണ്മെന്റ് വളരെ മുൻഗണന നൽകി സ്വാശ്രയ പ്രൊഫഷണൽ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട ബിൽ ചർച്ച ചെയ്യുമ്പോൾ അതിന്റെ നിർവ്വചനവുമായി ബന്ധപ്പെട്ട ചില ഭാഗങ്ങളും ചർച്ചാ വിഷയങ്ങളാകും. ആ സന്ദർഭത്തിൽ ദേശീയ ന്യൂനപക്ഷ കമ്മിഷൻ സമയമനുവദിച്ചില്ലായെന്നു മാത്രമല്ല ചില കേസുകളിൽ തീരുമാനമെടുക്കാൻ വേണ്ടി നിശ്ചയിച്ച ദിവസം പ്രീപ്പോൺ ചെയ്തുകൊണ്ട് തീരുമാനമെടുത്തുവെന്നാണ് സംസ്ഥാന ഗവണ്മെന്റ് മനസ്സിലാക്കുന്നത്. രണ്ട് ഭരണ ഘടനാ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വിഷയമായതുകൊണ്ട് ഉന്നതബോധവും പക്വതയും പുലർത്തിക്കൊണ്ട് മാത്രമേ ഇതുസംബന്ധിച്ച് പരാമർശിക്കാൻ ഉദ്ദേശിക്കുന്നുള്ളൂ ന്യൂനപക്ഷങ്ങളുടെ ന്യായവും ഉത്തമവുമായ താൽപ്പര്യങ്ങൾ സംരക്ഷിക്കപ്പെടണമെന്നുള്ള കാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ അതിന്റെ പേരിൽ അനർഹമായി ആരെങ്കിലും എന്തെങ്കിലും അവകാശപ്പെട്ടാൽ അനുവദിച്ചുകൊടുക്കുകയില്ല. ഈ സഭാവേദി ഉന്നതമായ പക്വതയോടുകൂടി കൈകാര്യം ചെയ്യാൻ ഉപയോഗപ്പെടുത്തണം. .

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ അംഗം റവ.വൽസൻ തമ്പു ബഹുമാനപ്പെട്ട മന്ത്രിയുമായി നടത്തിയ ചർച്ചയിൽ ന്യൂനപക്ഷ പദവി സംബന്ധിച്ചുള്ള ഏതെങ്കിലും പ്രശ്നം സംസ്ഥാന ഗവണ്മെന്റിനുവേണ്ടി ഉന്നയിച്ചിരുന്നോയെന്ന് വ്യക്തമാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ അംഗം റവ.

വൽസൻ തമ്പു ജൂൺ 6-ാം തീയതി എന്നെ വന്ന് കാണുകയും ന്യൂനപക്ഷ ത്തിന്റെ പ്രശ്നങ്ങൾ സംബന്ധിച്ച് വിശദീകരിക്കുകയും ചെയ്തു.കേരള ത്തിൽ ഇക്കാര്യത്തിലുള്ള അഭിപ്രായ സമന്വയത്തെക്കുറിച്ചും ഇടതുപക്ഷ ജനാധിപത്യ മുന്നണി ന്യൂനപക്ഷ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ചും പ്രശംസിച്ചാണ് അദ്ദേഹം സംസാരിച്ചത്. ദേശീയ ന്യൂനപക്ഷ കമ്മിഷനുമായി സഹകരിച്ച് മുന്നോട്ടുപോകാൻ കഴിയുമെന്ന നിലയിലാണ് ആശയവിനിമയം നടന്നത്. ഇക്കാര്യം സംബന്ധിച്ച് സംസ്ഥാന ഗവണ്മെന്റിന്റെ അഭിപ്രായം അറിയിക്കാൻ ഇനിയും സമയം തരാൻ ഉദ്ദേശി ക്കുന്നില്ല എന്നുള്ള തരത്തിൽ യാതൊരു അഭിപ്രായവും അദ്ദേഹം പറ ഞ്ഞിട്ടില്ല. ഇതുസംബന്ധിച്ച് വിദ്യാഭ്യാസ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മിഷന്റെ നേതൃത്വവുമായി ആശയ വിനിമയം നടത്തുകയും സംസ്ഥാന ഗവണ്മെന്റിന്റെ സമീപനം അനുഭാവ പൂർവ്വം പരിഗണിക്കുമെന്നറിയിക്കുകയും ചെയ്തിരുന്നു.

പ്രതിപക്ഷ നേതാവ് ( ശ്രീ. ഉമ്മൻ ചാണ്ടി ) : ഗവണ്മെന്റ് ഉദ്യോഗസ്ഥ ന്മാരും മന്ത്രിയുമായി ചർച്ച ചെയ്തുവെന്നാണ് റവ. വൽസൻ തമ്പു പറ ഞ്ഞത്. ഇങ്ങനെയൊരു പ്രശ്നം കമ്മിഷന്റെ ശ്രദ്ധയിൽ കൊണ്ടുവരത്ത ക്കവിധത്തിലുള്ള ഒരു പ്രശ്നവും അദ്ദേഹത്തോട് പറഞ്ഞിട്ടില്ലായെന്ന് വ്യകതമാക്കിയിരിക്കുകയാണ്. അങ്ങനെ ഒരു വീഴ്ച വന്നതിനുശേഷം മറ്റുള്ള വരെ കുറ്റപ്പെടുത്തിയിട്ട് കാര്യമില്ല. ക്ളാരിറ്റിയില്ലാത്ത വിധത്തിലാണ് ഇവിടെ മറുപടി പറഞ്ഞത്. ഇതു സംബന്ധിച്ചുള്ള വിശദവിവരങ്ങൾ വരുന്ന ദിവസ ങ്ങളിലെങ്കിലും സഭയെ അറിയിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി ): ജൂൺ 12-ന് ഉന്നത വിദ്യാഭ്യാസ സെക്രട്ടറിയും ന്യൂനപക്ഷ

വിദ്യാഭ്യാസ കമ്മിഷൻ സെക്രട്ടറിയും തമ്മിൽ ചർച്ച നടത്തുകയും സമയമനുവദിക്കണമെന്ന് ആവശ്യപ്പെടുകയും അത് സമ്മതിക്കുകയും ചെയ്തു. അതുകഴിഞ്ഞ് രണ്ടു ദിവസങ്ങൾക്കുശേഷമാണ് ഫാക്സ് സന്ദേശമയച്ചത്. ഫാക്സ് അയച്ചതുൾപ്പെടെയുള്ള രേഖകൾ മേശപ്പുറത്ത് വയ്ക്കാം.

<u>മി. സ്പീക്കർ</u> : ഫാക്സ് അയച്ചതിൽ എന്തെങ്കിലും പിശകുണ്ടെങ്കിൽ പരിശോധിക്കാമെന്ന് മന്ത്രി പറഞ്ഞിട്ടുണ്ട്.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി )</u> : സംസ്ഥാന ഗവണ്മെന്റ് എന്തെങ്കിലും നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല എന്ന് ദേശീയ ന്യൂനപക്ഷ വിദ്യാഭ്യാസ കമ്മീഷൻ പറഞ്ഞിട്ടില്ല.

**വ്യക്തിപരമായ വിശദീകരണം**

<u>പ്രതിപക്ഷ നേതാവിന്റെ പരാമർശം സംബന്ധിച്ച്</u>

<u>ശ്രീ. അൽഫോൺസ് കണ്ണന്താനം</u> : കഴിഞ്ഞ ദിവസം പ്രതിപക്ഷനേതാവ് സംസാരിച്ചപ്പോൾ ഞാൻ അദ്ദേഹത്തോട് പറഞ്ഞിട്ടുള്ള കാര്യങ്ങൾ അദ്ദേഹം സഭയിൽ പറയുകയാണെങ്കിൽ എനിക്ക് തലയിൽ തുണിയിട്ട് നടക്കേണ്ടിവരുമെന്ന് പറഞ്ഞു. ഇന്ത്യയിലെ എല്ലാ പത്രങ്ങളിലും ഈ വാർത്ത വന്നു. 27 വർഷം ഐ.എ. എസ്. ജോലി ചെയ്ത ഞാൻ 4 വർഷം അദ്ദേഹത്തിന്റെ ജില്ലയായ കോട്ടയത്ത് ജോലി ചെയ്യുകയും കോട്ടയം ജില്ലയെ ഭൂഗോള മാപ്പിലേയ്ക്ക് കൊണ്ടുവരുകയും ചെയ്തിട്ടുണ്ട്. 27 വർഷത്തെ സുസ്ഥിരമായ ജോലിക്കിടയിലും 2006 മാർച്ച് 20-ന് ഔദ്യോഗിക സ്ഥാനം രാജിവയ്ക്കുന്നതുവരെയും എന്നെക്കുറിച്ച് ഒരു ആക്ഷേപവും ഒരാളും ഉന്നയിച്ചിട്ടില്ല. ഐ.എ.എസ്. സ്ഥാനം രാജിവച്ച് എം.എൽ.എ. ആകുന്നതിന് പ്രതിപക്ഷനേതാവ് എന്നെ സഹായിച്ചിട്ടുണ്ട്. അതിൽ അദ്ദേഹത്തോട്

എനിക്ക് ബഹുമാനമുണ്ട്. എന്നെക്കുറിച്ചുള്ള പ്രതിപക്ഷനേതാവിന്റെ പരാമർശം പിൻവലിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി) : ഞാൻ ആരെയും വേദനപ്പിക്കാനായി ഒന്നും പറഞ്ഞിട്ടില്ല. ശ്രീ.എ.കെ. ആന്റണിയെക്കുറിച്ചുവരെ പരിധിവിട്ട് സംസാരിച്ചപ്പോൾ ഇടപെടേണ്ടിവന്നു. പല പ്രാവശ്യം ബഹുമാനപ്പെട്ട മെമ്പറും ഞാനും തമ്മിൽ സംസാരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞ കാര്യങ്ങൾ ഞാൻ പുറത്തുപറയുകയാണെങ്കിൽ മുഖത്ത് തുണിയിട്ട് നടക്കേണ്ടിവരുമെന്നാണ് ഞാൻ പറഞ്ഞത്. അത് വ്യാഴാഴ്ചയാണ് പറഞ്ഞത്. വളരെ സൂക്ഷിച്ചുതന്നെയാണ് പറഞ്ഞത്. ഒരു കാര്യവും ഞാൻ മാറ്റി പറയില്ല. ശ്രീ. അൽഫോൺസ് കണ്ണന്താനം സിവിൽ സർവ്വീസിൽനിന്നുംമാറി പാർലമെന്ററി രംഗത്തേയ്ക്ക് വന്നത് സംബന്ധിച്ച് നടന്ന ചർച്ചകളെക്കുറിച്ച് പറഞ്ഞാൽ രാഷ്ട്രീയമുഖം നഷ്ടപ്പെടും എന്ന ഉദ്ദേശത്തിലാണ് പറഞ്ഞത്.

മി. സ്പീക്കർ : പേഴ്സണലായിട്ട് പറയുന്ന കാര്യങ്ങളൊക്കെ സഭയിൽ സംസാരിച്ചാൽ സഭയുടെ അന്തസ്സ് നഷ്ടമാകും. പരസ്പരം വിശ്വാസത്തോടും ധാരണയോടുംകൂടി കാര്യങ്ങൾ സംസാരിക്കണം.

<u>ബഡ്ജറ്റിലെ അയഥാർത്ഥത സംബന്ധിച്ച്</u>

ശ്രീ. കെ.എം. മാണി : സഭയിൽ അവതരിപ്പിച്ച ബഡ്ജറ്റിൽ ഗുരുതരമായ പ്രശ്നങ്ങളുണ്ട്. അത് ചർച്ച തുടങ്ങുന്നതിന് മുമ്പ് വ്യക്തമാക്കിയില്ലെങ്കിൽ ചർച്ചയുടെ ഓർഡർ തെറ്റും. കഴിഞ്ഞ ബഡ്ജറ്റിനെ അപേക്ഷിച്ച് 2006–07–ലെ ബഡ്ജറ്റിൽ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചറിൽ 16 കോടി രൂപയുടെ അധികച്ചെലവുവരും. അത് ഈ ബഡ്ജറ്റിൽ കുറച്ചുകാണിച്ചിരിക്കുകയാണ്. ടൈ–അപ്പിൽ ക്യാപ്പിറ്റൽ എക്സ്പെന്റിച്ചർ 1398.95 കോടി രൂപ എന്ന് കാണിച്ചിരിക്കുകയാണ്. 30 കോടി രൂപ കുറച്ചാണ് മൂലധനച്ചെലവ് കാണിച്ചി

രിക്കുന്നത്. അത്രയും കമ്മി വർദ്ധിച്ചിരിക്കുകയാണ്. എന്നിട്ട് കമ്മി കുറച്ച് പ്രകടിപ്പിച്ചിരിക്കുന്നത് ഓർഡറിലാണോയെന്ന് വ്യക്തമാക്കണം; ഇത് തിരുത്തണം. ഗുരുതരമായ ഈ മിസ്റ്റേക്ക് വന്നതിലൂടെ ബഡ്ജറ്റിന്റെ ക്രെഡിബിലിറ്റി നഷ്ടപ്പെട്ടിരിക്കുകയാണ്. അത് തിരുത്താതെ ചർച്ചയിലേക്ക് കടക്കുന്നത് ശരിയല്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്) : ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച വിഷയം ചർച്ചയുടെ മറുപടിയിൽ വിശദീകരിക്കാം.

**റിപ്പോർട്ട് സമർപ്പണം**

2006-ലെ കേരള പ്രൊഫഷണൽ കോളേജുകൾ (ക്യാപ്പിറ്റേഷൻ ഫീസ് നിരോധിക്കലും പ്രവേശനം നിയന്ത്രിക്കലും ചൂഷണ രഹിത ഫീസ് നിശ്ചയിക്കലും പ്രൊഫഷണൽ വിദ്യാഭ്യാസത്തിൽ നീതിയും മികവും ഉറപ്പ് വരുത്തുന്നതിനുള്ള മറ്റ് നടപടികളും) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**ഗവർണ്ണറുടെ സന്ദേശം**

2006 ജൂൺ 21-ാം തീയതി സഭ അംഗീകരിച്ച നന്ദി പ്രമേയത്തിന് കൃതജ്ഞത പ്രകാശിപ്പിച്ചുകൊണ്ട് ഗവർണ്ണർ നൽകിയ സന്ദേശം ബഹുമാനപ്പെട്ട സ്പീക്കർ സഭയെ അറിയിച്ചു.

**ധനകാര്യം**

2006-2007 സാമ്പത്തിക വർഷത്തേക്കുള്ള പുതുക്കിയ ബഡ്ജറ്റിനെ സംബന്ധിക്കുന്ന പൊതു ചർച്ച

ഡെപ്യൂട്ടി സ്പീക്കർ (ശ്രീ. ജോസ് ബേബി) : 2006-07 സാമ്പത്തിക വർഷത്തെ പുതുക്കിയ ബഡ്ജറ്റിനെ പിന്താങ്ങുന്നു. കേരളത്തിൽ സാമ്പത്തിക സാമൂഹ്യ രംഗങ്ങളിൽ ഇപ്പോൾ ഗൗരവമേറിയ പ്രശ്നങ്ങളാണുള്ളത്.

വരവുചെലവ് തമ്മിലുള്ള പൊരുത്തപ്പെടൽ, കാർഷിക രംഗത്തെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ, മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, കാപ്പി, തേയില എന്നിവയുടെ പുനരുദ്ധാരണ മാർഗ്ഗങ്ങൾ ഇവയുടെയൊക്കെ പരിഹാരങ്ങൾ എളുപ്പമല്ലെങ്കിലും നിരന്തരമായ പരിശ്രമം ആവശ്യമാണ്. പരമ്പരാഗത വ്യവസായരംഗം സജീവമാക്കുന്നതിനും സഹകരണ മേഖലയിൽ കൂടുതൽ നിക്ഷേപത്തിന് വഴി തുറക്കുന്നതിനും നിരന്തരമായ പരിശ്രമം ആവശ്യമാണ്. നാടിന്റെ താൽപ്പര്യത്തിന് അനുകൂലമായ രീതിയിൽ വിദേശ മൂലധനം സ്വീകരിക്കണം. സംസ്ഥാനത്തിന്റെ വിശാല താൽപ്പര്യം കണക്കിലെടുത്ത് ഫലപ്രദമായ നിലപാടുകളുമായി മുന്നോട്ടുപോകണം. പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിലാകുന്നത് ഫലപ്രദമായ മാനേജുമെന്റ് ഇല്ലാത്തതുകൊണ്ടാണ്. യാഥാർത്ഥ്യബോധത്തോടുകൂടിയുള്ള പ്രവർത്തനം ആവശ്യമാണ്. മാനേജുമെന്റുകൾ വൈദഗ്ദ്ധ്യമുള്ളതായിരിക്കണം. പൊതുമേഖലാസ്ഥാപനങ്ങളുടെ തലപ്പത്തിരിക്കുന്ന ഉന്നത പദവിയിലുള്ളവരുമായി തുടർധാരണ ഇല്ലാത്തത് ബുദ്ധിമുട്ടുണ്ടാക്കുന്നു. കേരളത്തിൽ സമരങ്ങൾ കാരണം നിക്ഷേപകർ വരുന്നില്ലെന്നുള്ള വസ്തുതകൾ പരിശോധിക്കാതെയുള്ള പ്രചരണം അടിസ്ഥാനരഹിതമാണ്. അനാരോഗ്യകരമായ സമരങ്ങൾ ഇവിടെ ഉണ്ടാകുന്നുണ്ട്. ഹർത്താൽ, ബന്ദ്, റോഡ് ഉപരോധിക്കൽ ഇവയൊക്കെ അവസാനഘട്ട സമരമാർഗ്ഗങ്ങളായി കാണണം. നിക്ഷേപകരെ കേരളത്തിലേയ്ക്ക് ആകർഷിക്കാനുള്ള ഗൗരവമായ മാർഗ്ഗങ്ങൾ പരിശോധിക്കണം. ബഡ്ജറ്റ് ചർച്ചയിൽ അത് ഉൾപ്പെടുത്തണം. കേരളത്തിലെ സാമൂഹ്യ പ്രശ്നങ്ങൾ ചർച്ച ചെയ്യപ്പെടണം. ഗ്രാമീണ മേഖലയിലെ ആത്മഹത്യ ഗൗരവ പ്രശ്നമായി കണക്കിലെടുത്ത് പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്താൻ ചർച്ച വേണം. മറ്റൊന്ന് റോഡപകടമാണ്. കൊച്ചിയുടെ കാര്യം പ്രത്യേകമായി

ഏറ്റെടുത്ത് അവിടത്തെ ട്രാഫിക് പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വിദഗ്ദ്ധ സർവ്വേ നടത്തി ആറുമാസത്തിനകം റിപ്പോർട്ട് തയ്യാറാക്കുമെന്ന് പറഞ്ഞു. അമിത വേഗം, റോഡുകളുടെ പ്രശ്നം, ട്രാഫിക് പ്രശ്നം എന്നിവമൂലമാണോ കേരളത്തിൽ നിരന്തരമായി റോഡ് അപകടങ്ങൾ ഉണ്ടാകുന്നത് എന്നത് സംബന്ധിച്ച് പഠനം നടത്തി പരിഹാരമാർഗ്ഗം കണ്ടെത്തണം. അതിനുവേണ്ട ഫണ്ട് ഉണ്ടാക്കണം. വീടുകൾ നിർമ്മിക്കുന്നതുമൂലം ഉണ്ടാകുന്ന വേസ്റ്റുകൾ ഗ്രാമ-പഞ്ചായത്ത്-മുനിസിപ്പാലിറ്റികളിൽ ഡിസ്പ്പോസ് ചെയ്യുന്നതിന് കഴിയുന്നില്ല. അതിന് ആവശ്യമായ പരിഹാരമാർഗ്ഗം കണ്ടെത്തി കാലോചിതമായ മാറ്റങ്ങൾ വരുത്തി ഫണ്ട് കണ്ടെത്തണം. താഴെത്തട്ടിലുള്ള സർക്കാർ ഓഫീസുകളിൽ കൊടുക്കൽ വാങ്ങൽ ഒരു അംഗീകൃത സംഭവമായി മാറിയിരിക്കുകയാണ്. പരസ്പര ധാരണയോടുകൂടിയ ഈ അഴിമതിക്ക് അടിയന്തിര പരിഹാരം കണ്ടെത്തണം. അടിസ്ഥാനമേഖലയെ അവഗണിക്കുന്ന ധനകാര്യ മാനേജുമെന്റിനെ പൊളിച്ചെഴുതണം. കയർ, കശുവണ്ടി, ബീഡി തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയ്ക്കും കാർഷിക-തീരദേശ മേഖലകൾക്കും ഒട്ടേറെ ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്. മുമ്പ് അവതരിപ്പിച്ച പല ബഡ്ജറ്റുകളിലും വിദ്യാഭ്യാസ-ആരോഗ്യ കാർഷിക മേഖലകൾക്ക് കേവലം പ്രഖ്യാപനങ്ങൾ ഉണ്ടായി എന്നതിനുപുറമേ ഒന്നും ചെയ്തിട്ടില്ല. വയനാട്, പാലക്കാട് കാർഷിക മേഖലകളിൽ നിരവധി പാക്കേജുകൾ പ്രഖ്യാപിച്ചെങ്കിലും അവ നടപ്പാക്കാൻ ആത്മാർത്ഥമായ ശ്രമം നടന്നിട്ടില്ല. കേരളത്തിലെ ആരോഗ്യരംഗം ഏഷ്യക്ക് മാതൃകയാണ്. പഞ്ചായത്തുകൾക്ക് ആശുപത്രികൾ അനുവദിച്ചുകൊടുത്തിട്ടുണ്ടെങ്കിലും ആവശ്യമായ പണമില്ല; പഞ്ചായത്തുകൾക്ക് അധികാരം മാത്രമേയുള്ളൂ. പണമില്ല. ആരോഗ്യരംഗത്ത് കൂടുതൽ കാര്യങ്ങൾ ചെയ്യാനാകണം. ഗ്രാമീണ മേഖലയിലുള്ളവർക്ക് വിദഗ്ദ്ധ

ചികിൽസ ലഭിക്കുന്നതിന് ആവശ്യമായ നടപടി ഉണ്ടാകണം. ആരോഗ്യ രംഗത്ത് ഇനിയും ഏറെ മുന്നോട്ടുപോകുന്നതിലേയ്ക്കായി ബഡ്ജറ്റിൽ പണം കണ്ടെത്തണം. ലോകത്തിന് മാതൃകയായിട്ടുള്ള വിദ്യാഭ്യാസ മേഖല യുടെ ഇന്നത്തെ സ്ഥിതി മെച്ചപ്പെടുത്തണം. പഠിക്കാൻ സമർത്ഥരായ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗത്തിലെ കുട്ടികളെ സഹായിക്കാൻ വിദ്യാഭ്യാസമേഖലയ്ക്ക് കഴിയുന്നില്ല. ബഡ്ജറ്റിൽ വെട്ടിക്കുറവ് വരുത്താൻ പണം പരമാവധി കുറച്ച് ചെലവഴിക്കാൻ നോക്കുന്നതിന്റെ ഫലമായി പണമുള്ളവർ മാത്രം പഠിച്ചാൽ മതിയെന്ന അവസ്ഥ വരുന്നു. പൊതുവിദ്യാഭ്യാസരംഗത്ത് കേരളം കഴിഞ്ഞ കാലങ്ങളിൽ നേടിയെടുത്തിട്ടുള്ള നേട്ടങ്ങളെ മറന്ന് മുന്നോട്ടു പോകാനാവില്ല. പൊതുവിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും കരുത്തും ശേഷിയുമുള്ള ഭാവിതലമുറയെ വളർത്തിയെടുക്കാനുള്ള നടപടികൾ സ്വീകരിക്കുകയും അതിനായി ആ മേഖലയിൽ പണം കൂടുതൽ ചെലവഴിക്കുകയും വേണം. അടിസ്ഥാനവർഗ്ഗങ്ങളായ കർഷക ത്തൊഴിലാളി കൾ, ആദിവാസികൾ, ഗിരിവർഗ്ഗക്കാർ എന്നിവരുടെ ജീവിതസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള നടപടികളുണ്ടാകണം. ഐക്യജനാധിപത്യ മുന്നണി ഗവണ്മെന്റ് തെരഞ്ഞെടുപ്പിന് തൊട്ടു മുമ്പ് വൈദ്യുതി മേഖലയിൽ ചില പ്രഖ്യാപനങ്ങൾ നടത്തിയതല്ലാതെ അതിനനുകൂലമായ തരത്തിൽ ഫണ്ട് വകയിരുത്തിയിരുന്നില്ല. വൈദ്യുതി ചാർജ്ജ് കുറയ്ക്കുമെന്നും സിവിൽ സപ്ളൈസ് ഡിപ്പാർട്ടുമെന്റ് വഴി കുറഞ്ഞ വിലയ്ക്ക് അരി കൊടുക്കുമെന്നുമുള്ള ആശയങ്ങൾ പ്രചരിപ്പിച്ചതൊഴിച്ചാൽ അവ തെരഞ്ഞെടുപ്പിനുവേണ്ടി മാത്രം നടത്തിയ പ്രഖ്യാപനങ്ങളാണ്. കാര്യങ്ങൾ യാഥാർത്ഥ്യബോധത്തോടുകൂടി കാണാൻ സാധിക്കണം. അടിസ്ഥാന

മേഖലയെ തകർത്തെറിഞ്ഞ് മുന്നോട്ടു പോകാനാകില്ല. കാർഷികമേഖലയുടെ ഇന്നത്തെ സ്ഥിതിക്ക് പരിഹാരമുണ്ടാക്കാൻ ബഡ്ജറ്റിൽ പ്രഖ്യാപനങ്ങളുണ്ടെങ്കിലും ഈ മേഖലയിലുണ്ടായിട്ടുള്ള ആത്മഹത്യകൾ കണക്കിലെടുത്ത് കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുള്ള നിർദ്ദേശങ്ങൾ ഉടനടി നടപ്പിലാക്കണം. കേരളത്തിൽ ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്ത പ്രദേശങ്ങളായ വയനാട്, പാലക്കാട്, കാസർഗോഡ് എന്നീ ജില്ലകളെ പ്രത്യേകമായി പരിഗണിച്ച് കേന്ദ്ര പ്ളാനിംഗ് ബോർഡിന് കൊടുത്ത നിർദ്ദേശത്തോടൊപ്പം സംസ്ഥാന ഗവണ്മെന്റും കർഷകസംഘടനകളുമായി ചർച്ച നടത്തി തീരുമാനങ്ങൾ എടുക്കണം. കടക്കെണിയിലാകുന്ന കൃഷിക്കാർക്ക് അടിയന്തിര സഹായങ്ങൾ നൽകുന്നതിനും വിലസ്ഥിരത ഉറപ്പുവരുത്തുന്നതിനുമായി കാർഷിക കടാശ്വാസ കമ്മിഷൻ രൂപീകരിച്ച് കർഷക ജനതയെ സംരക്ഷിക്കാനുള്ള ഗവണ്മെന്റിന്റെ നടപടി കേരളത്തിന് അഭിമാനിക്കാവുന്ന ഒന്നാണ്. നാളികേര കൃഷി, നെൽക്കൃഷി എന്നിവ പുനരുദ്ധരിക്കാനാവശ്യമായ നടപടികളുണ്ടാകണം. ഉൽപ്പാദനക്ഷമത നഷ്ടപ്പെട്ട തെങ്ങുകളെക്കുറിച്ച് പരിശോധന നടത്തുകയും പുതിയ തെങ്ങുകൾ വച്ചുപിടിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യണം. കുട്ടനാട്, പാലക്കാട്, തൃശ്ശൂർ കോൾ നിലങ്ങൾ ഉൾപ്പെടെയുള്ള ഭൂമി തരിശിടുന്നതിനെതിരെയും നെൽപ്പാടങ്ങൾ നികത്തുന്നതിനെതിരെയും കർശന നിയമനടപടികൾ സ്വീകരിക്കണം. നെൽകൃഷിയെ സഹായിക്കാനാവശ്യമായ നിയമനടപടികളെക്കുറിച്ച് ആലോചിക്കണം. പാലക്കാട്, വയനാട് ജില്ലകളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി നടത്താനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതോടൊപ്പം കേന്ദ്രഗവണ്മെന്റുമായി ആലോചിച്ച്

ക്രമേണ ഈ പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കാനാവശ്യമായ നടപടികൾ ഉണ്ടാകണം. പരമ്പരാഗത വ്യവസായങ്ങളായ കയർ, കശുവണ്ടി, കൈത്തറി എന്നിവയെ പുനരുദ്ധരിക്കുന്നതിന് ഊന്നൽ നൽകുന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. കയർ മേഖലയിൽ ആധുനികവൽക്കരണവും കൈത്തറി മേഖലയിൽ വൈവിദ്ധ്യവൽക്കരണവും അടിയന്തിരമായി നടപ്പാക്കാനുള്ള നടപടികളുണ്ടാകണം. ടൂറിസം, ഐ.ടി. രംഗങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്നതോടൊപ്പം ബയോടെക്നോളജി രംഗത്തിനും മുൻതൂക്കം കൊടുക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. കേന്ദ്ര ഗവണ്മെന്റിന്റെ പുതിയ നയവും പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനയും സംസ്ഥാനത്തിന്റെ പൊതുവിതരണശൃംഖലയെ അപകടപ്പെടുത്തുന്ന തരത്തിലേയ്ക്ക് പോകുകയാണ്. ഭക്ഷ്യ സബ്സിഡിക്ക് സർക്കാർ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ സമീപനത്തിനനുസരിച്ച് കേരളത്തിൽ വിലവർദ്ധനവ് പിടിച്ചുനിർത്താനാകണമെങ്കിൽ അഡ്വാൻസ് പണം വകയിരുത്തണം. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 1200 കോടി രൂപ കോൺട്രാക്ടർമാർക്ക് കുടിശ്ശിക കൊടുക്കാനുണ്ടായിരുന്നു. വികസന പ്രവർത്തനങ്ങൾക്ക് തുക അനുവദിക്കാത്തതുകൊണ്ടും കർഷകത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള തുക കൊടുക്കാത്തതുകൊണ്ടും കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് ട്രഷറി പൂട്ടിയിരുന്നില്ല. കേരളത്തിന്റെ സമസ്ത മേഖലകളിലും സമൂലമായ മാറ്റം നടപ്പാക്കാൻ ലക്ഷ്യമിട്ടുകൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്. സ്വർണ്ണത്തിന് ടാക്സ് ഏർപ്പെടുത്തിയതുകൊണ്ട് സാധാരണക്കാരന് ദോഷമുണ്ടാകുന്നില്ല. കേരളത്തിന്റെ ഇന്നത്തെ സാമ്പത്തികസ്ഥിതിയിൽ വളരെയധികം

ക്ഷേമപ്രവർത്തനങ്ങൾ ലക്ഷ്യമിട്ടുകൊണ്ട് സാധാരണക്കാരന് ആശ്വാസം നൽകുന്ന ഒരു ബഡ്ജറ്റാണിത്.

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഡ്ജറ്റിനെ എതിർക്കുന്നു. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള നല്ല കാര്യങ്ങളെ സ്വാഗതം ചെയ്യുന്നു. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള പ്രഖ്യാപനങ്ങൾ നടപ്പാക്കാനായി എല്ലാ വിധത്തിലുള്ള പിൻതുണയും പ്രതിപക്ഷത്തുനിന്നുണ്ടാകും. കേന്ദ്ര പ്ലാനിംഗ് കമ്മിഷൻ അനുവദിച്ച 7246 കോടി രൂപ കേന്ദ്ര ഗവണ്മെന്റ് വെട്ടിക്കുറച്ചതുമൂലം പദ്ധതികൾ നടപ്പാക്കാൻ പ്രയാസമുണ്ടാകും. യാഥാർത്ഥ്യവുമായി ബന്ധപ്പെടാത്ത ഒരു ബഡ്ജറ്റാണിത്. കാർഷിക മേഖല, പരമ്പരാഗത വ്യവസായങ്ങൾ, പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവയ്ക്കുൾപ്പെടെ കോടിക്കണക്കിന് രൂപയുടെ പ്രഖ്യാപനങ്ങൾ നടത്തിയിട്ട് അതിനുള്ള പണം പ്രൊവൈഡ് ചെയ്തിട്ടില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ മലബാർ മേഖലയെ അവഗണിച്ചിരിക്കുകയാണ്. ക്യാപ്പിറ്റൽ സിറ്റിയായ തിരുവനന്തപുരത്തിനായി 225 കോടി രൂപ മാറ്റിവച്ചിട്ടുണ്ടെങ്കിലും ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ പണം ഉൾക്കൊള്ളിച്ചിട്ടില്ല. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റാണ് യഥാർത്ഥ ത്തിലുള്ള ബഡ്ജറ്റ്. ആ സ്റ്റേറ്റ്മെന്റ് തെറ്റിച്ചുകൊണ്ടാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. നിത്യനിദാനച്ചെലവുകൾക്ക് കടം വാങ്ങുന്ന സാഹചര്യമുണ്ടാകാൻ പാടില്ലെന്നുള്ള നയത്തെ പൂർണ്ണമായി അംഗീകരിക്കുന്നു. കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് 2354.35 കോടി രൂപ ബോർഡ് ഗവണ്മെന്റിന് കൊടുക്കാനുണ്ടെന്നും ഗവണ്മെന്റ് 3531.43 കോടി രൂപ ഇലക്ട്രിസിറ്റി ബോർഡിന് കൊടുക്കാനുണ്ടെന്നുമുള്ള തർക്ക മുണ്ടായിരുന്നു. അതിനുള്ള ചർച്ചകൾ നടക്കുകയാണ്. 2001-ൽ 1286 കോടി രൂപയുടെ നഷ്ടമാണ് ബോർഡിനുണ്ടായിരുന്നത്. ഇപ്പോൾ 392.65 കോടി

രൂപയുടെ ഡിപ്രീസിയേഷനിലാണ്. വൈദ്യുതി ബോർഡ് ക്യാഷ് ബാലൻസോടുകൂടി പ്രവർത്തിക്കുകയാണ്. ലക്ഷ്വറി ഗുഡ്സിന് 20% ടാക്സ് ഏർപ്പെടുത്തിയിരിക്കുകയാണ്. അയൽ സംസ്ഥാനങ്ങളിൽ നികുതി നിരക്ക് കുറഞ്ഞിരിക്കുകയും ഇവിടെ നികുതി കൂടുകയും ചെയ്താൽ സംസ്ഥാനത്തിന്റെ ടേൺ ഓവർ കുറയും. അതുകൊണ്ട് നികുതി നിരക്ക് കൂട്ടിയിട്ട് വരുമാനം വർദ്ധിപ്പിക്കാമെന്ന് പറയുന്നതിനോട് യോജിക്കാനാവില്ല. ആഡംബര നികുതി 12.5%-ൽ നിന്നും 20% ആയി വർദ്ധിപ്പിച്ചിരിക്കുകയാണ്. 1999-2000-ൽ എൽ.ഡി.എഫ്. ഗവൺമെന്റ് സ്വർണ്ണക്കട്ടിയുടെയും വെള്ളി ക്കട്ടിയുടെയും നികുതി നിരക്ക് ഒരു ശതമാനത്തിൽ നിന്നും അര ശതമാന മായി കുറയ്ക്കുകയാണ് ചെയ്തത്. അതിനുശേഷം 2001-ൽ യു.ഡി..എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് വീണ്ടും ഒരു ശതമാനമാക്കി. ഇതിലൂടെ സംസ്ഥാന ഗവൺമെന്റിന് 51 കോടിയോളം രൂപ നികുതി യിനത്തിൽ ലഭിച്ചു. ഇപ്പോൾ വീണ്ടും അധികാരത്തിൽ വന്ന എൽ.ഡി.എഫ്. ഗവൺമെന്റ് അത് നാല് ശതമാനമാക്കി വർദ്ധിപ്പിച്ചിരിക്കുന്നു. അതേസമയം ഈ ബഡ്ജറ്റിൽ സ്വർണ്ണക്കച്ചവടക്കാർക്ക് സഹായകരമായി ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അനുവദിച്ചിരിക്കുന്നു. ഇതുമൂലം വാങ്ങുന്നതിനും വിൽക്കുന്ന തിനുമുള്ള നികുതി മൈനസ് ചെയ്താൽ അതിന്റെ ആനുകൂല്യം ഉപഭോക്താക്കളുടെ കൈയിൽ എത്തില്ല, മറിച്ച് അത് കിട്ടുന്നത് സ്വർണ്ണ ക്കച്ചവടക്കാർക്കാണ്. റവന്യൂ കമ്മി വർദ്ധിച്ചാൽ അത് രാജ്യത്തിന് ആപത്താകുമെന്ന് 1957-ൽ അച്ചുതമേനോൻ പറഞ്ഞത് 1980-ൽ ശരിയാണെന്നു തെളിഞ്ഞു. തുടർന്ന് റവന്യൂ കമ്മി കുറയ്ക്കുന്നതിനായി ചരിത്രത്തിലാദ്യ മായി ഓവർ ഡ്രാഫ്റ്റിൽ ചില നിബന്ധനകൾ കൊണ്ടുവന്നു. അങ്ങനെ 14 ദിവസത്തിൽ കൂടുതൽ ഓവർ ഡ്രാഫ്റ്റ് പാടില്ല എന്ന നിബന്ധന

ഇപ്പോൾ ഈ ബഡ്ജറ്റിലൂടെ തിരുത്തുകയാണ് ചെയ്തിരിക്കുന്നത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2005–06–ൽ റവന്യൂ കമ്മി 3561.64 കോടി രൂപയായിരുന്നു. എന്നാൽ ഈ ബഡ്ജറ്റിൽ റവന്യൂ കമ്മി 5414.28 കോടി രൂപയായി; അതായത് 52% വർദ്ധനവാണ് രേഖപ്പെടുത്തി യിരിക്കുന്നത്. ഈ വർദ്ധനയിലൂടെ 4158 കോടി രൂപയുടെ റവന്യൂ വരുമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ യഥാർത്ഥത്തിൽ 2000 കോടി രൂപയിലധികം പിരിച്ചെടുക്കാൻ കഴിയില്ലായെന്നത് വസ്തുതയാണ്. ഈ ബഡ്ജറ്റിലെ നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കി യാൽ 8000 കോടിരൂപയിലധികം റവന്യൂ നികുതി പിരിക്കേണ്ടിവരും. കടം വാങ്ങുന്നതിനുള്ള പ്രൊവിഷൻ 4698 കോടി രൂപയാണ്. എന്നാൽ ഈ ബഡ്ജറ്റിലൂടെ കടബാധ്യത 7422 കോടി രൂപയായി. അതായത് ഒരു വർഷത്തെ കടബാധ്യത 59% വർദ്ധിക്കും. ഇന്ത്യയിൽ ഏറ്റവും കൂടുതൽ നികുതി കൊടുക്കുന്ന ജനവിഭാഗത്തിന്റെ കണക്ക് പരിശോധിച്ചാൽ കേരള ത്തിന് നാലാം സ്ഥാനമാണുള്ളത്. 1996–ൽ യു.ഡി.എഫ് അധികാരം ഒഴിയുമ്പോൾ ബി.സി.ആർ.(Balance from current revenue) 142 കോടി രൂപയായിരുന്നത് 2001–ൽ എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരം വിടു മ്പോൾ 1704 കോടി രൂപയായി ഉയർന്നിരുന്നു. എന്നാൽ ഇപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ അത് 1077 കോടി രൂപയായി കുറച്ചു. 1996–ൽ യു.ഡി.എഫ്. ഗവൺമെന്റ് അധികാ രമൊഴിയുമ്പോൾ റവന്യൂ കമ്മി 402 കോടി രൂപയായിരുന്നത് എൽ.ഡി.എഫ്. ഗവൺമെന്റ് 5 കൊല്ലം ഭരിച്ചപ്പോൾ 3147 കോടി രൂപയായി വർദ്ധിച്ചു. അതായത് യു.ഡി.എഫ്. ഭരണകാലത്ത് 13% ആയിരുന്നത് എൽ.ഡി.എഫ്.

ഭരണകാലത്ത് 681% ആയി വർദ്ധിച്ചു. ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണത്തിന് യു.ഡി.എഫ്. ഗവൺമെന്റ് പണം നീക്കിവച്ചില്ല എന്ന് ഇടതുപക്ഷകക്ഷികൾ ആരോപിച്ചിരുന്നു. എന്നാൽ പേ കമ്മിഷൻ റിപ്പോർട്ട് വരുന്നതിനുമുമ്പാണ് യു.ഡി.എഫ്. ഗവൺമെന്റ് ജീവനക്കാരുടെ ശമ്പള വർദ്ധനവിനായി 1600 കോടി രൂപ ബഡ്ജറ്റിൽ പ്രൊവൈഡ് ചെയ്തത്. എന്നാൽ ആ റിപ്പോർട്ട് നടപ്പാക്കിയതിനുശേഷവും എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റിൽ 500 കോടി രൂപ കുറച്ചാണ് പ്രൊവൈഡ് ചെയ്തിരിക്കുന്നത്. 30 കൊല്ലം എൽ.ഡി.എഫ്. ഭരിച്ച വെസ്റ്റ് ബംഗാളിൽ 2003–04–ലെ പെർക്യാപിറ്റാ ടാക്സ് കളക്ഷൻ 1055 കോടി രൂപയാണെങ്കിൽ കേരളത്തിൽ അത് 2473 കോടി രൂപയാണ്.

<u>ശ്രീ. എം. പ്രകാശൻ മാസ്റ്റർ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ 5 കൊല്ലക്കാലത്തെ ജനവിരുദ്ധ നയങ്ങളുടെ സ്ഥാനത്ത് ജനക്ഷേമ ത്തിനുവേണ്ടിയുള്ള പദ്ധതികളാണ് ഈ ബഡ്ജറ്റിലൂടെ അവതരിപ്പിച്ചിട്ടുള ളത്. കേരളത്തിന്റെ വികസന സമീപനത്തിൽ ഒരു മുൻഗണനാക്രമമാണ് ഈ ബഡ്ജറ്റിൽ പ്രകടിപ്പിച്ചിട്ടുള്ളത്. അതിഗുരുതരമായ സാമ്പത്തിക പ്രതി സന്ധിയിലേയ്ക്കാണ് യു.ഡി.എഫ്. ഭരണം കേരളത്തെ കൊണ്ടെത്തിച്ചി ട്ടുള്ളത്. 2006–2007 വർഷത്തെ വാർഷിക പദ്ധതി കേന്ദ്ര ആസൂത്രണ കമ്മിഷന്റെ അനുവാദത്തോടുകൂടി നടപ്പിലാക്കാൻ തുടങ്ങിയതിനു ശേഷ മാണ ഇത്തരത്തിലൊരു ബഡ്ജറ്റ് ഇവിടെ അവതരിപ്പിക്കുന്നത്. അതുകൊണ്ട് ഈ ഗവൺമെന്റിന് ചില പരിമിതികളുണ്ട്. ജീവനക്കാരുടെ ശമ്പളപരിഷ്കര ണത്തിനും വൈദ്യുതി ചാർജ്ജ് കുറച്ചതിൽ ഗവൺമെന്റിനുവരുന്ന ബാധ്യ തയ്ക്കും ആവശ്യമായ പണംപോലും കഴിഞ്ഞ ബഡ്ജറ്റിൽ വകയിരുത്തിയി രുന്നില്ല. പ്രായോഗിക രീതിയിലല്ല യഥാർത്ഥ ബഡ്ജറ്റ് പതിപ്പുകളും പരി

ഷ്ക്കരിച്ച ബഡ്ജറ്റ് പതിപ്പുകളും തയ്യാറാക്കപ്പെട്ടതെന്നാണ് 2005 മാർച്ചിൽ അവസാനിച്ച സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പറയുന്നത്. യു.ഡി.എഫ്. ഗവൺമെന്റ് തകർത്തെറിഞ്ഞ കേരളത്തിന്റെ സാമ്പത്തികസ്ഥിതി പുന:ക്രമീ കരിക്കാനുള്ള പരിശ്രമമാണ് എൽ.ഡി.എഫ്. ഗവൺമെന്റ് ഇപ്പോൾ നടത്തി ക്കൊണ്ടിരിക്കുന്നത്. റിസർവ് ബാങ്കിന്റെ രേഖയനുസരിച്ച് 2006 മാർച്ചിലെ കേരളത്തിന്റെ കടം 49,530.97 കോടി രൂപയാണ്. ബഡ്ജറ്റിലെ കണക്കു പ്രകാരം കേരളത്തിലെ കടം 47,791.03 കോടി രൂപയാണ്. 2001-ൽ മൊത്തം ചെലവിന്റെ 93% ആണ് റവന്യൂ ചെലവെങ്കിൽ യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണം അവസാനിക്കുമ്പോൾ അത് 95% ആയി വർദ്ധിച്ചു എന്നാണ് സി.ആന്റ് എ.ജി. റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നത്. വികസന ചെലവും മൂലധനച്ചെലവു മെല്ലാം യു.ഡി.എഫ്. ഭരണകാലത്ത് കുറഞ്ഞിരിക്കുന്നതായിട്ടാണ് സി.ആന്റ് എ.ജി. റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നത്. ഇപ്പോൾ റവന്യൂ വരുമാന ത്തിന്റെ 3.3 മടങ്ങായി കടം മാറിയിരിക്കുന്നു. 1996-2001-ലെ എൽ.ഡി.എ ഫ്. ഭരണകാലത്തെ കടത്തിന്റെ പലിശ 1103 കോടി രൂപയായിരുന്നത് 2006-ൽ യു.ഡി.എഫ്. ഭരണം അവസാനിക്കുമ്പോൾ 3884 കോടി രൂപയായി വർദ്ധിച്ചു. ഇക്കണോമിക് റിവ്യൂ അനുസരിച്ച് നികുതി വരുമാനത്തിലെ വളർച്ചാ നിരക്കിന്റെ കാര്യത്തിലും മുൻ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തുള്ളതിനെക്കാൾ കുറഞ്ഞ വളർച്ചാ നിരക്കാണ് യു.ഡി.എഫ്. ഭരണകാലത്തുള്ളത്. മൂലധനച്ചെലവ് എന്നുപറയുന്നത് സമ്പദ്ഘടനയുടെ ഏറ്റവും പ്രധാനപ്പെട്ട ഭാഗമാണ്. 1996-97 മുതൽ 2000-2001 വരെയുള്ള മൂല ധനനിക്ഷേപം 6084.72 കോടി രൂപയായിരുന്നുവെങ്കിൽ യു.ഡി.എഫ്.ന്റെ 5 കൊല്ലത്തെ മൂലധന നിക്ഷേപം 1200.46 കോടി രൂപയാണ്. പൊതു മേഖ ലാരംഗത്ത് എൽ.ഡി.എഫ്.ന്റെ കാലത്ത് 97.4 കോടി രൂപയുടെ നിക്ഷേപമു

ണ്ടായി. എന്നാൽ യു.ഡി.എഫ്. ഭരണകാലത്ത് ഒരു പൈസയുടെ നിക്ഷേപ വുമുണ്ടായിട്ടില്ല. സ്വകാര്യമേഖലയിൽ എൽ.ഡി.എഫ്. ഭരണകാലത്ത് 5873.32 കോടി രൂപയുടെ നിക്ഷേപമുണ്ടായെങ്കിൽ യു.ഡി.എഫ്. ഭരണ കാലത്ത് 1150.54 കോടി രൂപയുടെ നിക്ഷേപം മാത്രമാണുണ്ടായിരുന്നത്. കാർഷിക മേഖലയിലെ വിലത്തകർച്ചയാണ് കർഷകർ നേരിടുന്ന അടി സ്ഥാനപരമായ പ്രശ്നം. ആ വിലത്തകർച്ച പരിഹരിക്കുന്നതിനായി, വില സ്ഥിരത ഉറപ്പുവരുത്തുന്നതിനായി വിലസ്ഥിരതാഫണ്ട് രൂപീകരിക്കാൻ ഈ ഗവൺമെന്റ് തയ്യാറായിട്ടുണ്ട്. കാർഷിക കേരളത്തിന്റെ വളർച്ചാ നിരക്ക് സി.ആന്റ് എ.ജി. റിപ്പോർട്ട് പ്രകാരം എൽ.ഡി.എഫ്. ഭരണകാലത്ത് 16.2% ആയിരുന്നത് യു.ഡി.എഫ്. ഭരണകാലത്ത് 12.53% ആയി കുറഞ്ഞു. കാർഷികമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 172 കോടി രൂപ ഈ ഗവൺമെന്റ് വകയിരുത്തിയിരിക്കുകയാണ്. തേയില, കാപ്പി, കുരു മുളക് എന്നിവയെ ഒരു വർഷത്തേയ്ക്ക് നികുതിയിൽ നിന്നും ഒഴിവാക്കാൻ തീരുമാനിച്ചു. വിലയിടിവിന്റെ ഫലമായി കേരകർഷകർ നേരിടുന്ന ഗുരുത രമായ പ്രതിസന്ധി പരിഹരിക്കുന്നതിന് തേങ്ങയെ ഒരുവർഷത്തേയ്ക്ക് ആദായനികുതിയിൽ നിന്നും ഒഴിവാക്കി. 45 ലക്ഷത്തോളം തൊഴിലാളികൾ പണിയെടുക്കുന്ന പരമ്പരാഗത വ്യവസായ മേഖലയ്ക്കായി 5 കോടി രൂപയും കൈത്തറി വികസനത്തിന് 5 കോടി രൂപയും കയർ മേഖലയ്ക്ക് 28 കോടി രൂപയും കശുവണ്ടി മേഖലയ്ക്ക് 15 കോടി രൂപയും ഈ ബഡ്ജറ്റിൽ അനുവദിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. കഴിഞ്ഞ 5 വർഷ ക്കാലത്തെ യു.ഡി.എഫ്. ഭരണം തകർച്ചയുടെ വക്കിലെത്തിച്ച പൊതു മേഖലാസ്ഥാപനങ്ങളെ രക്ഷിക്കുന്നതിനായി ഈ ഗവൺമെന്റ് 40 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കെൽട്രോണിന്റെ പുനരുദ്ധാരണത്തിനായി

10 കോടി രൂപ അനുവദിച്ചു. വ്യവസായ മേഖലയിൽ നിക്ഷേപം വർദ്ധിപ്പി ക്കുന്നതിനായി നെടുമ്പാശ്ശേരി മാതൃകയിൽ ഒരു കമ്പനി സ്ഥാപിക്കാൻ ഗവൺമെന്റ് തീരുമാനമെടുത്തു. അടുത്ത ഒരു വർഷത്തേയ്ക്ക് പുതിയ തസ്തികകൾ സൃഷ്ടിക്കുകയില്ലെന്ന് പറയുന്നുണ്ടെങ്കിലും നിലവിലുള്ള എല്ലാ ഒഴിവുകളും നികത്തുമെന്ന ധനകാര്യ വകുപ്പുമന്ത്രിയുടെ പ്രസ്താവന സ്വാഗതാർഹമാണ്. 26 മാസത്തെ കർഷകത്തൊഴിലാളി പെൻഷനും 24 മാസത്തെ തൊഴിലില്ലായ്മ വേതനവും കൊടുക്കാനുണ്ട്. കർഷക ത്തൊഴിലാളി പെൻഷൻ കൊടുക്കുന്നതിന് 36.17 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. നിലവിലുള്ള പെൻഷൻ കുടിശ്ശിക ഒരു വർഷത്തിനകം കൊടുത്തു തീർക്കാനും പെൻഷൻ തുക വർദ്ധിപ്പിക്കാനും തീരുമാനമെടുക്കണം. സ്വകാര്യ ആശുപത്രി ജീവനക്കാർ, സ്വർണ്ണത്തൊഴി ലാളികൾ, ചെറുകിട പ്ലാന്റേഷൻ തൊഴിലാളികൾ, കക്കവാരൽ തൊഴിലാളികൾ തുടങ്ങിയവർക്കായി ക്ഷേമപദ്ധതികൾ രൂപീകരിക്കുമെന്ന് പറഞ്ഞിട്ടുള്ളത് സ്വാഗതാർഹമാണ്. സാധാരണക്കാരെ സഹായിക്കുന്ന തിനായി ധാരാളം നികുതി ഇളവുകൾ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ 5 വർഷം കൊണ്ട് 114 കോടി രൂപയുടെ വിദേശ നിക്ഷേപം കേരളത്തിലേയ്ക്ക് കൊണ്ടുവന്നപ്പോൾ യു.ഡി.എഫ്. സർക്കാർ 46.42 കോടിരൂപയുടെ വിദേശനിക്ഷേപമാണ് കൊണ്ടുവന്നത്. തീരദേശ വികസനത്തിന് 3000 കോടി രൂപയുടെ പദ്ധതിയും ഭക്ഷ്യസബ്സിഡിക്കായി 400 കോടി രൂപയും സർക്കാർ ആശുപത്രികളിൽ മരുന്ന് വാങ്ങുന്നതിനായി 15 കോടി രൂപയും വിദ്യാഭ്യാസ നിലവാര മുയർത്താൻ 5 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതും ശ്ലാഘനീയമാണ്.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> ബഡ്ജറ്റിനെ എതിർക്കുന്നു. മുൻ എൽ.ഡി.എഫ്. സർക്കാർ കാലിയായ ഖജനാവുമായാണ് അധികാര മൊഴിഞ്ഞത്. കഴിഞ്ഞ ബഡ്ജറ്റിന്റെ തനിയാവർത്തനമാണ് പുതുക്കിയ ബഡ്ജറ്റ്. പ്രവാസികൾക്ക് കാര്യമായി ഒന്നും വകയിരുത്തിയിട്ടില്ല. ഈ ബഡ്ജറ്റിൽ മലബാറിനെ പാടേ അവഗണിച്ചിരിക്കുന്നു. കോഴിക്കോട് മെഡിക്കൽകോളേജിന് അഖിലേന്ത്യാ മെഡിക്കൽ കോളേജ് പദവി നൽകണമെന്ന് നാൽപ്പതിൽപ്പരം ജനപ്രതിനിധികൾ ആവശ്യപ്പെട്ടെങ്കിലും തിരുവനന്തപുരത്തിനാണ് ആ പദവി നൽകിയിരിക്കുന്നത്. അതിനുപുറമേ തിരുവനന്തപുരം മെഡിക്കൽകോളേജിന് 8 കോടിരൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്. അഞ്ച് ജില്ലകളുടെ ഏക ആശ്രയമായ കോഴിക്കോട് മെഡിക്കൽ കോളേജിന്റെ വികസനത്തിന് 4 കോടി രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. കോഴിക്കോട് നഗരത്തെ മാലിന്യത്തിൽ നിന്നും രക്ഷിക്കാൻ നടപടി സ്വീകരിക്കണം. ഹജ്ജ് ഹൗസിന് 25 ലക്ഷം രൂപ വകയിരുത്തിയത് അപര്യാപ്തമാണ്. കേന്ദ്ര വിഹിതമായ ഒരു കോടിരൂപയുടെ ആദ്യഗഡുവായി 35 ലക്ഷം രൂപയും ഹാജിമാരിൽനിന്നും മറ്റും 30 ലക്ഷം രൂപയും കിട്ടിയിട്ടുണ്ട്. ഇതിന് സംസ്ഥാന വിഹിതമായി കൂടുതൽതുക വകയിരുത്തണം. പാർപ്പിട പദ്ധതിക്കും കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനും പ്രായോഗിക നിർദ്ദേശങ്ങളില്ല. ചീക്കോട് കുടിവെള്ള പദ്ധതിക്കും കാക്കഞ്ചേരി കിൻഫ്രയുടെ വികസനത്തിനും പണം വകയിരുത്തണം. കൊണ്ടോട്ടിയിൽ ഫയർ സ്റ്റേഷൻ അനുവദിക്കണം. കോഴിക്കോട് വിമാനത്താവളത്തിന് കാര്യമായ തുകയൊന്നും വകയിരുത്തി യിട്ടില്ല. കൊണ്ടോട്ടി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിനെ താലൂക്ക്

ആശുപത്രിയുടെ നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന കാര്യം പരിഗണിച്ചിട്ടില്ല. നയപ്രഖ്യാപനവും ബഡ്ജറ്റും തമ്മിൽ യാതൊരു ബന്ധവുമില്ല.

ശ്രീ. എൻ. രാജൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. 4 ഭാഗങ്ങളിലായി ഉൾപ്പെടുത്തിയിട്ടുള്ള 2006–2007–ലെ പുതുക്കിയ ബഡ്ജറ്റ് പരിശോധിച്ചാൽ കഴിഞ്ഞ സർക്കാർ എടുത്തിരുന്നത് വഞ്ചനയുടേയും കാപട്യത്തിന്റേയും നയമാണെന്ന് വ്യക്തമാണ്. യു.ഡി.എഫ്. സർക്കാർ ധനകാര്യ വകുപ്പിന്റെയും മന്ത്രിസഭയുടേയും അംഗീകാരമില്ലാതെയാണ് വൈദ്യുതി ചാർജ്ജിൽ കുറവ് വരുത്തിയത്. 3 രൂപ നിരക്കിൽ അരി നൽകാനാവശ്യമായ തുകയും ശമ്പള കുടിശ്ശിക കൊടുക്കാനുള്ള തുകയും വിവിധ ക്ഷേമപെൻഷനുകൾ കൊടുക്കുന്നതിനുള്ള തുകയും കരാറുകാർക്കുള്ള തുകയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടില്ല. കെ.എസ്.ടി.പി. റോഡിന്റെ വികസന പദ്ധതിയുടെ അധിക ബാധ്യതയ്ക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിക്കും കഴിഞ്ഞ ബഡ്ജറ്റിൽ പണം വകയിരുത്തിയിരുന്നില്ല. ഈ സർക്കാർ ചില മേഖലയിൽ സാമ്പത്തിക അച്ചടക്കം പാലിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളത് സ്വാഗതാർഹമാണ്. നിർമ്മാണപ്രവൃത്തികൾ ചെയ്യുന്ന വകുപ്പുകളിൽ ധനപരമായ അരാജകത്വമാണ് നടക്കുന്നത്. പദ്ധതിയേതര ചെലവുകൾ സംബന്ധിച്ച് സമഗ്രമായ പരിശോധന നടത്താൻ ഫിനാൻസ് വിംഗിനെ ചുമതലപ്പെടുത്തിയത് നല്ല കാര്യമാണ്. പാവപ്പെട്ടവന്റെ മേൽ അധികഭാരം ചുമത്താതെ ഗണ്യമായി റവന്യൂ വരുമാനം കൂട്ടുകയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ചെയ്തിട്ടുള്ളത്. കാർഷിക കടാശ്വാസ കമ്മീഷൻ രൂപീകരിക്കുമെന്ന പ്രഖ്യാപനം കർഷകർക്ക് ആശ്വാസം നൽകുന്നതാണ്. പഞ്ചായത്തുകളേയും കോർപ്പറേഷനുകളേയും സഹകരിപ്പിച്ചുകൊണ്ടുള്ള കാർഷിക മേഖലയിലെ

നീർത്തട വികസന പദ്ധതി സംസ്ഥാനത്തെ എല്ലാ പ്രദേശങ്ങളിലും എത്തിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കണം. പൊതുവിതരണ രംഗം മെച്ചപ്പെടുത്തണം. ശരിയായ സർവ്വേ അവലോകനത്തിലൂടെ ബി.പി. എൽ./എ.പി.എൽ. നിർണ്ണയത്തിലെ അപാകത പരിഹരിക്കണം. ക്ഷീര കർഷ കർക്കുള്ള ക്ഷേമനിധിയിൽ അംശദായം, സർക്കാർ വിഹിതം എന്നിവയ്ക്ക് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. 14 ലക്ഷത്തോളം വരുന്ന ക്ഷീര കർഷകരുടെ ഉൽപ്പന്നങ്ങൾ സംഭരിച്ച് വിതരണം ചെയ്യാൻ വകയിരുത്തിയിട്ടുള്ള ഫണ്ട് അപര്യാപ്തമാണ്. പരമ്പരാഗത വ്യവസായ മേഖലയിലെ ഭൂരിഭാഗം തൊഴിലാളികളും മുഴുപ്പട്ടിണിയിലാണ്. അവർക്കുവേണ്ടി യു.ഡി.എഫ്. സർക്കാരിന് ഒന്നും ചെയ്യാൻ സാധിച്ചിട്ടില്ല. ചുമട്ടുതൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളെ സംരക്ഷിക്കാനുള്ള നിയമനടപടിയുണ്ടാകണം. കശുവണ്ടി മേഖലയിൽ തൊഴിൽ നിഷേധിക്കപ്പെ ടുന്നവരെ സഹായിക്കാൻ പദ്ധതികളുണ്ടാകണം. സ്വകാര്യ മേഖലയിൽ പുതിയ ഫാക്ടറികൾക്കുള്ള ലൈസൻസ് പരിശോധിച്ചതിനുശേഷം മാത്രമേ കൊടുക്കാവൂ. ഇതിനായി എൻഫോഴ്സ്മെന്റ് വിഭാഗത്തെ ശക്തിപ്പെടുത്ത ണം. കെ.എസ്.ടി.പി. റോഡ് വികസനപദ്ധതികളുടെ ഒന്നും രണ്ടും ഘട്ടം എത്രയും പെട്ടെന്ന് പൂർത്തിയാക്കണം. കർഷകത്തൊഴിലാളി പെൻഷൻ കുടിശ്ശിക എത്രയുംവേഗം കൊടുത്തുതീർക്കണം. വിവിധ ക്ഷേമ പെൻഷനുകൾ എല്ലാ മാസവും ഒന്നാം തീയതിതന്നെ നൽകണമെന്നത് സ്റ്റാറ്റ്യൂട്ടറിയാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ ത്തിനായി തുക മാറ്റിവച്ചിട്ടുണ്ട്. രണ്ട് വർഷത്തോളമായി സ്വാശ്രയ-എയ്ഡഡ് -സർക്കാർ സ്കൂളുകളിൽ ഇവർക്കുള്ള സ്റ്റൈപ്പന്റ് മുടങ്ങിക്കിടക്കുകയാണ്. വരുംവർഷങ്ങളിൽ അത് ഒറ്റ ഗഡുവായി കൊടുക്കാൻ നടപടി

സ്വീകരിക്കണം. ഭവനരഹിതരായ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വീടും സ്ഥലവും നൽകുമെന്നത് നല്ല കാര്യമാണ്. വളരെയധികം ആരോപ ണങ്ങളും ക്രമക്കേടുകളും അഴിമതിയും നടന്ന ഈ വകുപ്പിനെക്കുറിച്ച് വിശദ മായി പരിശോധിക്കണം. സുനാമി ഫണ്ട് സുനാമി ബാധിക്കാത്ത ഇടുക്കി, കോട്ടയം പോലുള്ള ജില്ലകൾക്കുവേണ്ടി വിനിയോഗിച്ച കഴിഞ്ഞ സർക്കാ രിന്റെ കാലത്തേതുപോലുള്ള സംഭവങ്ങളുണ്ടാകരുത്. സുനാമി ഫണ്ട്, റിവർ മാനേജ്മെന്റ് ഫണ്ട് തുടങ്ങിയവ അതാത് കാര്യങ്ങൾക്കായി വിനിയോഗി ക്കണം. കിളിമാനൂർ കൊട്ടാരം സർക്കാർ ഏറ്റെടുത്തെങ്കിലും പന്ത്രണ്ടാം ധന കാര്യ കമ്മിഷൻ അനുവദിച്ച രാജാ രവിവർമ്മയുടെ പേരിലുള്ള ആർട്ട് ഗ്യാലറി ആരംഭിക്കാൻ മാറിമാറിവന്ന സർക്കാരുകൾ ഒന്നും ചെയ്തിട്ടില്ല. അവിടെ രാജാ രവിവർമ്മയുടെ പേരിൽ ആർട്ട് ഗ്യാലറിയോ സ്മാരകമോ സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. തോമസ് ചാഴികാടൻ : ബഡ്ജറ്റിനെ എതിർക്കുന്നു. വികസന പ്രക്രിയയും തൊഴിൽ അവസരങ്ങളുമൊന്നും ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടില്ല. ആസൂത്രണ ബോർഡിന്റെ സഹായമില്ലാതെ ധനകാര്യ വകുപ്പുമന്ത്രി സ്വയം രൂപീകരിച്ച ബഡ്ജറ്റാണിത്. ആസൂത്രണ ബോർഡിന്റെ ചെയർമാനായി നിശ്ചയിക്കപ്പെട്ട വ്യക്തി അപ്പോയിന്റ്മെന്റ് ഓർഡർ ലഭിക്കാതെ തിരിച്ചു പോയി. ആസൂത്രണ ബോർഡ് പരിഗണിക്കാത്ത ഒരു ബഡ്ജറ്റിൽ ഗുണകര മായ ഒന്നുംതന്നെ പ്രതീക്ഷിക്കേണ്ട കാര്യമില്ല. 2001-ൽ പ്രതിപക്ഷത്തിരിക്കു മ്പോൾ സർക്കാർ ജീവനക്കാരെക്കൊണ്ട് സമരം ചെയ്യിച്ചവർ ഇപ്പോൾ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് കർശനമായ നിയന്ത്രണം ഏർപ്പെടു ത്തിയിരിക്കുകയാണ്. മെഡിക്കൽ കോളേജുകളിലും മറ്റ് ആശുപത്രികളിലും ചികിത്സാ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ ജീവനക്കാരെ നിയമിക്കേണ്ടത്

അത്യാവശ്യമാണ്. കോട്ടയം മെഡിക്കൽ കോളേജിൽ ട്രോമാ കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാർ ഗ്രാന്റായി അനുവദിച്ച 4,60,00,000 രൂപ കോളേജ് പ്രിൻസിപ്പലിന്റെ അക്കൗണ്ടിൽ കിടക്കുകയാണ്. കോളേജിനുള്ള ഇൻഫ്രാസ്ട്രക്ച്ചർ ഫെസിലിറ്റീസും ഉപകരണങ്ങളും ലഭ്യമാക്കിയിട്ടും അതിനാവശ്യമായ സ്റ്റാഫിനെ നിയമിച്ചില്ല. ജനപ്രതിനിധികളും ഉദ്യോഗസ്ഥരും പോസ്റ്റ് ക്രിയേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ ശുശ്രൂഷയും സംരക്ഷണവും നൽകുന്നതിന് മതിയായ ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും നിയമിക്കേണ്ടത് ആവശ്യമാണ്. ഇക്കാര്യത്തിൽ കർശനമായ സാമ്പത്തിക അച്ചടക്കം വേണമെന്ന് ധനകാര്യ വകുപ്പുമന്ത്രി പറയുന്നത് അസ്ഥാനത്താണ്. ഈ ഗവൺമെന്റ് ജനങ്ങളുടെ കണ്ണിൽ പൊടിയിടുകയും തെറ്റിദ്ധരിപ്പിക്കുകയുമാണ് ചെയ്യുന്നത്. സംസ്ഥാനത്ത് നിക്ഷേപങ്ങളുടെ കുതിച്ചുചാട്ടമൊന്നും വരാൻ പോകുന്നില്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആശുപത്രികൾ ഇവയ്ക്കെല്ലാം നിലനിൽക്കാൻ കഴിയാത്ത അവസ്ഥയാണ് ഇന്നുള്ളത്. സംസ്ഥാനത്ത് നിക്ഷേപങ്ങൾ കൊണ്ടുവരാനുള്ള നടപടിയുടെ ഭാഗമായി ഐക്യജനാധിപത്യമുന്നണി ഗവൺമെന്റ് ‘ജിം’ സംഘടിപ്പിച്ചതിന്റെ പേരിൽ ഇവിടെ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതൃത്വത്തിൽ പല തരത്തിലുള്ള സമരങ്ങൾ ആസൂത്രണം ചെയ്യുകയുണ്ടായി. ഇങ്ങനെയുള്ള സംസ്ഥാനത്ത് ഇൻവെസ്റ്റുമെന്റുമായി വരാൻ പോകുന്നവർക്ക് എന്ത് സന്ദേശമാണ് കൊടുക്കാൻ പോകുന്നതെന്ന് വ്യക്തമാക്കണം.. ഐ.ടി., ടൂറിസം മേഖലകളിൽ സമരം വേണ്ടെന്ന് പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ സാഹചര്യത്തിൽ കേരളത്തിൽ ഒരൊറ്റ മലയാളിപോലും നിക്ഷേപവുമായി മുന്നോട്ടുവരില്ലെന്ന് മാത്രമല്ല ആ

പ്രതീക്ഷ വച്ചുപുലർത്താനുള്ള ഒരവകാശവും ഈ ഗവൺമെന്റിനില്ല. 23,000 കോടി രൂപയായിരുന്ന പൊതുക്കടം 52,000 കോടി രൂപയായി ഉയർന്നു. എ.ഡി.ബി. വായ്പയ്ക്കെതിരായി സമരം നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ അടിച്ചമർത്തിയവർ എ.ഡി.ബി.വായ്പ തിരിച്ചടയ്ക്കില്ലെന്നാണ് പറയുന്നത്. കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകുമെന്നും പാവപ്പെട്ട കർഷകരെ സംരക്ഷിക്കുമെന്നും പറഞ്ഞിട്ട് റബ്ബറിന്റെ വില 100 രൂപയായപ്പോൾ സെസ്സ് ഏർപ്പെടുത്താൻ പോകുകയാണ്. കേരളത്തിലെ കർഷകർ അതൊരിക്കലും അംഗീകരിക്കുകയില്ല. കുടുംബശ്രീ ഉൽപ്പന്നങ്ങൾക്ക് നികുതി വേണ്ടെന്ന് വച്ചതുപോലെ ആയിരക്കണക്കിന് സ്വാശ്രയ സംഘങ്ങളുണ്ടാക്കുന്ന ഉൽപ്പന്ന ങ്ങളെയും നികുതിയിൽനിന്നും ഒഴിവാക്കണം. എം.എൽ.എ.ഫണ്ട് വെട്ടിക്കു റച്ചത് തിരിച്ചുനൽകിക്കൊണ്ട് അവരുടെ അവകാശം സംരക്ഷിക്കണം.

<u>ശ്രീ. കെ. കെ. ഷാജു</u> : ബഡ്ജറ്റിനെ എതിർക്കുന്നു. എം.എൽ. എ.മാരുടെ പോക്കറ്റടിച്ച മന്ത്രിയെന്ന് ഭാവിയിൽ ചരിത്രം വിധിയെഴുതേണ്ട അവസ്ഥ ഒഴിവാക്കണം. യു.ഡി.എഫ്. ഗവൺമെന്റ് അധികാരം ഒഴിയു മ്പോൾ സംസ്ഥാനത്തിന്റെ ധനസ്ഥിതി മിച്ചമാണോ കമ്മിയാണോ എന്നുപോലും പറയാൻ കഴിയാത്ത ഒരു ഗവൺമെന്റാണ് ഇവിടെ ഭരിക്കുന്ന ത്. 8.9 ശതമാനം നിരക്കിൽ വാങ്ങിയ പണമാണ് 5 വർഷംകൊണ്ട് തിരിച്ചട യ്ക്കേണ്ടത്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരമൊഴിയുമ്പോൾ മിച്ച സംസ്ഥാനമായിരുന്നുവെന്നത് അംഗീകരിക്കാൻ തയ്യാറാകുന്നില്ല. കാർഷിക മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ അർദ്ധ ജുഡീഷ്യൽ പദവിയുള്ള 2 കമ്മിഷനുകളെ വയ്ക്കുമെന്നും കർഷകരുടെ വായ്പയ്ക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കുമെന്നും റീഷെഡ്യൂൾചെയ്ത് പലിശയിൽ ഇളവ് നൽകുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത്

700 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുകയും അത് തത്വത്തിൽ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കുറെ കമ്മിഷനുകളുണ്ടാക്കി യിട്ട് കാര്യമില്ല. കശുവണ്ടിക്കും കുരുമുളകിനും ആദ്യമായി റീപ്ളാന്റേഷൻ സബ്സിഡി കൊണ്ടുവന്നതും അതിലൂടെ കേന്ദ്രത്തിൽനിന്നും 30 കോടി രൂപ നേടി എടുത്തതും ഹോർട്ടികൾച്ചർ മിഷന് 80 കോടി രൂപ കൊടുത്തതും കോക്കനട്ട് ഡെവലപ്മെന്റ് പദ്ധതികൾക്ക് 1,924 കോടി രൂപയുടെ പാക്കേജ് അംഗീകരിച്ചതും 5 ജില്ലകളിൽ അഡീഷണൽ പ്ളാൻ അസിസ്റ്റൻസ് നൽകി യതും ഐക്യജനാധിപത്യമുന്നണി ഗവൺമെന്റാണ്. 40 കോടി രൂപയുടെ പദ്ധതിയിൽ. 8 കോടി രൂപയുടെ വിഹിതം സംസ്ഥാന സർക്കാർ വഹി ക്കണം. ഗൾഫ് നാടുകളിൽപ്പോലും അനന്തസാധ്യതകളുള്ള പുഷ്പക്കൃ ഷിയെ സംബന്ധിച്ച് ഇതിൽ ഒന്നുംപറയുന്നില്ല. തമിഴ്നാട്ടിൽനിന്നും ലോറി വന്നില്ലെങ്കിൽ കേരളത്തിൽ പച്ചക്കറി കിട്ടാത്ത അവസ്ഥ ആയിരുന്നു. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ലോറി സമരകാലത്തുപോലും പച്ചക്കറിക്ക് ബുദ്ധിമുട്ടുണ്ടായില്ല. രണ്ട് ജില്ലകളിൽ മാത്രം പ്രവർത്തനമുണ്ടാ യിരുന്ന വി.എഫ്.പി.സി.കെ.യുടെ സ്വാശ്രയ വിപണി 14 ജില്ലകളിലേയ്ക്കും വ്യാപിപ്പിച്ചു. 5 ലക്ഷം ടൺ പച്ചക്കറിവരെ അധികമായി ഉൽപ്പാദിപ്പിച്ചു. കാർഷികമേഖലയിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. കയറിന്റെ കയറ്റുമതി വർദ്ധിപ്പിച്ചു. വാഗ്ദാനങ്ങൾ മാത്രമുള്ള ഒരു ഗവൺമെന്റായി ഈ ഗവൺമെന്റ് മാറും എന്ന കാര്യത്തിൽ സംശയമില്ല.

ശ്രീ. പി.സി. ജോർജ്ജ്: ഇന്നലെ രാവിലെ ധനകാര്യ വകുപ്പുമന്ത്രി നടത്തേണ്ട വിശദീകരണം സംബന്ധിച്ച് ശ്രീ. കെ. എം. മാണി ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അതിന് നാളെ കഴിഞ്ഞ് മറുപടി പറയാമെന്ന് ധന കാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു. ശ്രീ. കെ.എം. മാണി ഇപ്പോൾ പത്ര

സമ്മേളനം നടത്തിയിരിക്കുന്നത് അദ്ദേഹം പറഞ്ഞ കാര്യങ്ങളെല്ലാം ശരിയാണെന്നു പറഞ്ഞാണ്. ഇതിന് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറയണം. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്നത് ശരിയല്ല.

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): ഇന്ന് സഭ പിരിയുന്നതിനു മുൻപ് മാണി സാർ വന്നില്ലെങ്കിൽ ഒരു പ്രസ്താവന നടത്താനുള്ള അനുവാദം തരണം.

മി.ഡെപ്യൂട്ടി സ്പീക്കർ: ധനകാര്യ വകുപ്പുമന്ത്രിക്ക് പറയാൻ അവസരം നൽകാം.

ശ്രീ മോൻസ് ജോസഫ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. ജീവിത യാഥാർത്ഥ്യങ്ങളുമായി ബന്ധപ്പെട്ട ഒരു ബഡ്ജറ്റാണിത്. കുറേ പാക്കേജുകൾ പ്രഖ്യാപിക്കുക മാത്രമാണ് യു.ഡി.എഫ്. ഗവൺമെന്റ് ചെയ്തിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് ജനങ്ങളെ രക്ഷിക്കാൻ വേണ്ടിയുള്ള കർമ്മ പരിപാടികളുമായി രംഗത്തുവരികയാണ്. കഴിഞ്ഞ 5 വർഷവും യു.ഡി.എഫ്. ഗവൺമെന്റ് നിയമന നിരോധനം ഏർപ്പെടുത്തിയിരിക്കുകയായിരുന്നു. ഇപ്പോൾ നിലവിലുള്ള തസ്തികകളിൽ നിയമിക്കുന്നതിന് ഒരു നിയന്ത്രണവുമേർപ്പെടുത്തിയിട്ടില്ല. സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് പുതിയ തസ്തികകൾ സൃഷ്ടിക്കാൻ ശ്രമിക്കും. യു.ഡി.എഫ്. കടക്കെണിയിലാക്കിയ കേരളത്തെ പുനരുദ്ധരിക്കാനുള്ള ഉത്തരവാദിത്വം എൽ.ഡി.എഫ്. ഗവൺമെന്റ് ഏറ്റെടുക്കുകയാണ്. ടൂറിസം മേഖലയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ബഡ്ജറ്റിലുണ്ട്. വിദേശ ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് ഹൈടെക് രീതിയിലുള്ള പ്രചരണ മാധ്യമങ്ങൾ പ്രയോജനപ്പെടുത്തുന്നതാണ്. വിദേശ രാജ്യങ്ങളിലേതുപോലെ ടൂറിസം സാധ്യതകൾ ജനങ്ങളെ അറിയിക്കുന്നതിന് അവ വിശദീകരിച്ചു

കൊണ്ടുള്ള ബ്രോഷറുകൾ എല്ലാ സ്ഥലങ്ങളിലും പ്രദർശിപ്പിക്കണം. വ്യവസായ മേഖലയുടെ പുരോഗതിക്കുവേണ്ടി ഇ.കെ.നായനാർ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ആവിഷ്കരിച്ച കർമ്മ പരിപാടികൾ പുറത്തെടുക്കേണ്ടതാണ്. എല്ലാ ജില്ലകളിലും വ്യവസായ പാർക്കുകൾ സ്ഥാപിക്കണം. മുൻ എൽ.ഡി.എഫ്. ഗവൺമെന്റ് കോട്ടയം ജില്ലയിൽ മദ്ധ്യ തിരുവിതാംകൂറിന്റെ സമഗ്ര വികസനത്തിന് ഇടവരുത്തുന്ന, ആയിരക്കണക്കിന് ചെറുപ്പക്കാർക്ക് ജോലിസാധ്യതയുള്ള, ഒരു ടെക്നോ പാർക്ക് മീനച്ചലാറിന്റെ തീരത്ത് കിടങ്ങൂരിൽ സ്ഥാപിക്കുമെന്ന് പറഞ്ഞിരുന്നത് യാഥാർത്ഥ്യമാക്കണം. കിൻഫ്രയുടെ നേതൃത്വത്തിൽ ജില്ലാതല പാർക്കുകൾ ആരംഭിക്കാൻ ഗവൺമെന്റ് അനുമതി നൽകണം. പരമ്പരാഗത വ്യവസായങ്ങളെ സഹായിക്കാനുള്ള നടപടികൾ ഗവൺമെന്റ് എടുത്തുവരികയാണ്. മുപ്പതിനായിരത്തോളം ആളുകൾ പണിയെടുക്കുന്ന തീപ്പെട്ടി വ്യവസായ മേഖലയെ വാറ്റ് പ്രതികൂലമായി ബാധിച്ചിരിക്കുകയാണ്. ഇക്കാര്യത്തിൽനിന്ന് ഈ വ്യവസായത്തെ ഒഴിവാക്കുകയോ വർഷാവസാനം ഹാജരാക്കുന്ന പഴയ രീതി പുന:സ്ഥാപിക്കുകയോ ചെയ്യാനുള്ള നടപടിയുണ്ടാകണം. തീപ്പെട്ടിയും കൊള്ളിയും ഉണ്ടാക്കാനുള്ള വെള്ളമരത്തിന്റെ പർച്ചേസ് റിബേറ്റ് വാറ്റ് നടപ്പാക്കിയപ്പോൾ 3-ാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയതുമൂലം ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ മാറ്റാനുള്ള നടപടി സ്വീകരിക്കണം. അംഗൻവാടി അദ്ധ്യാപകർക്കും ഹെൽപ്പർമാർക്കും പ്രഖ്യാപിച്ച ഒരേ നിരക്കിലുള്ള വേതന വർദ്ധനവ് നൽകാനുള്ള നടപടി സ്വീകരിക്കണം.

ശ്രീ.വി. ചെന്താമരാക്ഷൻ: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ അഞ്ച് വർഷം ഭരണത്തിലിരുന്ന യു.ഡി.എഫ്. സർക്കാർ സമസ്ത മേഖലകളിലും തകർച്ചയാണ് സമ്മാനിച്ചത്. അതിൽ നിന്നും വ്യത്യസ്തമായി

കേരളത്തെ പുരോഗതിയിലേയ്ക്ക് നയിക്കുന്നുവെന്ന് വിളംബരം ചെയ്യുന്ന ഒരു ബഡ്ജറ്റാണിത്. സംസ്ഥാനത്ത് പാവപ്പെട്ടവരെയും തൊഴിലാളികളെയും സമൂഹത്തിൽ മാന്യമായി ജീവിക്കുന്നവരെയും സഹായിക്കുന്ന നയമാണ് ഗവൺമെന്റ് സ്വീകരിച്ചിരിക്കുന്നത്. കേരളം കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. നമ്മുടെ കടബാദ്ധ്യത 47,000/–കോടി രൂപയാണെന്നാണ് ബഡ്ജറ്റ് കണക്കുകൾ വ്യക്തമാക്കുന്നത്. രാജ്യത്ത് നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ആഗോളവൽക്കരണ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടാണ് സംസ്ഥാനവും ഇൻഡ്യയും സാമ്പത്തിക പ്രതിസന്ധിയിലേയ്ക്ക് നീങ്ങിയത്. ആഗോളവൽക്കരണം രാജ്യത്തെ പുരോഗതിയിലേയ്ക്ക് നയിക്കുമെന്നാണ് യു.ഡി.എഫ് പറയുന്നത്. ആഗോളവൽക്കരണത്തിന്റെ ഫലമായി കേരളത്തിലെ കർഷകർ ദുരിതമനുഭവിച്ച് അവസാനം ആത്മഹത്യയിലേയ്ക്കു പോയി. കർഷകരോടൊപ്പം സർക്കാരും ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലായി. ആഗോളവൽക്കരണ നയത്തിന്റെ ഭാഗമായി പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടവരാകുകയും സമ്പന്നർ കൂടുതൽ സമ്പന്നരാകുകയുമാണുണ്ടായത്. കാർഷിക കടാശ്വാസ കമ്മിഷൻ, കാർഷിക കമ്മിഷൻ എന്നിവ രൂപീകരിക്കാൻ ബഡ്ജറ്റിൽ ലക്ഷ്യമിടുന്നു. നെൽകൃഷിക്കാരെ സംരക്ഷിക്കാൻ വേണ്ടി 70 കോടി രൂപ ചെലവഴിക്കുമെന്നാണ് ബജറ്റിൽ പറയുന്നത്. നെല്ലിന് ന്യായമായ വില കിട്ടാനുള്ള നടപടികൾ സ്വീകരിക്കണം. ആലത്തൂരിലെ മോഡേൺ റൈസ് മില്ലിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാനാവശ്യമായ നടപടി സ്വീകരിക്കണം. പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങൾ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കാണാൻ 40 കോടി രൂപ ബഡ്ജറ്റിൽ നീക്കിവച്ചിട്ടുണ്ട്. പരമ്പരാഗത വ്യവസായങ്ങൾക്ക് പുത്തനുണർവ് നൽകാനും മത്സ്യ ബന്ധനം, മൃഗ സംരക്ഷണം, ക്ഷീര

വികസനം, ടൂറിസം, നഗരവികസനം, ഐ.ടി. എന്നീ രംഗങ്ങളിൽ ഒരു കുതിച്ചു ചാട്ടം നടത്താനും ഈ ബഡ്ജറ്റിൽ ലക്ഷ്യമിടുന്നു. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്താനാവശ്യമായ നിർദ്ദേശം ബഡ്ജറ്റിലുണ്ട്. സംസ്ഥാനത്തിന്റെ നികുതി വർദ്ധിപ്പിക്കാൻ നികുതി ലോട്ടറിയും, നികുതി കൃത്യമായി അടയ്ക്കുന്നവർക്ക് ഗ്രീൻ കാർഡും ബഡ്ജറ്റിൽ വിഭാവന ചെയ്യുന്നുണ്ട്. കെ..എഫ്.സി-യെ നിയന്ത്രിക്കുന്നതിനാവശ്യമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം ഐശ്വര്യപൂർണ്ണമായ കേരളം കെട്ടിപ്പടുക്കാൻ ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രതിജ്ഞാബദ്ധമാണ്.

ശ്രീ. എ.എ. അസീസ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. തെരഞ്ഞെടുപ്പ് കാലത്ത് ജനങ്ങൾക്ക് നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാൻ തുടക്കം കുറിക്കുന്ന ഒരു ബഡ്ജറ്റാണിത്. ആത്മഹത്യ ചെയ്ത കർഷകരുടെ കടം എഴുതിത്തള്ളാനും അഗതികൾക്കും വിധവകൾക്കും വികലാംഗർക്കും പരമ്പരാഗത വ്യവസായ തൊഴിലാളികൾക്കും 12 മാസത്തെ പെൻഷൻ കുടിശ്ശിക അനുവദിക്കാനും തീരുമാനിച്ചു. കർഷകരെ സഹായിക്കാൻ കാർഷിക കടാശ്വാസ കമ്മിഷൻ രൂപീകരിക്കുമെന്ന് പറഞ്ഞു. സ്വകാര്യ പണമിടപാടുകാരെ നിയന്ത്രിക്കാൻ നിയമനിർമ്മാണം നടത്തുമെന്നു പ്രഖ്യാപിച്ചത് സ്വാഗതാർഹമാണ്. നെൽകൃഷി വികസനത്തിന് ബൃഹത്തായ പദ്ധതി പ്രഖ്യാപിച്ചു. തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അതാതു സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിയാത്ത തുക അടുത്ത വർഷം വിനിയോഗിക്കാനുള്ള സാവകാശം നൽകും. പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെസ്സ് തുക 500 രൂപയെന്നുള്ളത് 700 രൂപയായി വർദ്ധിപ്പിച്ചു. പ്ലാന്റേഷൻ മേഖലയിലെ തൊഴിലാളികൾക്ക് സൗജന്യ റേഷൻ അനുവദിക്കുന്നതിന് 3 ലക്ഷം രൂപ അനുവദിച്ചു. ഉടമകൾ ഉപേക്ഷിച്ചുപോയ തോട്ടങ്ങൾ ഏറ്റെ

ടുത്ത് തൊഴിലാളികളുടെ പങ്കാളിത്തത്തോടുകൂടി പ്രൈമറി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് പ്രവർത്തിക്കാൻ കഴിയുമോയെന്ന് നോക്കണം. കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും കൂടി 35 കോടി രൂപ അനുവദിച്ചു. മത്സ്യത്തൊഴിലാളികൾക്ക് 3000 കോടി രൂപയുടെ പാക്കേജ് പ്രഖ്യാപിച്ചു. മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ നൽകാനുള്ള തീരുമാനം സ്വാഗതാർഹമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് പാവപ്പെട്ടവരേയും തൊഴിലാളികളെയും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെയും സഹായിക്കാൻ കൊച്ചു കൊച്ചു കാര്യങ്ങൾക്ക് തുടക്കം കുറിച്ചു. കയർ, ബീഡി, കൈത്തറി വ്യവസായങ്ങളെ സഹായിക്കാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. നെല്ല് സംഭരണ ത്തിന് 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 400 അവശകലാകാരന്മാർക്ക് പെൻഷൻ നൽകാൻ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്.

<u>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിലെ വിധി മാനിച്ചുകൊണ്ട്, കഴിഞ്ഞ 5 വർഷം കേരളം അനുഭവിച്ച ദുരിതങ്ങളെ ക്രിയാത്മകമായി പരിശോധിക്കുന്ന താണ് ഈ ബഡ്ജറ്റ്. കേരളത്തിന്റെ വികസന ശക്തി-ദൗർബല്യങ്ങളെ ക്രിയാത്മകമായി വിശകലനം ചെയ്തുകൊണ്ട് ധനകാര്യ വകുപ്പുമന്ത്രി നടത്തിയ വീക്ഷണം കേരളത്തിന്റെ സമസ്ത തലങ്ങളുടേയും സാമ്പത്തിക പുരോഗതിക്കുള്ള അടിസ്ഥാനപരമായ രൂപരേഖയായി കാണാൻ കഴിയും. കഴിഞ്ഞ സർക്കാർ സ്വീകരിച്ച നയവ്യതിയാനം സാമ്പത്തിക രംഗത്ത് അരാ ജകത്വവും ക്രമക്കേടുകളും പോരായ്മകളും ഉണ്ടാക്കി . അതിൽനിന്നും മോചനം നേടി കേരളത്തെ ഐശ്വര്യപൂർണ്ണമായ പാതയിലേയ്ക്ക് നയിക്കാ നുള്ള ദൃഢമായ തീരുമാനം പുതിയ ബഡ്ജറ്റിൽ ഉൾക്കൊണ്ടിട്ടുണ്ട്

കേന്ദ്ര–സംസ്ഥാന ബന്ധങ്ങൾക്കുണ്ടായ പരിണാമങ്ങൾ ഒരു പുന:പരിശോധനയ്ക്ക് വിധേയമാക്കണം. ധനകാര്യക്കമ്മീഷന്റെ മുമ്പിൽ കേരളത്തിന്റെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിൽ വരുത്തിയിട്ടുള്ള വീഴ്ചകൾ ഉയർത്തിക്കാട്ടി സംസ്ഥാനത്തിന്റെ ആവശ്യങ്ങളും അവകാശങ്ങളും ബോദ്ധ്യപ്പെടുത്തുന്നതിനു് ശക്തമായ നിലപാട് സ്വീകരിക്കണം. ക്ഷേമപെൻഷനുകളുടെ കുടിശ്ശിക കൊടുത്തുതീർക്കാനുള്ള നടപടിയും കാർഷിക കടാശ്വാസ കമ്മീഷൻ രൂപികരിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. കയർ, കൈത്തറി, കശുവണ്ടി, ബീഡി മേഖലകൾക്ക് പ്രത്യേക പരിഗണന നൽകിയിരിക്കുന്നത് സ്വാഗതാർഹമാണ്. ദിനേശ് ബീഡി സഹകരണ സംഘത്തിന്റെ വൈവിദ്ധ്യവൽക്കരണ പരിപാടിക്ക് 4 കോടി രൂപ ബജറ്റിൽ നീക്കിവച്ചതിനെ സ്വാഗതംചെയ്യുന്നു. കൈത്തറിമേഖല കേന്ദ്രീകരിച്ച് കണ്ണൂരിൽ ഒരു ആസ്ഥാനകേന്ദ്രം സ്ഥാപിക്കാനുള്ള തീരുമാനം പ്രശംസനീയമാണ്. ഖാദി തൊഴിലാളികൾക്കും ഖാദി വ്യവസായ മേഖലയ്ക്കും പ്രത്യേക പരിഗണന നൽകണം. മുഴുപ്പിലങ്ങാടി ബീച്ചിൽ അഡ്വഞ്ചർ ടൂറിസത്തിനുള്ള സാദ്ധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ശ്രദ്ധിക്കണം. കോവളം മുതൽ നീലേശ്വരം വരെ നീണ്ടുകിടക്കുന്ന കനാൽ ശൃംഖല ആരംഭിക്കാനുള്ള നീക്കം ഒരു പുതിയ സംരംഭമായിരിക്കും. ഉഷാ സ്ക്കൂൾ ഓഫ് അത്‌ലറ്റിക്സിന് സഹായം നൽകാനുള്ള തീരുമാനം പ്രശംസനീയമാണ്. നികുതി വെട്ടിപ്പ് തടയുന്നതിനും കുടിശ്ശിക നികുതി പിരിച്ചെടുക്കുന്നതിനും നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനും കർശന നടപടി സ്വീകരിക്കണം. വൈദ്യുതി ബോർഡിനെ പൊതുമേഖലയിൽത്തന്നെ സംരക്ഷിക്കുമെന്ന പ്രഖ്യാപനവും സ്വാഗതാർഹമാണ്. വിദേശമലയാളികളുടെ സാമ്പത്തിക നിക്ഷേപങ്ങൾ കേരളത്തിന്റെ വ്യാവസായിക

പുരോഗതിക്കും വാണിജ്യവൽക്കരണത്തിനും പ്രയോജനപ്പെടുത്തണം. സംസ്ഥാനം നേരിട്ടുകൊണ്ടിരിക്കുന്ന വ്യാവസായിക സാമ്പത്തിക പരാധീനതകൾക്ക് പരിഹാരം കാണാൻ കൂട്ടായ ശ്രമം വേണം. വികസനോന്മുഖമായ പരിപാടികൾക്ക് പ്രാധാന്യം കൊടുക്കുന്നതാണ് ഈ ബഡ്ജറ്റ്.

**വ്യക്തിപരമായ വിശദീകരണം**

ധനകാര്യ വകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്): ഇന്നു രാവിലെ ബഹുമാനപ്പെട്ട കെ.എം.മാണി ഉന്നയിച്ച പ്രശ്നത്തെ സംബന്ധിച്ച് വിശദീകരണം നൽകാൻ ആഗ്രഹിക്കുകയാണ്. ബഡ്ജറ്റിലെ മെമ്മോറാണ്ടം ഓഫ് ആൾട്ടറേഷൻ പ്രകാരം മൂലധനച്ചെലവ് 16 കോടിരൂപ കൂടുതലാണെന്നും റിവൈസ്ഡ് ബജറ്റിൽ സമ്മറി ഓഫ് റിവൈസ്ഡ് എസ്റ്റിമേറ്റ്സ്-ൽ മൂലധനച്ചെലവ് 13 കോടിരൂപ കുറവാണെന്നും കമ്മി കുറച്ചുകാണിക്കാൻവേണ്ടി മന:പൂർവ്വമായി ബജറ്റ് ഫിഗേഴ്സിൽ തിരിമറി നടത്തിയെന്നും പറഞ്ഞു. മെമ്മോറാണ്ടം ഓഫ് ആൾട്ടറേഷൻസിലെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ എക്സ്പെന്റിച്ചർ ഓൺ റവന്യൂ അക്കൗണ്ട്, എക്സ്പെൻറിച്ചർ ഓൺ ക്യാപിറ്റൽ അക്കൗണ്ട് എന്ന് രണ്ടായി തിരിച്ചാണ് കാണിച്ചിരിക്കുന്നത്. അതിൽ ക്യാപിറ്റൽ അക്കൗണ്ടിലെ കണക്കുകളെക്കുറിച്ചാണ് ഇവിടെ തർക്കമുന്നയിച്ചിട്ടുള്ളത്. ഇതിൽ രണ്ടുതരത്തിലുള്ള ചെലവുകളാണ് വരുന്നത്. എല്ലാക്കാലത്തും ബജറ്റിലെ ചെലവുകളുടെ കാര്യത്തിൽ ഫൈനാൻഷ്യൽ മെമ്മോറാണ്ടത്തിൽ ഇങ്ങനെ തന്നെയാണ് രേഖപ്പെടുത്തുന്നത്. ഈ ഗവൺമെന്റ് അവതരിപ്പിച്ചിട്ടുള്ള പുതുക്കിയ ബഡ്ജറ്റ് ഫിഗേഴ്സ് തെറ്റാണെന്ന് വരുത്തിത്തീർക്കാൻ ശ്രീ.കെ.എം. മാണി നടത്തിയിട്ടുള്ള പ്രസ്താവന മാധ്യമങ്ങളിലൂടെ വന്നുകൊണ്ടിരിക്കുകയാണ്.

## 2006-2007 വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിനെക്കുറിച്ചുള്ള പൊതു ചർച്ച (തുടർച്ച)

ശ്രീ.എം.കെ.പ്രേംനാഥ്: ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമ്പത്തികമേഖലയിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ കഴിഞ്ഞ ഒരു ബഡ്ജറ്റാണിത്. ഈ ബഡ്ജറ്റ് അവതരിപ്പിച്ചതിനുശേഷം പ്രധാന മേഖലകളിലൊന്നും വില വർദ്ധനവുണ്ടാകുന്നില്ല. ഹോട്ടലുകൾ, കല്യാണമണ്ഡപങ്ങൾ എന്നിവയ്ക്ക് ആഡംബര നികുതി ചുമത്താനാണ് ഉദ്ദേശിക്കുന്നത്. കാർഷിക രംഗത്തും പരംപരാഗത മേഖലകളിലുമൊക്കെ ഒട്ടനവധി സംഭാവനകൾ ഈ ബഡ്ജറ്റിലൂടെ നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉന്നമനത്തിനുവേണ്ടി 40 കോടി രൂപ നീക്കിവച്ചത് സ്വാഗതാർഹമാണ്. കയർ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 14 കോടി രൂപ നീക്കിവച്ചു. വളരെയധികം പ്രതിസന്ധി നേരിടുന്ന കൈത്തറി മേഖലയ്ക്ക് റിബേറ്റ് നൽകുന്നതിനുള്ള നടപടി സ്വീകരിക്കണം .കോഴിക്കോട് ജില്ലയിലെ സോപ്സ് ആന്റ് ഓയിൽസ് ഫാക്ടറിയും മാവൂർ ഗ്വാളിയോർ റയോൺസും തുറന്നു പ്രവർത്തിപ്പിക്കാനും മലബാറിനോടുള്ള അവഗണന അവസാനിപ്പി ക്കാനുമാവശ്യമായ നടപടി സ്വീകരിക്കണം. മൽസ്യ മേഖലയിൽ 3000 കോടി രുപയുടെ ഒരു സമഗ്ര തീരദേശ വികസന പരിപാടി നടപ്പിലാക്കാൻ പോകുന്നതിനെ സ്വാഗതം ചെയ്യുന്നു. മൽസ്യ ത്തൊഴിലാളികൾക്ക് എസ്.ടി.സി വഴി മണ്ണെണ്ണ ഇറക്കുമതി ചെയ്ത് വിലകുറച്ച് വിതരണം ചെയ്യാനുള്ള നിർദ്ദേശവും പ്രശംസനീയമാണ്. കോഴിക്കോട് മെഡിക്കൽ കോളേജിനോടനുബന്ധിച്ച് ഒരു മെഡിക്കൽ യൂണിവേഴ്സിറ്റി അനുവദി ക്കണം. മലബാർ ക്യാൻസർ സെന്റർ വികസിപ്പിക്കുന്നതിനുള്ള നടപടി

സ്വീകരിക്കണം. നാളികേര വികസനത്തിനുവേണ്ടി 36.25 കോടിരൂപ വിനിയോഗിക്കാൻ തീരുമാനിച്ചതും കാർഷികമേഖലയിൽ വിപണനത്തിനും സംസ്കരണത്തിനുംവേണ്ടി 11 കോടിരൂപയും നെൽക്കൃഷി വികസനത്തിന് 16 കോടിരൂപയും നീക്കിവച്ചതും കാർഷിക കടാശ്വാസ കമ്മിഷൻ രൂപീകരിക്കുമെന്ന് പറഞ്ഞിട്ടുള്ളതും സ്വാഗതാർഹമാണ്. വയനാട് പാക്കേജ് നടപ്പിലാക്കുമെന്നതും അംഗൻവാടി ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ചതും അഭിനന്ദനാർഹമാണ്.

ശ്രീ.യു.സി. രാമൻ: ബജറ്റിനെ എതിർക്കുന്നു. തൊഴിൽരഹിതരോട് വാഗ്ദാനലംഘനം നടത്തിയിരിക്കുന്നു. വ്യാവസായിക മേഖലയിലെ പുരോഗതിക്കുവേണ്ടി യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന വിശാലമായ കാഴ്ചപ്പാടുകളൊന്നും ഐ.ടി., ടൂറിസം മേഖലകളിൽ ഈ ഗവൺമെന്റിനില്ല. ഭവന നിർമ്മാണ സാധന സാമഗ്രികളുടെ നികുതി വർദ്ധിപ്പിച്ചു. റബ്ബറിന് കിലോയ്ക്ക് 21 രൂപയുണ്ടായിരുന്നത് 100 രൂപയാക്കി വർദ്ധിപ്പിക്കാൻ കഴിഞ്ഞത് യുഡി.എഫ്. സർക്കാരിന്റെ നേട്ടമാണ്. യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഒപ്പുവച്ചിരുന്ന സ്മാർട്ട് സിറ്റി പദ്ധതി നടപ്പാക്കുന്നതിന് തടസ്സംനിന്ന എൽ.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ അതേക്കുറിച്ച് പഠിക്കണമെന്നുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. കടക്കെണിയിൽപ്പെട്ട് ദുരിതമനുഭവിക്കുന്ന കർഷകരെ സഹായിക്കാൻ ആവശ്യമായ സത്വര നടപടികൾ സ്വീകരിക്കണം. പെട്രോളിയം ഉൽപ്പന്നങ്ങൾക്ക് വിലകൂട്ടിയപ്പോൾ സംസ്ഥാന നികുതിയിൽ ഇളവുവരുത്തി കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്നതിനും സഹായിക്കുന്നതിനും പകരം കേന്ദ്രവിരുദ്ധ സമരവുമായി മുന്നോട്ടു പോകുന്നത് ശരിയല്ല. ആരോഗ്യ രംഗത്ത് മലബാർ മേഖലയോടുള്ള തികഞ്ഞ അവഗണനയാണ് ഈ

ബഡ്ജറ്റിലൂടെ പ്രകടമാകുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 4 കോടി രൂപ അപര്യാപ്തമാണ്; അത് വർദ്ധിപ്പിക്കണം. ഈ സ്ഥാപനത്തിന് കിട്ടുമെന്ന് പ്രതീക്ഷിച്ചിരുന്ന എ.ഐ.ഐ.എം.എസ് പദവി നഷ്ടപ്പെട്ടതും വളരെയേറെ പ്രതിഷേധാർഹമാണ്. മാറാട് കേസുമായി ബന്ധപ്പെട്ട് ജയിലിൽ കഴിയുന്ന നിസാറിന്റെ പിതാവ് മരണമടഞ്ഞിട്ട് കോടതിയുടെ നിർദ്ദേശമുണ്ടായിട്ടും സ്വന്തം പിതാവിന്റെ ശവശരീരം നിസാറിനെ കാണിക്കാനോ സംസ്ക്കാരച്ചടങ്ങിൽ പങ്കെടുപ്പിക്കാനോ പോലീസ് സന്നദ്ധമാകാതിരുന്നത് പ്രതിഷേധാർഹമാണ്. മാവൂർ ഗ്വാളിയർ റയോൺസിന്റെ അനുബന്ധ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തി പുതിയ വ്യവസായ സംരംഭം ആരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും തുല്യവേതനം നൽകാനുള്ള സംവിധാനമുണ്ടാക്കണം.

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ:</u> ബഡ്ജറ്റിനെ സ്വാഗതം ചെയ്യുന്നു. ആദിവാസികളുടേയും കൃഷിക്കാരുടേയും പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഈ ബഡ്ജറ്റിലുണ്ടെന്നുള്ളത് വയനാട്ടിലെ ജനങ്ങൾക്ക് പ്രതീക്ഷ നൽകുന്നു. സമ്പന്നമായ കാർഷികവിളകളും രമണീയമായ ഭൂപ്രകൃതിയുംകൊണ്ട് അനുഗ്രഹീതമായ വയനാട് ജില്ലയിലെ കർഷകരുടെ ജീവിതം 1990 മുതൽ ആഗോളീകരണത്തിന്റെ ഫലമായി തകർന്നുകൊണ്ടിരിക്കുകയാണ്. സ്വാതന്ത്ര്യ പിറവിക്കുശേഷം രാജ്യത്തിന് കോടാനുകോടി രൂപയുടെ വിദേശനാണ്യം നേടിക്കൊടുത്ത ഈ ജില്ലയിൽ കൃഷി നാശം സംഭവിച്ചപ്പോൾ അതിൽ നിന്ന് കർഷകരെ കരകയറ്റാൻ കേന്ദ്ര ഗവൺമെന്റിനോട് സഹായം ആവശ്യപ്പെടാതെ അവരെ പരിഹസിക്കുകയും

വഞ്ചിക്കുകയുമാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ ചെയ്തത്. കടക്കെണിയിലായ കർഷകരെ രക്ഷിക്കാനെന്നപേരിൽ 500 കോടി രൂപയുടെ പാക്കേജ് വയനാട് ജില്ലയ്ക്കുവേണ്ടി പ്രഖ്യാപിച്ചെങ്കിലും അത് നടപ്പിലാക്കാത്തതിന്റെ ഫലമായി പ്രതീക്ഷ നഷ്ടപ്പെട്ട കർഷകരെ കൂട്ടത്തോടെ ആത്മഹത്യയുടെ വക്കിലേയ്ക്ക് തള്ളിവിടുകയാണ് ഐക്യജനാധിപത്യ മുന്നണി സർക്കാർ ചെയ്തത്. എന്നാൽ അധികാരത്തിൽ വന്ന് ഒരു മാസം തികയുന്നതിനുമുമ്പ് കാർഷിക മേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ 501 കോടി രൂപയുടെ പദ്ധതി കേന്ദ്ര ഗവൺമെന്റിൽ സമർപ്പിക്കാൻ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് കഴിഞ്ഞു. കേന്ദ്ര ആസൂത്രണ ബോർഡിന് മുമ്പാകെ 501 കോടി രൂപയുടെ പദ്ധതി, കാർഷിക കടാശ്വാസ കമ്മീഷന് 100 കോടി രൂപ, പിന്നോക്ക ജില്ലാ വികസന ഫണ്ടിൽ നിന്ന് ഓരോ കർഷകനും 5000 രൂപ ഗ്രാന്റ്, വയനാട് ജില്ലയിലെ വൻകിട ഭക്ഷ്യ സംരക്ഷണ പാർക്ക്, ദേശീയ തൊഴിൽ ഉറപ്പു പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പ് തുടങ്ങിയവ കടക്കെണിയിൽപ്പെട്ട് നട്ടം തിരിയുന്ന കർഷകർക്ക് ആശ്വാസവും പ്രതീക്ഷയുമാണ് നൽകിയിരിക്കുന്നത്. കഴിഞ്ഞ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ ആദിവാസികൾക്ക് നൽകിയ എല്ലാ ആനുകൂല്യങ്ങളും പിന്നീട് അധികാരത്തിൽ വന്ന യു.ഡി.എഫ്. സർക്കാർ അട്ടിമറിക്കുകയാണുണ്ടായത്. ആദിവാസി പങ്കാളിത്തത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലൂടെ നടപ്പിലാക്കിവന്നിരുന്ന പദ്ധതികൾക്കുള്ള ഫണ്ട് യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ തിരിച്ചെടുക്കുകയാണുണ്ടായത്. ആദിവാസികളുടെ പിന്നോക്കാവസ്ഥയ്ക്ക് കാരണം അവരുടെ അറിവില്ലായ്മയായതുകൊണ്ട് അവർക്ക് വിദ്യാഭ്യാസം നൽകേണ്ടത് മർമ്മപ്രധാനമായ കാര്യമാണ് എന്നത് 1957-നുശേഷം മാറിമാറി വന്ന ഗവൺമെന്റു

കളും കേരളത്തിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും അംഗീകരിച്ച പൊതുവായ കാര്യമാണ്. എന്നാൽ കഴിഞ്ഞ 5 വർഷക്കാലം യു.ഡി.എഫ്. സർക്കാർ ഇക്കാര്യത്തിൽ വൻ അനാസ്ഥയാണ് കാണിച്ചിട്ടുള്ളത്. ആദിവാസികളുടെ വിദ്യാഭ്യാസാനുകൂല്യങ്ങളിൽ 38 കോടി രൂപയുടെ കുടിശ്ശികയാണ് കഴിഞ്ഞ ഗവൺമെന്റ് വരുത്തിയിട്ടുള്ളത്. വയനാട് ജില്ലയിൽ ആദിവാസികൾക്ക് തൊഴിൽ കൊടുക്കുന്നതിന് വിവിധ ഗവൺമെൻറുകളുടെ കാലത്ത് പദ്ധതി കൾ ഉണ്ടാക്കിയിട്ടുണ്ട്. അയ്യായിരത്തിലധികം ആദിവാസി കുടുംബങ്ങൾ പണി.യെടുക്കുന്ന പ്രോജക്ടുകൾ വയനാട്ടിലുണ്ടായിരുന്നു. വയനാട്ടിലെ ആദിവാസികൾ ഗ്രാമപ്രദേശങ്ങളിലെ ആദിവാസികളിൽനിന്ന് വ്യത്യസ്ഥമായ ജീവിത നിലവാരം പുലർത്തിയവരായിരുന്നു. എല്ലാ ദിവസവും പണി ചെയ്ത് വരുമാനം കിട്ടിയതിന്റെ ഫലമായി ആദിവാസി സ്ത്രീകൾ നല്ല വസ്ത്രം ധരിക്കുകയും കുട്ടികളെ സ്കൂളിലും കോളേജിലും അയച്ച് പഠിപ്പിക്കുകയും ചെയ്തിരുന്നു. എന്നാൽ ആ പ്രോജക്ടുകളെ തകർത്ത് തരിപ്പണമാക്കി നാലായിരത്തിലധികം ആദിവാസികളെ അരാജക ത്വത്തിലേയ്ക്ക് തള്ളിവിട്ടത് കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റാണ്. ആദിവാസികൾക്ക് ഭൂമി കൊടുക്കാമെന്ന് പറഞ്ഞ് പറ്റിച്ചതും ജാനുവിന്റെ കൂടെ സമരത്തിനുപോയ യോഗിയെ വെടിവച്ചു കൊല്ലുന്ന സാഹചര്യം ഉണ്ടാക്കിയതുമെല്ലാം യു.ഡി.എഫ്. ഗവൺമെന്റാണ്. നൂറുകണക്കിന് പാവ പ്പെട്ട ആദിവാസികളുടെ കയ്യും കാലുമൊടിച്ചു. ഈ ആദിവാസികളുടെ ഒരു മാസത്തെ ചികിത്സയ്ക്കുവേണ്ടി ഒരു ലക്ഷം രൂപ വകയിരുത്തണം. തങ്ങൾക്ക് അനുവദിക്കുമെന്ന് ഗവൺമെന്റ് വാഗ്ദാനം ചെയ്ത ഭൂമി എവിടെ യെന്ന് ചോദിച്ചതിന്റെ പേരിൽ കുട്ടികൾ, ഗർഭിണികൾ, വൃദ്ധജനങ്ങൾ തുടങ്ങി രണ്ടായിരത്തോളം ആദിവാസികളെ ജയിലിൽ തള്ളിയ

ഗവൺമെന്റാണ് കഴിഞ്ഞ യു.ഡി.എഫ് ഗവൺമെന്റ്. കേരളത്തിന്റെ ചരിത്ര ത്തിൽ ആദ്യമായിട്ടാണ് ഒരു ആദിവാസി സ്ത്രീ കണ്ണൂർ സെൻട്രൽജയിലിൽ വച്ച് പ്രസവിക്കുന്നത്. ആ നവജാതശിശു അവിടെവച്ച് മരിച്ച് അവിടെ ത്തന്നെ ശവമടക്കി. ആ ശിശുവിന് കണ്ണൂർ സെൻട്രൽ ജയിലിൽ ഒരു സ്മാരകം പണിയാൻ തയ്യാറാകണം.

<u>ശ്രീ. വി.ഡി. സതീശൻ</u> : ഇവിടെ അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് നിർദ്ദേശങ്ങളെ എതിർക്കുന്നു. എണ്ണൂറ്റിചില്വാനം കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ടുള്ളതിൽ 228 കോടി രൂപയുടെ പദ്ധതിയാണ് പുതിയതായി വന്നിരിക്കുന്നത്. ബാക്കി 600 കോടിരൂപയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ ധനകാര്യ വകുപ്പുമന്ത്രി വായിച്ച പ്ലാൻ ഇവിടെ വീണ്ടും ആവർത്തിച്ചിരിക്കുക യാണ്. അതുകൊണ്ട് ഇതിനെ ബഡ്ജറ്റ് പ്രസംഗത്തിലുപരി പ്ലാൻ പ്രസംഗ മായി വിശേഷിപ്പിക്കാം ദേശീയ മാനദണ്ഡങ്ങളെ മറികടന്നുകൊണ്ട് 20% ത്തിന്റെ ഒരു പുതിയ ഷെഡ്യൂൾ കൂടി . നികുതിഘടനയിൽ ഉണ്ടാക്കിയിരി ക്കുകയാണ്. അത് വളരെ കൂടിയ നികുതിയാണ്. നിലവിലുള്ള നികുതി ഊർജ്ജിതമായി പിരിക്കാനുള്ള നടപടികളാണ് വേണ്ടത്. ഇപ്പോൾത്തന്നെ ഇഷ്ടംപോലെ ടാക്സ് ഇവേഷൻ നടക്കുന്നുണ്ട്. കഴിഞ്ഞ അഞ്ചുവർഷ ക്കാലം സാമ്പത്തികവളർച്ചയുടെ കാര്യത്തിൽ കേരളം റെക്കാർഡ് നേട്ടം കൈവരിച്ചു. ഇന്റർ നാഷണൽ ക്വാളിറ്റി ട്രേഡ് സെന്ററായി കേരളം മാറി ക്കൊണ്ടിരിക്കുകയാണ്. എന്നാൽ കെട്ടിട നിർമ്മാണ വസ്തുക്കളുടെ നികുതി വർദ്ധിപ്പിക്കുന്നതുകൊണ്ട് കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് കേരള ത്തിലുണ്ടായ കൺസ്ട്രക്ഷൻ ബൂം തകരും. ഇവിടെ റിയൽ എസ്റ്റേറ്റ് ബിസിനസ്സിൽ തകർച്ചയുണ്ടാവുകയും ഡ്രഗ് സെയിലിൽ കുറവുണ്ടാവു കയും ചെയ്തിരിക്കുന്നു. കൃഷി, പരമ്പരാഗത വ്യവസായം എന്നിവയ്ക്ക്

ധാരാളം സാഹചര്യമുണ്ടായിരിക്കുന്നുവെന്നാണ് ഗവണ്മെന്റ് അവകാശപ്പെടുന്നത്. കാർഷിക കടാശ്വാസ കമ്മിഷൻ, കാർഷിക കമ്മിഷൻ എന്നിവയ്ക്ക് 100 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ടെങ്കിലും ഈ കമ്മിഷനുകൾ നിലവിൽ വരുന്നതിന് കാലതാമസമെടുക്കുന്നതിലൂടെ കാർഷിക കടം കൊടുക്കാതിരിക്കാൻ ഗവണ്മെന്റിനു ധാരാളം സമയം ലഭിക്കും. കടാശ്വാസവും കാർഷിക വില നയങ്ങളും സംബന്ധിച്ച നിർദ്ദേശങ്ങൾക്കു പുറമെ 501 കോടി രൂപയുടെ പദ്ധതികളാണ് വയനാട് പാക്കേജിൽ സമർപ്പിച്ചിരിക്കുന്നതെന്നും കേന്ദ്ര ആസൂത്രണ കമ്മിഷന്റെ തീരുമാനത്തിന് കാത്തുനിൽക്കാതെ തന്നെ തൊഴിലുറപ്പു പദ്ധതികളും ഇപ്പോൾ ലഭ്യമായ കേന്ദ്രാവിഷ്കൃത പദ്ധതികളും സംയോജിപ്പിച്ചുകൊണ്ട് വയനാട് പാക്കേജ് നടപ്പിലാക്കുമെന്നും സ്വകാര്യ പണമിടപാടുകാർ നൽകുന്ന വായ്പയ്ക്ക് ഈടാക്കുന്ന കൊള്ളപ്പലിശ ഒഴിവാക്കുന്നതിന് കടാശ്വാസ കമ്മിഷന് അധികാരമുണ്ടായിരിക്കുമെന്നുമാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. അവർക്കെതിരെ നടപടി സ്വീകരിച്ചാൽ ധാരാളം അപ്പലേറ്റ് കോടതികളുള്ള സാഹചര്യത്തിൽ, ഒരിക്കലും തീരാത്ത വ്യവഹാരങ്ങളായി അവ മാറുന്ന സാഹചര്യമാണ് ഉണ്ടാകാൻ പോകുന്നത്. കഴിഞ്ഞ ബഡ്ജറ്റിന്റെ 20 ശതമാനം കൃഷിക്കായി മാറ്റി വയ്ക്കുകയും കശുവണ്ടിക്ക് ഏറ്റവും കൂടുതൽ പണം ചെലവഴിക്കുകയും ചെയ്തുവെങ്കിൽ ഈ ബഡ്ജറ്റിൽ കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും വേണ്ടി 15 കോടിരൂപ മാത്രമാണ് മാറ്റിവച്ചിരിക്കുന്നത്. കശുവണ്ടി വികസന കോർപ്പറേഷന് പണം വകയിരുത്തിയതുകൊണ്ടുമാത്രം ഈ വ്യവസായത്തെ സംരക്ഷിക്കാൻ കഴിയുകയില്ല. പരമ്പരാഗത വ്യവസായ മേഖലയ്ക്കുവേണ്ടി ആവശ്യമായ തുക വകയിരുത്താൻ ഗവണ്മെന്റിനു കഴിഞ്ഞിട്ടില്ല. വമ്പന്മാരിൽനിന്നും നികുതി പിരി

ക്കുന്നതിനുപകരം തൊഴിലില്ലാത്ത സാധാരണക്കാരായ ചെറുപ്പക്കാർ ഉപജീവനത്തിനുവേണ്ടി നടത്തുന്ന കേബിൾ ടി.വി.ക്ക് നികുതിയേർപ്പെടുത്തി അവരുടെ ജീവിതം വഴിമുട്ടിക്കുന്നത് ശരിയല്ല. പൊതുമേഖലാ വ്യവസായ ശാലകൾക്ക് 40 കോടി രൂപ വകയിരുത്തിയിരിക്കുന്നത് ഉപയോഗപ്രദമായ രീതിയിൽ ചെലവഴിക്കണം. ഈ നിയമസഭ പാസ്സാക്കിയ സാമ്പത്തിക ഉത്തരവാദിത്വ ബില്ലിൽ റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാൻ എന്തൊക്കെ ചെയ്യണമെന്ന് പ്രതിപാദിച്ചിട്ടുണ്ട്. റവന്യൂ കമ്മി കുറച്ചുകൊണ്ടുവരാനുള്ള മാർഗ്ഗം ആലോചിക്കണം. സ്വകാര്യ വിദേശ മൂലധനനിക്ഷേപം സംബന്ധിച്ച നിർദ്ദേശങ്ങളെ സ്വാഗതം ചെയ്യുന്നു. സാമ്പത്തിക വളർച്ചയ്ക്ക് തടസ്സം സൃഷ്ടിക്കുന്ന നിർദ്ദേശ ങ്ങളാണ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

<u>ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. രാജ്യത്തെ എങ്ങോട്ടുകൊണ്ടുപോകണമെന്നുള്ള ദിശാബോധമുള്ള ഒരു ബഡ്ജറ്റാണിത്. രാജ്യത്തെ സമ്പദ്ഘടന മെച്ചപ്പെടുത്താൻ ഉതകുന്ന, കാർഷിക മേഖലയ്ക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പദ്ധതികൾ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കാർഷിക കടാശ്വാസ കമ്മീഷനും കാർഷിക കമ്മീഷനും കാർഷിക മേഖലയെ അഭിവൃദ്ധിപ്പെടുത്താൻ ഉതകുന്നവയാണ്. ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജിന് 3 കോടി രൂപ നീക്കിവച്ചിരിക്കുന്നതിലൂടെ മലപ്പുറം, പാലക്കാട് മേഖലയിലെ വർഷങ്ങളായുള്ള കുടിവെള്ള പ്രശ്നം പരിഹരിക്കപ്പെടാനും, ജലസേചനസൗകര്യങ്ങളുണ്ടാകുന്നതിലൂടെ നെൽക്കൃഷി അഭിവൃദ്ധിപ്പെടുത്താനും കഴിയും. തിരുക്കൊച്ചിയുടെ വികസന വുമായി ബന്ധപ്പെട്ട ബഡ്ജറ്റാണിത്. കൊണ്ടോട്ടിയിൽ ഹജ്ജ് കമ്മിറ്റിയുടെ ഓഫീസ് നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ നീക്കിവയ്ക്കുകയും, മാപ്പിള കലാസാഹിത്യ രചയിതാവായ മോയിൻകുട്ടി വൈദ്യരുടെ സ്മാരകനിർമ്മാണ

ത്തിന് 10 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തതിലൂടെ മലപ്പുറം ജില്ലയോടുണ്ടായിരുന്ന അവഗണനയാണ് മാറ്റപ്പെടുന്നത്. വാഗൺ സൗകര്യമില്ലാത്തതിനാൽ വെറ്റില കയറ്റി അയയ്ക്കാൻ കഴിയാതെ വെറ്റിലകൃഷിക്കാർ ബുദ്ധിമുട്ടനുഭവിക്കുകയാണ്. അവരെ സംരക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടേയും ക്ഷേമൈശ്വര്യം ലക്ഷ്യമാക്കിക്കൊണ്ടുള്ള ഒരു ബഡ്ജറ്റാണിത്.

<u>ശ്രീ. സാജു പോൾ :</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിലെ കർഷകരോടൊപ്പം നിൽക്കുന്ന ഗവണ്മെന്റാണിതെന്ന് ബഡ്ജറ്റ് കാണുമ്പോൾതന്നെ മനസ്സിലാകും. കാർഷിക-പരമ്പരാഗത വ്യവസായരംഗത്തുള്ളവർക്ക് ക്ഷേമവും ഐശ്വര്യവും പ്രദാനം ചെയ്യുന്ന ധാരാളം കാര്യങ്ങൾ ബഡ്ജറ്റ് നിർദ്ദേശങ്ങളിലുണ്ട്. കേബിൾ ടി.വി.ക്ക് നികുതി ഏർപ്പെടുത്തിയിരിക്കുന്ന കാര്യത്തിൽ എന്തെങ്കിലും അന്യായമുണ്ടെങ്കിൽ അത് പരിശോധിക്കണം. ക്രെഡിറ്റ് കാർഡ് ബിസിനസ്, മൊബൈൽ ഫോൺ സർവ്വീസ് തുടങ്ങിയ ആർഭാട വിഭാഗങ്ങൾക്ക് നികുതി ഏർപ്പെടുത്തിക്കൊണ്ട് പാവപ്പെട്ട ആളുകളെ സഹായിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ തൊഴിലാളികളെ, തൊഴിൽരഹിതരെ, കർഷകരെ, പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരെയൊക്കെ സഹായിക്കാൻ കഴിയണം. യു.ഡി.എഫ്. ഗവൺമെന്റ് കെ.എസ്.ടി.പി.യിലൂടെ കോടിക്കണക്കിന് രൂപയാണ് നഷ്ടപ്പെടുത്തിയത്. എറണാകുളത്ത് കെ.എസ്.ടി.പി.ക്കുവേണ്ടി വസ്തു ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കാൻ കഴിയാത്ത ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനെ പൊതുമരാമത്ത് വകുപ്പ് സെക്രട്ടറിയായി നിശ്ചയിച്ചിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി കൊണ്ടുവരുന്ന ജനക്ഷേമകരങ്ങളായ പദ്ധതികൾക്ക് തുരങ്കം വയ്ക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ

ശക്തമായ നടപടി സ്വീകരിക്കുന്നതിന് കേരള ജനത സർക്കാരിനൊപ്പ മുണ്ടാകും. കേരളത്തെ ഇനി ആർക്കും കട്ടുമുടിക്കാനാവില്ല. എൽ.ഡി.എഫ്. ഗവൺമെന്റിന്റെ നേരിനൊപ്പം എന്ന ലഘുലേഖയിൽ നൂറ് ശതമാനവും വസ്തുതകളാണ് പ്രസിദ്ധീകരിച്ചിട്ടുള്ളത്. പബ്ളിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റ് ആവശ്യമില്ലാതെ പോസ്റ്ററുകൾ ഇറക്കി ഖജനാവിലെ പണം നഷ്ടപ്പെടുത്തരുത്. അബ്ദുൾ നാസർ മ്അദനിയുടെ കുഞ്ഞുമ്മ മരിച്ചപ്പോൾ പരോൾ അനുവദിക്കാത്തവർ ഇന്ന് മാറാട് പ്രതികളിൽ ഒരാൾക്ക് പരോൾ അനുവദിച്ചില്ലെന്നു കുറ്റംപറയുകയാണ്. കേരളത്തിന്റെ ഭാവിചിത്രം മാറ്റിമറിക്കുന്ന നിർദ്ദേശങ്ങളടങ്ങിയ സർവ്വതല സ്പർശിയായ ഒരു ബഡ്ജറ്റാണിത്.

<u>ശ്രീ.കെ.കുഞ്ഞിരാമൻ</u> : ബഡ്ജറ്റിനെ അനുകൂലിക്കുന്നു. സർവ്വതല സ്പർശിയായ സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുന്ന ഒരു ബഡ്ജറ്റാണിത്. ഭൂരിഭാഗം ജനങ്ങളുടേയും കഷ്ടപ്പാടുകൾക്കും വേദനകൾക്കും ആശ്വാസമേകുന്ന ബഡ്ജറ്റിനെക്കുറിച്ചുള്ള ജനങ്ങളുടെ പ്രതികരണം ശ്രദ്ധേയമാണ്. ഇടതുപക്ഷ ജനാധിപത്യമുന്നണി പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ ഒന്നൊന്നായി നടപ്പിലാക്കാൻ പോവുകയാണ്. കാർഷിക കമ്മിഷൻ, കാർഷിക കടാശ്വാസ കമ്മിഷൻ എന്നിവയ്ക്ക് ഊന്നൽ നൽകിയിട്ടുണ്ട്. ഈ ബഡ്ജറ്റിൽ ജനങ്ങൾക്കുവേണ്ടി ഒന്നും ഉൾപ്പെടുത്തിയിട്ടില്ലെന്ന വിമർശനം ശരിയല്ല. പരമ്പരാഗത വ്യവസായത്തൊഴിലാളികൾ ഇന്ന് വളരെ സന്തോഷത്തിലാണ്. ഖാദിത്തൊഴിലാളികൾക്ക് തുച്ഛമായ വേതനമാണ് ഇന്ന് ലഭിക്കുന്നത്. അവർക്ക് ആശ്വാസം പകരുന്ന നടപടികൾ സ്വീകരിക്കണം. സാമൂഹ്യ സുരക്ഷാ രംഗത്ത് ആശ്വാസമേകുന്ന പ്രഖ്യാപനങ്ങളുണ്ട്. കർഷകത്തൊഴി

ലാളി പെൻഷനിലും ക്ഷേമനിധിയിലുമെല്ലാം കാലോചിതമായ മാറ്റങ്ങൾ വരുത്തണം. കൂടുതൽ തൊഴിലാളി വിഭാഗങ്ങൾക്ക് ഷേമനിധി നടപ്പിലാക്കണം. തീരദേശമേഖലകളോട് ഉദാരമായ സമീപനം ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്. വയനാട് പാക്കേജും സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതിയും സ്വാഗതാർഹമാണ്. വൈദ്യുതി രംഗത്ത് ദീർഘവീക്ഷണത്തോടുകൂടിയ സമീപനം സ്വീകരിച്ചിട്ടുണ്ട്. പണം വകയിരുത്താതെയുള്ള നിരവധി പ്രഖ്യാപനങ്ങളാണ് യു.ഡി.എഫ്. ഗവൺമെന്റ് നടത്തിയിരുന്നത്. ലോക കായിക മൽസരങ്ങളിൽ കേരളത്തിന് ഒരു മെഡൽപോലും നേടാനാകാത്തത് കായികമേഖലയോട് ഗവൺമെന്റുകൾ കാണിക്കുന്ന അനാസ്ഥകൊണ്ടാണ്. കായികമേഖലയെ ഈ ബഡ്ജറ്റിൽ ഗൗരവമായി പരിഗണിച്ചിട്ടുണ്ട്. ദേശീയതല ഫുട്ബോൾ ലീഗ് മാച്ച് കേരളത്തിൽ സംഘടിപ്പിക്കുന്നതിന് 25 ലക്ഷം രൂപയും ഉഷാ സ്കൂൾ ഓഫ് അത്ലറ്റിക്സിന് 15 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഒന്നാം ഡിവിഷൻ ക്ളബ് ടീം ആയി അംഗീകാരം നേടുന്ന കേരളത്തിലെ ഫുട്ബോൾ ക്ളബ്ബിന് 25 ലക്ഷം രൂപ സമ്മാനമായി നൽകുന്നതിന് മാറ്റിവച്ചി ട്ടുണ്ട്. ഈ മേഖലകളെ ശക്തിപ്പെടുത്തുന്നതിന് അടിസ്ഥാനപരമായ സമീപനങ്ങൾ സ്വീകരിക്കണം. തകർന്ന മേഖലകൾക്ക് ആശ്വാസം നൽകുന്ന നടപടികളാണ് ഈ ബഡ്ജറ്റിലുള്ളത്. ഖജനാവ് നിറഞ്ഞാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താനാകും. ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാഴ്ചപ്പാട് അനുസരിച്ചാണ് ഈ ബഡ്ജറ്റിന് രൂപം നൽകിയിട്ടുള്ളത്. സ്വർണ്ണ വ്യാപാരികളിൽനിന്നും നികുതി ഈടാക്കുന്ന നടപടി സ്വാഗതാർഹമാണ്. നാടിന്റെ സ്ഥിതിയേയും ധനകാര്യ സ്ഥിതിയേയും തുറന്നുകാണിക്കുന്ന ജനങ്ങൾക്കുവേണ്ടിയുള്ള ബഡ്ജറ്റിനെ രാഷ്ട്രീയരേഖ

യെന്നു പറഞ്ഞ് പ്രതിപക്ഷം അപമാനിക്കുന്നത് ശരിയല്ല. യു.ഡി.എഫ്. സർക്കാരിൽനിന്നും വ്യത്യസ്തമായ സമീപനമാണ് മലബാർ മേഖലയോട് ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. കാസർകോഡ് ജില്ലയിലെ എല്ലാ നല്ല കാര്യങ്ങൾക്കും തുടക്കം കുറിച്ചിട്ടുള്ളത് മാറിമാറി വന്നിട്ടുള്ള ഇടതുപക്ഷ ജനാധിപത്യ സർക്കാരുകളാണ്. വിദ്യാഭ്യാസം, തൊഴിൽ, ഗതാഗതം, ടൂറിസം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കൊക്കെ കൂടുതൽ പരിഗണന കൊടുത്തിട്ടുണ്ട്. എൻഡോസൾഫാൻ ദുരന്തത്തിന് ഇരയായിട്ടുള്ളവരുടെ പുനരധിവാസത്തിന് കാസർകോഡ് ജില്ലാ പഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള പ്രത്യേക പദ്ധതിക്ക് 50 ലക്ഷം രൂപ നീക്കിവച്ചിരിക്കുകയാണ്. ഇക്കാര്യത്തിലും ജില്ലാ പഞ്ചായത്തുകൾ സമർപ്പിച്ച സമഗ്രമായ പ്രോജക്ടുകളിലുമൊക്കെ നിഷേധാത്മക നിലപാടുകളാണ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചിട്ടുള്ളത്. തൃക്കരിപ്പൂരിൽ കണ്ണിവയൽ പ്രദേശത്ത് ഐ.സി.ഡി.പി. സഹായത്തോടെ 25 ലക്ഷം രൂപ മുതൽമുടക്കി നാളികേര സംസ്കരണ യൂണിറ്റിനുവേണ്ടി 18.2.2004-ൽ തറക്കല്ലിട്ട കെട്ടിടത്തിന് ഭരണാനുമതി നൽകുന്നതിന് സഹകരണ വകുപ്പുമന്ത്രി നടപടി സ്വീകരിക്കണം.

ശ്രീ. മാങ്കോട് രാധാകൃഷ്ണൻ :ബഡ്ജറ്റിനെ പിന്താങ്ങുന്നു. കേരളത്തെ സ്നേഹിക്കുന്ന ആർക്കും ഈ ബഡ്ജറ്റിനെ എതിർക്കാനാവില്ല. സംസ്ഥാനത്തിന്റെ സമസ്ത മേഖലകൾക്കും പ്രത്യാശപകരുന്ന ബഡ്ജറ്റാണിത്. രാഷ്ട്രീയ, കാർഷിക, വ്യാപാര, വ്യവസായ രംഗങ്ങളിലുള്ളവർ ഈ ബഡ്ജറ്റിനെ സംബന്ധിച്ച് മോശമായ പ്രതികരണം നടത്തിയിട്ടില്ല. പ്രതിപക്ഷത്തിന്റെ ഇപ്പോഴത്തെ ആവശ്യം ധവളപത്രം ഇറക്കണമെന്നതാണ്. ഇവിടുത്തെ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ച് ധനകാര്യ

വകുപ്പുമന്ത്രി പറയുകയുണ്ടായി. 1957 മുതൽ മാറിമാറി ഭരിച്ച ഗവൺമെന്റുകൾ ഉണ്ടാക്കിയ കടമാണ് 23919 കോടിരൂപയുടേത്. ഇപ്പോൾ കടം 50,000 കോടി രൂപയാണ്. കാർഷിക-വ്യാവസായിക പരമ്പരാഗത വ്യവസായ മേഖലകളുടെ പുനരധിവാസത്തിനുള്ള ഒരു മാർഗ്ഗരേഖയാണ് ഈ ബഡ്ജറ്റ്. കഴിഞ്ഞ അഞ്ചുവർഷക്കാലം കർഷകർക്കുവേണ്ടി പ്രഖ്യാപിച്ച പാക്കേജുകളിലൂടെയുള്ള പണം അവർക്ക് ലഭ്യമായിട്ടില്ല. 1500-ൽപ്പരം കർഷകർ ആത്മഹത്യ ചെയ്തു. കാർഷിക കമ്മിഷനും കാർഷിക കടാശ്വാസ കമ്മിഷനും ഒന്നും കർഷകരെ രക്ഷപ്പെടുത്താൻ പോകുന്നില്ലെന്നാണ് ഐക്യജനാധിപത്യ മുന്നണിയുടെ അഭിപ്രായം. സ്വകാര്യ പണമിടപാടുകാരുടെ വായ്പകളുടെമേൽ കൊള്ളപ്പലിശ ഒഴിവാക്കുന്നതിനുവേണ്ടി ഒറ്റത്തവണ തീർപ്പാക്കുന്നതിന് കമ്മിഷന് അധികാരം നൽകിക്കൊണ്ടുള്ള നിയമം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും അർദ്ധ ജുഡീഷ്യൽ പദവികൂടി ഈ കമ്മിഷന് ഗവൺമെന്റ് നൽകുകയാണെന്നും പറഞ്ഞിട്ടുണ്ട്. കേരളത്തിലെ കാർഷിക പ്രശ്നങ്ങൾ ഈ സമിതി സമഗ്രമായി കൈകാര്യം ചെയ്യും. കേരളത്തിലെ കാർഷിക മേഖലയ്ക്ക് പുതുജീവൻ നൽകുന്ന അമൂല്യമായ സമ്പത്താണ് പ്രഖ്യാപിച്ചിട്ടുള്ളത്. 113 പൊതുമേഖലാ സ്ഥാപനങ്ങളിലായി എഞ്ചിനീയർമാർ, സാങ്കേതിക വിദഗ്ദ്ധർ തുടങ്ങിയ ഉന്നത ഉദ്യോഗസ്ഥരടക്കം 25,000-ൽപ്പരം തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. കെൽട്രോൺ കൗണ്ടേഴ്സ്, കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്, ട്രിവാൻഡ്രം സ്പിന്നിംഗ് മിൽ തുടങ്ങിയ പൊതുമേഖലാസ്ഥാപനങ്ങളെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് അടച്ചുപൂട്ടുകയാണ് ചെയ്തത്. 104 പൊതുമേഖലാസ്ഥാപനങ്ങളിൽ 10 എണ്ണം മാത്രമാണ് ലാഭകരമായി പ്രവർത്തിക്കുന്നത്. കെൽട്രോണിനെ സംരക്ഷിക്കുന്നതിനായി ബഡ്ജറ്റിൽ

പത്ത് കോടി രൂപ മാറ്റിവച്ചിരിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിനായി 40 കോടി രൂപ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത് സ്വാഗതാർഹമാണ്. പൊതുവിതരണ രംഗത്തിന്റെ സൃഷ്ടാക്കൾ ഇടതുപക്ഷ പ്രസ്ഥാനമാണ്. നിത്യോപയോഗസാധനങ്ങളുടെ വില നിയന്ത്രിക്കാൻ പൊതുകമ്പോളത്തിൽ ഇടപെടാനായിട്ടാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവണ്മെന്റ് മാവേലി സ്റ്റോറുകൾ ആരംഭിച്ചത്. ആ മാവേലിസ്റ്റോറുകളുടെ എണ്ണം വർദ്ധിപ്പിക്കണം. ഒരു താലൂക്കിൽ ഒരു മൊബൈൽ മാവേലി സ്റ്റോർ വീതം സ്ഥാപിക്കണം. യു.ഡി.എഫ്. ഗവണ്മെന്റ്, മൂന്ന് രൂപയ്ക്ക് അരി കൊടുക്കുമെന്നുള്ള പ്രഖ്യാപനം നടത്തിയിട്ട് നയാപൈസ പോലും പൊതുവിതരണ രംഗത്തിനായി മാറ്റി വച്ചിട്ടില്ല. എന്നാൽ ഈ ബഡ്ജറ്റിൽ സാമ്പത്തിക പരാധീനതയ്ക്കുള്ളിൽ നിന്നുകൊണ്ട് 61 കോടി രൂപ മാറ്റിവച്ചുകൊണ്ട് പ്രസ്തുത സംരംഭം തുടർന്നു നടത്താൻ തീരുമാനിച്ചിട്ടുണ്ട്. സാധാരണക്കാരന്റെ ചികിൽസാകേന്ദ്ര ങ്ങളാണ് മെഡിക്കൽകോളേജുകൾ. യു.ഡി.എഫ്. അധികാരത്തിൽ വന്നപ്പോൾ കേരളത്തിലെ മെഡിക്കൽകോളേജുകൾ സ്വകാര്യ സംരംഭകർക്ക് കൈമാറാനുള്ള തീരുമാനമായിരുന്നു എടുത്തിരുന്നത്. ജീവൻരക്ഷാ മരുന്നുകൾ അവിടെയില്ലായിരുന്നു. ആഗോള നിക്ഷേപക സംഗമത്തിൽ വച്ച് കോഴിക്കോട് മെഡിക്കൽകോളേജിന് സൂപ്പർ സ്പെഷ്യാലിറ്റി ബ്ളോക്ക് പണിയാനായി ദുബായ് ഹോട്ടൽ ശൃംഖലയായ ഹോളിഡേയ്സ് ഗ്രൂപ്പിന് കൊടുക്കാൻ എം.ഒ.യു. ഒപ്പുവച്ചുവെങ്കിലും പ്രക്ഷോഭങ്ങളുണ്ടായ തിനെത്തുടർന്ന് അതിൽനിന്ന് പിൻമാറുകയുണ്ടായി. സർക്കാരാശുപത്രി കളിൽ മരുന്നും ഡോക്ടർമാരും സ്റ്റാഫും നിർബന്ധമായും ഉണ്ടായിരിക്കുമെന്നുള്ള പ്രഖ്യാപനമാണ് എൽ.ഡി.എഫ്. ഗവണ്മെന്റ്

നടത്തിരിക്കുന്നത്. കേരളത്തിന്റെ സമസ്തമേഖലകളെയും പുനരുദ്ധരിക്കുന്നതിനുവേണ്ടിയുള്ള സമഗ്രമായൊരു മാർഗ്ഗരേഖയാണ് ഈ ബഡ്ജറ്റ്.

<u>ശ്രീ. ബി. രാഘവൻ:</u> ബഡ്ജറ്റിനെ അനുകൂലിക്കുന്നു. കേരളത്തിന്റെ ചരിത്രം തിരുത്തിക്കുറിക്കുന്ന ഒരു ബഡ്ജറ്റാണിത്. അടിസ്ഥാനമേഖലയിൽ പണിയെടുക്കുന്ന ജനവിഭാഗങ്ങളുടെ അവകാശങ്ങളും ആനുകൂല്യങ്ങളും സംരക്ഷിക്കുന്നതിനുള്ള വർഗ്ഗപരമായ വീക്ഷണം ബഡ്ജറ്റിലുണ്ട്. പദ്ധതിച്ചെലവുകൾക്ക് തുക നീക്കിവച്ചുകൊണ്ടും നിലവിലുള്ള പദ്ധതികൾ ഭേദഗതി ചെയ്തുകൊണ്ടും ധനകാര്യമാനേജ്മെന്റിലൂടെ ഭാവി കേരളത്തെ ഭദ്രമാക്കാനുള്ള സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. കേരളം നേരിടുന്ന മൗലികമായ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാണ് ഇടതുപക്ഷജനാധിപത്യ മുന്നണി ഗവണ്മെന്റ് ബഡ്ജറ്റിലൂടെ ശ്രമിക്കുന്നത്. കാർഷികമേഖലയെ പുനരുദ്ധരിക്കാൻ 500 കോടി രൂപയുടെ ഒരു പാക്കേജ് യു.ഡി.എഫ്. ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ട് ചില്ലിക്കാശുപേലും അതിനായി നീക്കിവച്ചിട്ടില്ലായിരുന്നു. കടഭാരത്താൽ ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം വർദ്ധിച്ചു. പരമ്പരാഗത വ്യവസായമായ കശുവണ്ടി മേഖലയിൽ കഴിഞ്ഞ നാല് കൊല്ലം സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും സ്വകാര്യ മുതലാളിമാർക്ക് വഴിമാറിക്കൊടുക്കുകയും ചെയ്തു. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് ചില പ്രഖ്യാപനങ്ങൾ നടത്തിയെങ്കിലും ചില്ലിക്കാശുപോലും ആ വിഭാഗത്തിന് കൊടുത്തിട്ടില്ല. കേരളത്തിലെ പരമ്പരാഗത വ്യവസായ മേഖലയിൽ പണിയെടുക്കുന്നവരുടെ പ്രത്യാശയ്ക്ക് വക നൽകിയിരിക്കുകയാണ് ഇടതുപക്ഷജനാധിപത്യമുന്നണി ഗവണ്മെന്റ്. കേരളത്തിലെ നെൽകൃഷി, ഭക്ഷ്യധാന്യ കൃഷികൾ, തോട്ടവിളകൾ തുടങ്ങിയ അടിസ്ഥാനപരമായ കാർഷികമേഖലയിലേയ്ക്ക് മുതൽ മുടക്കാൻ 175 കോടി

രൂപയാണ് പ്രഖ്യാപിച്ചത്. വിപണിയും വില നിർണ്ണയവുമില്ലാത്തതാണ് കാർഷിക മേഖലയുടെ ഇന്നത്തെ പ്രതിസന്ധിക്ക് കാരണം. അതിനു പരിഹാരം കാണാനായി ഗവണ്മെന്റ് രണ്ട് കമ്മിഷനെ നിശ്ചയിച്ചത് സ്വാഗതാർഹമാണ്. ആഡംബര നികുതി ഏർപ്പെടുത്തിയതിനെ സ്വാഗതം ചെയ്യുന്നു. ആഡംബര നികുതി പിരിച്ചെടുത്ത് ആ തുക കാർഷിക മേഖലയിൽ മുതൽമുടക്കി കേരളത്തിലെ കൃഷിക്കാരെ രക്ഷപ്പെടുത്തണം. കർഷകത്തൊഴിലാളികളെ മറന്നുകൊണ്ട് ഒരു ഗവണ്മെന്റിനും മുന്നോട്ടു പോകാൻ പറ്റില്ല. കർഷകത്തൊഴിലാളി ക്ഷേമനിധി പുനരുദ്ധരിക്കുന്ന തിനായി 10 കോടി രൂപ നീക്കിവയ്ക്കണം. സ്വകാര്യ ആശുപത്രികളിൽ പണിയെടുക്കുന്ന ജീവനക്കാർക്ക് ക്ഷേമനിധി ഏർപ്പെടുത്തണം. വൻകിട സ്വർണ്ണവ്യാപാരികൾ മാർക്കറ്റ് കയ്യേറുമ്പോൾ പരമ്പരാഗതമായി സ്വർണ്ണപ്പണിയിൽ ഏർപ്പെട്ടിരിക്കുന്ന പതിനായിരക്കണക്കിന് തൊഴിലാളി കളുണ്ട്; അവരേയും സംരക്ഷിക്കണം. ചെറുകിട തോട്ടം തൊഴിലാളികൾ, പാഴ്സൽ കമ്പനികളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, പെട്രോൾ പമ്പുകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ, ഷോപ്പ്സ് ആന്റ് എസ്റ്റാബ്ളിഷ്മെന്റ്സ് ജീവനക്കാർ എന്നിവരുടെ ഉന്നമനത്തിനായി ക്ഷേമനിധി ഏർപ്പെടുത്തണം. സ്ക്കാറ്റേർഡ് തൊഴിലാളികൾക്ക് പരിരക്ഷ കൊടുക്കാനായി ക്ഷേമനിധിയുണ്ടാക്കുമെന്ന് പറഞ്ഞിട്ടുണ്ടെങ്കിലും ബഡ്ജറ്റിൽ അതിനായി തുകയൊന്നും വക കൊള്ളിച്ചിട്ടില്ല. അതിനുള്ള നടപടി സ്വീകരിക്കണം. കേരളത്തിലെ നെല്പ്പാടങ്ങൾ സംരക്ഷിക്കണം. കേരളത്തിൽ നിലം നികത്തലും കുഴിക്കലും തരിശിടലും കൂടിവരികയാണ്. നിയമത്തിൽ അതിനാവശ്യമായ ഭേദഗതി വരുത്തണം. ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള സുഗന്ധ നെൽകൃഷി, മെഡിസിനൽ നെൽ കൃഷി എന്നിവ

നെൽപ്പാടങ്ങൾ സംരക്ഷിക്കുന്നതിന്റെ ഭാഗമായിട്ടുള്ളതാണ്. നെല്ലുൽപ്പാദനം വർദ്ധിപ്പിച്ച് റൈസ് മില്ലുകൾ വഴി അവ സംഭരിച്ച് അരിയാക്കി മാവേലി സ്റ്റോറുകളിലൂടെ വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. നഷ്ടത്തിലായ കെ.എസ്.ഡി.പി.-യെ ലാഭത്തിലേയ്ക്ക് നയിക്കാനായി 15 കോടി രൂപ മാറ്റി വച്ചത് സ്വാഗതാർഹമാണ്. കെ.എസ്.ഡി.പി.-യുടെ പ്രവർത്തനം മരവിപ്പിച്ചുകൊണ്ട് സ്വകാര്യ കമ്പനികളിൽനിന്ന് മരുന്നുകൾ ഇറക്കുമതി ചെയ്യുകയാണ് കഴിഞ്ഞ യു.ഡി.എഫ്. ഗവണ്മെന്റ് ചെയ്തത്. പൊതുമേഖലാസ്ഥാപനങ്ങളെ തകർത്ത് തരിപ്പണമാക്കി, അഴിമതിയുടെ കൂത്തരങ്ങാക്കി മാറ്റി. നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികളെയും സംഘടനകളെയും വിളിച്ചുകൂട്ടി അവ എങ്ങനെ ആധുനികവൽക്കരിക്കാമെന്നു നോക്കണം. കണ്ണൂരിൽ 10 ഏക്കർ ഭൂമിയിൽ കൈത്തറി വ്യവസായം ആധുനികവൽക്കരിക്കാൻ ശ്രമിക്കുന്നത് നല്ല കാര്യമാണ്. കൈത്തറിത്തുണിക്ക് വിപണി കണ്ടെത്തണം. കേരളത്തിലെ മുഴുവൻ ആശുപത്രികളിലും മന്ത്രി മന്ദിരങ്ങളിലും കൈത്തറി തുണി തന്നെ ഉപയോഗിച്ചാൽ അവയ്ക്ക് നല്ല വിപണി കണ്ടെത്താൻ കഴിയും ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് ഐ.ടി.ഐ. പോലുള്ള പഠനകേന്ദ്രങ്ങളിൽ പുതിയ കോഴ്സുകൾ ആരംഭിക്കണം. ഗ്രാമീണ മേഖലയിലും ഇതര മേഖലകളിലും തൊഴിൽ കണ്ടെത്താൻ കഴിയുന്ന തരത്തിൽ ഐ.ടി.ഐ-കളെ മെച്ചപ്പെടുത്തണം. കഴിഞ്ഞ വർഷം കേരളത്തിലെ 85 എംപ്ളോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി 7500 പേർക്കാണ് തൊഴിൽ കൊടുത്തത്. പിൻവാതിൽ നിയമനങ്ങളായിരുന്നു കൂടുതലും നടന്നത്. നിയമനനിരോധനമായിരുന്നു കഴിഞ്ഞ കാലത്ത് ഉണ്ടായിരുന്നത്. അത് അവസാനിപ്പിച്ച് നിലവിലുള്ള മുഴുവൻ ഒഴിവുകളും നികത്തി

പി.എസ്.സി. വഴി നിയമനം കൊടുക്കാൻ ഈ സർക്കാർ തീരുമാനിച്ചിരിക്കുകയാണ്. ദുർബ്ബല ജനവിഭാഗങ്ങൾക്ക് പാർപ്പിടം, കുടിവെള്ളം, വൈദ്യുതി തുടങ്ങിയ ജീവിതസൗകര്യങ്ങൾ ഒരുക്കി ക്കൊടുക്കാൻ കഴിയുന്ന തരത്തിലുള്ള, കേരളത്തെ ഭദ്രമാക്കുന്ന ഒരു ബഡ്ജറ്റാണിത്.

ശ്രീ.കെ.സി.ജോസഫ്: ബഡ്ജറ്റിനെ എതിർക്കുന്നു. സാമ്പത്തിക ശാസ്ത്രജ്ഞന്റെ കാഴ്ചപ്പാടിൽനിന്ന് മാറി ഒരു രാഷ്ട്രീയപ്രസംഗമായി ബഡ്ജറ്റ് മാറി. ഗവണ്മെന്റിന്റെ നയങ്ങൾ നയപ്രഖ്യാപനപ്രസംഗത്തിലാണ് പറയേണ്ടത്. ഈ ബഡ്ജറ്റിലെ നാല് ഭാഗങ്ങളിൽ ഒന്നും നാലും ഭാഗങ്ങൾ രാഷ്ട്രീയ പ്രസംഗം മാത്രമാണ്. Budget is the annual financial statement എന്നാണ് ഭരണഘടനയുടെ ആർട്ടിക്കിൾ 202-ൽ പറയുന്നത്. എന്നാൽ ഈ ബഡ്ജറ്റിന്റെ ഗണ്യഭാഗവും യു.ഡി.എഫ്-നെ കുറ്റപ്പെടുത്താൻ വേണ്ടിമാത്രമാണ് വിനിയോഗിച്ചിരിക്കുന്നത്. മൂന്നു രൂപയ്ക്ക് ഒരുകിലോ അരി നൽകുന്നതിനുള്ള പദ്ധതിക്ക് രൂപ വകയിരുത്തിയിട്ടില്ലെന്നു പറഞ്ഞു. എന്നാൽ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റിൽ ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബങ്ങൾക്ക് അന്ത്യോദയ-അന്നപൂർണ്ണ പദ്ധതിയിലുൾപ്പെടുത്തി 10 കോടിരൂപ വകയിരുത്തുന്നു എന്നുപറഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. ഗവൺമെന്റ് പെൻഷൻ കുടിശ്ശികകൾക്കും കരാറുകാരുടെ കുടിശ്ശികകൾക്കും തുക വകയിരുത്താതെ എല്ലാം തമസ്ക്കരിച്ചു എന്നു പറഞ്ഞു. എൽ.ഡി.എഫ്. ഗവൺമെന്റ് അവതരിപ്പിച്ച ബഡ്ജറ്റിൽ അധിക വിഭവ സമാഹരണത്തിനായി 228.28 കോടി രൂപയുടെ ചെലവുകൾ പ്രഖ്യാപിച്ചിട്ട് 105 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. ഈ

ബഡ്ജറ്റിലെ കമ്മി ഏതാണ്ട് 716.56 കോടി രൂപ മാത്രമാണ്. ശമ്പള പരിഷ്ക്കരണത്തിനുവേണ്ടി ഇനിയും 1400 കോടിയോളം രൂപ വകയിരുത്താനുണ്ട്. ധനകാര്യവകുപ്പുമന്ത്രി ശരിയായ കണക്കു പറയാതെ സഭയെ മിസ്ലീഡ് ചെയ്യുന്നു. കേരളത്തിലുണ്ടായ സാമൂഹ്യ പുരോഗതിക്കും കേരള മോഡൽ വികസനത്തിനുമെല്ലാം ഉത്തരവാദികൾ മാർക്സിസ്റ്റു കാരാണെന്നാണ് പറയുന്നത്. കേരളപ്പിറവിക്കുശേഷം വെറും 16 വർഷം മാത്രമാണ് സി.പി.ഐ.(എം) ഭരണത്തിലുണ്ടായിരുന്നത്. ബാക്കി 32 വർഷവും ഒന്നുകിൽ കോൺഗ്രസ് അല്ലെങ്കിൽ കോൺഗ്രസ്സിന് മുഖ്യ പങ്കാളിത്തമുള്ള ഗവൺമെന്റാണ് ഭരിച്ചത്. അതുകൊണ്ട് കേരളത്തിലുണ്ടായിട്ടുള്ള എല്ലാ കുതിപ്പിലും കിതപ്പിലും എല്ലാവർക്കും ഉത്തരവാദിത്വമുണ്ട്. കാർഷിക മേഖലയ്ക്കായി രണ്ട് കമ്മിഷനുകളെ വച്ചിട്ടുണ്ട്. ഇവിടെ കമ്മിഷനല്ല വേണ്ടത്, കർഷകർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനാവശ്യമായ നടപടികളാണ് വേണ്ടത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ ബഡ്ജറ്റിൽ കർഷക പെൻഷനുവേണ്ടി 10 കോടി രൂപ മാറ്റിവച്ചിരുന്നു. പ്രതിവർഷം രണ്ടുഗഡുക്കളായി 1000 രൂപ കൊടുക്കാനാണ് തീരുമാനിച്ചിരുന്നത്. മലബാറിലെ മഞ്ഞളിപ്പുരോഗം ബാധിച്ച കവുങ്ങുകൾ മുഴുവൻ വെട്ടിമാറ്റുന്നതിന് മരം ഒന്നിന് 100 രൂപ കഴിഞ്ഞ ബഡ്ജറ്റിൽ നഷ്ടപരിഹാരം പ്രഖ്യാപിച്ചിരുന്നു. 105 ഗ്രൂപ്പ് ഫാമിംഗ് നെൽ കർഷകർക്കു വേണ്ടി പ്രൊഡക്ഷൻ ബോണസ് പ്രഖ്യാപിച്ചിരുന്നു. വയനാട്ടിലെ ഭക്ഷ്യസംസ്ക്കരണ പാർക്കിന് ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. എൽ.ഡി.എഫ്. ഗവൺമെന്റ് തീരദേശ മേഖലയ്ക്കു വേണ്ടി 3000 കോടി രൂപയുടെ പദ്ധതി പ്രഖ്യാപിച്ചിട്ട് ബഡ്ജറ്റിൽ ഒരുപൈസപോലും

മാറ്റിവച്ചിട്ടില്ല. ഇവിടെ റബ്ബറിന് നൂറുരൂപയിൽ കൂടുതൽ വിലയുണ്ടെങ്കിൽ സെസ്സ് ഏർപ്പെടുത്തു മെന്നുപറഞ്ഞു. റബ്ബറിന്റെ വില കുറഞ്ഞുപോയാൽ അവ സംഭരിക്കാൻ കഴിയില്ല. കെ.എസ്.ഡി.പി.ക്ക് രണ്ടരക്കോടി രൂപ അനുവദിക്കുമെന്നു പറഞ്ഞിട്ട് മൂന്നുകോടി രൂപ കൊടുത്തു. റീഹാബിലിറ്റേഷൻ സ്കീമാണെങ്കിൽ മുഴുവൻ എമൗണ്ടും കൊടുക്കണം. കണ്ണൂർ എയർപോർട്ടിന്റെ പ്രവർത്തനം ത്വരിതപ്പെടുത്തുന്നുവെന്ന് പറഞ്ഞിട്ടു ണ്ടെങ്കിലും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ല. ഈ ബഡ്ജറ്റിൽ മലയോര മേഖലയെ അവഗണിച്ചിരിക്കുന്നു. കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരം ജില്ലവരെയുള്ള ഹിൽഹൈവേ പ്രോജക്ട് പൂർത്തിയാക്കാനുള്ള യാതൊരു പദ്ധതിയും അലോക്കേഷനും ഈ ബഡ്ജറ്റിലില്ല. കോടിയേരിയിലെ മലബാർ ക്യാൻസർ സെന്ററിന് കേന്ദ്രം നൽകിയ 5 കോടി രൂപ അനുവദിക്കുന്നു എന്നാണ് ബഡ്ജറ്റിൽ പറഞ്ഞിരിക്കുന്നത്. ഈ ബഡ്ജറ്റ് ഒരു തമസ്ക്കരണമാണ്. യാഥാർത്ഥ്യങ്ങളെ വളച്ചൊടിച്ച് മുൻ ഗവൺമെന്റിനെ കുറ്റം പറയാനുള്ള രാഷ്ട്രീയ ആയുധമാക്കി ഈ ബഡ്ജറ്റിനെ മാറ്റിയിരിക്കുന്നു.

സഭ വൈകുന്നേരം 5.15-ന് പിരിഞ്ഞു.